# ഉണർവ്

ഉർവ്വരതയുടെ ഹൃദയത്താളം



ഫാത്തിമ


റീജ്യണൽ ഇൻസ്റ്റിറ്റ്യൂട്ട് മെഡിക്കൽ ആൻ്റ്
റിഹാബിലിറ്റേഷൻ സെൻ്റർ
ഇരിങ്ങാലക്കുട
REGIONAL INSTITUTE FOR PHYSICAL MEDICINE AND REHABILITATION
7(a)

# ഉള്ളടക്കം.


1. ആമുഖം - ദിവ്യ ബിജു (എഡിറ്റർ) - 1
2. ലോക സെറിബ്രൽ പാൾസി ദിനാചരണം- റിപ്പോർട്ട് - സിന്ധു. N.R. - 3
3. സ്നേഹിച്ചു തീർത്തിരുന്നെ (കഥ) - സ്റ്റെല്ല ജോസി - 14
4. ഡിസംബർ രാവിലെ ഓർമ്മകൾ (കഥ) - പ്രിയ ശിവൻ - 20
5. മണ്ണിന്റെ മലിനീകരണം. നാടിന്റെ ബലക്ഷയം. (ലേഖനം) - കൃഷ്ണകുമാരി - 25
6. ഈ നാട് ഇനിയെങ്കിലും ഉണരട്ടെ (ലേഖനം) - ഗീത കൃഷ്ണകുമാർ - 30
7. ശുചിത്വ കേരളം ആരോഗ്യ കേരളം - ധന്യ വിൽസൺ - 32
8. பூஜிக்க வேண்டியவள் தாய் - സുധ. M. - 36
9. மனிதனிடம் இருக்கக் கூடாத குணங்கள் - സുധ. M. - 38
10. ഹജ്ജ് - പുണ്യതീർത്ഥാടനത്തിന്റെ വൈശിഷ്ട്യം - ജാസ്മിൻ അൻവർ - 41
11. ഒരു നേർത്ത തെന്നൽ (കഥ) - സിന്ധു. N.R. - 50
12. ആത്മഗതം (കവിത) - ദിവ്യ ബിജു - 56
13. ഈ ലോകം കൗതുകങ്ങളുടെ കലവറയാണ് - ഗീത ബാബു - 60

14. ക്രിസ്മസ് - അർത്ഥവും ആചാരങ്ങളും - സ്റ്റെല്ല ജോബി - 63

15. വർഗ്ഗശത്രുതയിലൊതുങ്ങുന്നവർ (ലേഖനം) - പ്രിയ ശിവൻ - 72

16. ഓന്തിന് നിറം കിട്ടിയത് (പുരാണ കഥ) - ഉഷ.K.R - 74

17. നവഭാരത ശില്പി - ധന്യ വിൽസൺ - 78

18. അക്കങ്ങള - ശില്പ കൃഷ്ണകുമാർ, സീനത്ത്.P.A - 79

19. സായാഹ്നം (കവിത) - സിന്ധു.N.R. - 83

20. ജയ് ഹിന്ദ് - സന്ധ്യ ഏബി - 85

21. കേരളപ്പിറവിയുടെ വഴിത്താരകൾ - സിന്ധു.N.R - 90

22. മഹാദേവ് ഭൂഷണിന്റെ ജീവിത സൂചികകൾ - നിഷ ബിജു - 114

23. Moon (കവിത) - മഞ്ജു കൃഷ്ണകുമാർ - 117

24. ഒരു സൂര്യൻ ഒരുഭൂമി ഒരു വായു മനുഷ്യന് - ജ്യോതി.M.R. - 119

25. മദ്യം വിഷമാണ് (ലേഖനം) - സ്റ്റെല്ല ജോബി - 123

26. ഗാന്ധിജി- ഭൂഖണ്ഡങ്ങളെ സ്വാധീനിച്ച വ്യക്തി - ജാസ്മിൻ അൻവർ - 127

27. Fear is our worst enemy - M.സുധ. - 134

28. ലോകമനസ്സാക്ഷിക്ക് മാപ്പില്ല - ദിവ്യ ബിജു. - 138

29. വസ്ത്രനിർമ്മാണ കല - ജാസ്മിൻ അൻവർ - 139

# ആമുഖം.

ദിവ്യ ബിജു.

ജനനത്തിനും മരണത്തിനുമിടയ്ക്കുള്ള സംഭവബഹുലമായ ജീവിതത്തിലെ, സംഘർഷങ്ങളും മനസ്സിനെ അഗാധമായി സ്പർശിച്ച സംഭവങ്ങളും ഹൃദയത്തിൽ വിങ്ങി നിൽക്കുന്ന വൈകാരിക ഭാവങ്ങളും, ഉള്ളിൽ മൊട്ടിടുന്ന നൂതനവും സുന്ദരവും മാനവികത നമ്മെ ഭരിക്കുന്നതുമായ ആശയങ്ങളും പകർത്താനുള്ള അനായാസ്യവും, സാധാരണക്കാരുമായി സംവേദ്യവുമായ ഒരു ആവിഷ്കാര സ്വാതന്ത്ര്യമാണല്ലോ സാഹിത്യം. ഇന്നത് ഇന്നത് പോലെയേ രചിക്കാവൂ എന്ന തരത്തിലുള്ള ഒരു ചട്ടക്കൂടിനുള്ളിലല്ല അതിന്റെ രചന. എഴുതപ്പെട്ടിട്ടുള്ളവയെ വേർതിരിച്ച് ചില വിഭാഗങ്ങളിൽ പെടുത്തുകയാണ് ചെയ്തിരിക്കുന്നത്. മനസ്സിനുള്ളിൽ രൂപപ്പെടുന്ന ആശയത്തെ അതിന്റെ ശരിയായ അർത്ഥത്തിൽ, ഗ്രാഹ്യമാകുന്ന വിധം പ്രതിഫലിപ്പിക്കാനുതകും വിധത്തിൽ വാക്കുകൾ രൂപപ്പെടുന്നതുവരെ അത് നമ്മുടെയുള്ളിൽ 'ഭ്രൂണം ഗർഭാവസ്ഥ'യിലെന്ന പോലെ വളർച്ച പ്രാപിക്കുന്നു. പൂർണ്ണ വളർച്ചയെത്തിയുള്ള ബഹിർഗമനമാണ് ഒരു പ്രത്യേക വിഭാഗത്തിലേക്ക് ചേർക്കാവുന്ന സൃഷ്ടിയാകുന്നത്. മഹത്തായ ആശയങ്ങളെന്ന് അവകാശപ്പെടാനില്ലെങ്കിലും ഞങ്ങൾക്ക് പറയാനുള്ള അറിയുന്നതായ കാര്യങ്ങൾ പല രൂപത്തിൽ ഈ പുസ്തകത്താളുകളിൽ പകർത്തുകയാണ് ഞങ്ങൾ. സഹൃദയത്തോടെ സ്വീകരിക്കുമെന്ന് കരുതുന്നു.





ലോക സെറിബ്രൽ പാൾസി ദിനാചരണം ബഹു. തൃശ്ശൂർ ജില്ലാ കളക്ടർ ഡോ. എ. കൗശിഗൻ IAS നിർവ്വഹിക്കുന്നു.

# ലോക സെറിബ്രൽ പാൾസി ദിനാചരണം - റിപ്പോർട്ട്

സിന്ധു. എൻ. ആർ

## സെറിബ്രൽ പാൾസി :-

ജനിതകമായ പ്രശ്നങ്ങൾ, ഗർഭകാലത്തോ, പ്രസവസമയത്തോ, ശൈശവദശയിലോ മസ്തിഷ്ക കോശങ്ങൾക്ക് സംഭവിക്കുന്ന ക്ഷതം, പേശീചലനത്തെയും, സ്വാഭാവിക പ്രക്രിയകളെയും പ്രതികൂലമായി ബാധിക്കുന്ന അതായത് ചികിത്സക്ക് വിധേയമല്ലാത്തതും, കൂടുതൽ മൂർച്ഛിക്കാത്തതുമായ ഒരു അവസ്ഥയാണ് മസ്തിഷ്ക തളർവാതം അഥവാ സെറിബ്രൽ പാൾസി. ഇന്ത്യയെപ്പോലുള്ള വികസ്വര രാജ്യത്ത് 1000 കുട്ടികൾ ജനിക്കുമ്പോൾ 3 കുട്ടികൾ സെറിബ്രൽ പാൾസി ബാധിതരാകുന്നുവെന്നതാണ് നഗ്നസത്യം.

## ലോക സെറിബ്രൽ പാൾസി ദിനം :-

ലോകാരോഗ്യസംഘടനയുടെ കണക്കനുസരിച്ച് ലോകത്തിലെ മൊത്തം ജനസംഖ്യയുടെ 10 ശതമാനം വിഭിന്ന ശേഷിയുള്ളവരാണ്. ഇതിൽ 15 മുതൽ 20 % വരെ കുട്ടികൾ (ഇന്ത്യയിൽ)

സെറിബ്രൽ പാൾസി രോഗാവസ്ഥയാൽ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നവരാണ്. പ്രസ്തുത വ്യക്തികളുടെ ജീവിതവും, നിലനിൽപ്പും സമൂഹത്തിന്റെ ഉത്തരവാദിത്വമാണെന്ന് ലോക ജനതയെ ഉദ്ബോധനം ചെയ്യുക എന്ന ദീർഘ വീക്ഷണത്തിലാണ് ലോക സെറിബ്രൽ പാൾസി ദിനമായി ഒക്ടോബർ മാസത്തിലെ ആദ്യ ബുധനാഴ്ചയെ തെരഞ്ഞെടുത്ത്, സമുചിതമായി ആഘോഷിക്കപ്പെടുന്നത്.

## റീജ്യണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഫിസിക്കൽ മെഡിസിൻ ആന്റ് റീഹാബിലിറ്റേഷൻ – ലോക സെറിബ്രൽ പാൾസി ദിനാചരണം :-

സെറിബ്രൽ പാൾസി ബാധിതരായ കുട്ടികളുടെ ജീവിത പ്രശ്നങ്ങൾ മനസ്സിലാക്കി, പരിചരിക്കുന്നവർക്ക് പ്രത്യേക പരിശീലനം കൊടുക്കുകയെന്ന ലക്ഷ്യത്തോടെ തിരുവനന്തപുരം നിഷ്, തൃശ്ശൂർ ഗവ: മെഡിക്കൽ കോളേജ്, സംസ്ഥാന ആരോഗ്യവകുപ്പ്, മൊബിലിറ്റി ഇന്ത്യ, നാഷണൽ ട്രസ്റ്റ് എന്നിവയുടെ സഹകരണത്തോടെയാണ് വിവിധ സെമിനാറുകൾ, പ്രദർശന പരിപാടികൾ, മെഡിക്കൽ ക്യാമ്പ് എന്നിവ RIPMR ൽ 1.10.2015 മുതൽ 8.10.2015 വരെ സമുചിതമായി ആചരിച്ചു.

ലോക സെറിബ്രൽ പാൾസി ദിനമായ ഒക്ടോബർ 7 ന് ബഹുമാനപ്പെട്ട തൃശ്ശൂർ ജില്ലാ കളക്ടർ

ഡോ. എ. കൗശിഗൻ ഐ.എ.എസ്, ഡയറക്ടർ ഡോ. സാമുവൽ .എൻ. മാത്യു അദ്ധ്യക്ഷനായ ചടങ്ങിന്റെ ഉദ്ഘാടന കർമ്മം നിർവ്വഹിച്ചു.

സംസ്ഥാന സാമൂഹ്യനീതി വകുപ്പിന്റെ കീഴിലാണ് RIPMR പ്രവർത്തിക്കുന്നത്. സെറിബ്രൽ പാൾസി ബാധിതരായ കുട്ടികളുടെ ശേഷി വർദ്ധിപ്പിക്കുക, കൃത്യമായ പരിശീലനം കൊടുക്കുക, പുനരധിവാസം, ശ്രവണ- സംസാര ശേഷികളോടൊപ്പം കുട്ടികളുടെ ശേഷി വർദ്ധിപ്പിക്കുക, കുട്ടികളുടെയും, മുതിർന്നവരുടെയും ഫിസിയോതെറാപ്പി സേവനം, എന്നിങ്ങനെ വിവിധ ദിശകളിൽ ഏകോപിപ്പിച്ചിട്ടുള്ള പ്രവർത്തനലക്ഷ്യങ്ങളോടു കൂടിയ സ്ഥാപനം നാളിതുവരെ പ്രവർത്തിച്ചു വരുന്നത്.

## സെമിനാറുകൾ :-

ലോക സെറിബ്രൽ പാൾസി ദിനാചരണത്തിന്റെ ഭാഗമായി 1-10-2015 മുതൽ 8.10.2015 വരെ വിവിധ വിഷയങ്ങളെ സംബന്ധിച്ച് സെമിനാറുകൾ RIPMR ന്റെ സെമിനാർ ഹാളിൽ നടന്നു. ആദ്യ ദിവസമായ 1.10.2015 വ്യാഴാഴ്ച "സെറിബ്രൽ പാൾസി ബാധിതരായ കുട്ടികൾക്ക് ആശയവിനിമയത്തിനായി ഉപയോഗിക്കുന്ന ഉപകരണങ്ങളെ സംബന്ധിച്ച ശിൽപ്പശാലയാണ് നടന്നത്. തിരുവനന്തപുരം 'NISH' എന്ന സ്ഥാപനത്തിലെ ഓഡിയോളജിസ്റ്റ് ആൻഡ് സ്പീച്ച് ലാംഗ്വേജ് പത്തോളജിസ്റ്റ്

വിനീത സാറ ഫിലിപ്പാണ് പ്രസ്തുത വിഷയത്തിൽ വിഷയാവതരണം നടത്തിയത്. 106 പേർ പങ്കെടുത്ത സെമിനാറിൽ Communication board തയ്യാറാക്കുന്ന വിധം, അതിന്റെ ആവശ്യകത, ആശയവിനിമയരംഗത്തെ നൂതന മാർഗ്ഗങ്ങൾ, ആവാസ് എന്നിവയെക്കുറിച്ച് സവിസ്തരം പ്രതിപാദിക്കുകയുണ്ടായി. ആശയവിനിമയത്തിനുള്ള പുത്തൻ ഉപാധികൾ രോഗാവസ്ഥയിൽ കഴിയുന്ന വ്യക്തികൾക്ക് ഏറ്റവും അനുയോജ്യമായ രീതിയിൽ തയ്യാറാക്കാം, തയ്യാറാക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, സാമൂഹ്യ ചുറ്റുപാടിൽ പ്രസ്തുത രീതിയുടെ സ്വീകാര്യത, വ്യക്തിയുടെ ആശയവിനിമയശേഷിയുടെ ഉദാത്തത, അതുവഴി ആ വ്യക്തിയുടെ മാനസികവും ശാരീരികവുമായ ഉന്മേഷാവസ്ഥ എന്നിവയെക്കുറിച്ചുമാണ് സെമിനാർ ചർച്ച ചെയ്തത്. വിവിധ ആശയവിനിമയോപാധികൾ വ്യത്യസ്ത പ്രായത്തിലുള്ള കുട്ടികളിൽ എങ്ങനെ അനുയോജ്യമെന്ന് പഠനത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചതും, പ്രസ്തുത video clip കളുടെ പ്രദർശനവും ഓരോ വ്യക്തിയോടു സംവദിച്ചും ഏറെ പഠനാർഹവും, ഉണർവും നൽകുന്നതുമായിരുന്നു. 2 മണിക്കൂർ നീണ്ടു നിന്ന അവതരണം, ചർച്ചാ സംവാദത്തിൽ നിന്നും ആദ്യ ദിവസം ഏറെ പ്രശംസ പറ്റിയതായിരുന്നു. ചർച്ചകളിൽ സജീവമായി അംഗങ്ങൾ പങ്കെടുക്കുകയും സെമിനാർ ഗംഭീര വിജയമാക്കുകയും ചെയ്തു.

## ഗാന്ധിജയന്തി – ശുചീകരണ പ്രവർത്തനങ്ങൾ

സെറിബ്രൽ പാൾസി വാരാചരണത്തിൽ ഒക്ടോബർ 2, ഗാന്ധിജയന്തി - ശുചീകരണ പ്രവർത്തനങ്ങൾ സ്ഥാനങ്ങൾ ചെയ്യാൻ പിടിച്ചു. ഇരിങ്ങാലക്കുട - ചാലക്കുടി റൂട്ടിലെ ഏറെ അപകടം പിടിച്ച വളവിലാണ് RIPMR സ്ഥാപനത്തിന്റെ മതിൽക്കെട്ട് അവസാനിക്കുന്നത്. നിരന്തരമായി അപകടങ്ങൾ ഉണ്ടാകുന്ന ആ വളവിലെ പാഴ്ച്ചെടികളും, കൈത്തോടിന്റെ ഓരവും വൃത്തിയാക്കി കൊണ്ടാണ് ഈ ദിനം സമുചിതമായി ആചരിച്ചത്.

### സെറിബ്രൽ പാൾസി വാരാചരണം :-

### സെമിനാർ 2-ാം ദിവസം :-

ഓരോ കുട്ടിയും വ്യത്യസ്തരാണ്. അവരുടെ അനുഭവങ്ങളും വ്യത്യസ്തമാണ്. ജനിതകഘടനയോടൊപ്പം ചുറ്റുപാടും അവന്റെ സ്വഭാവത്തെ കാര്യമായിത്തന്നെ ബാധിക്കുന്നുണ്ട്. 'സെറിബ്രൽ പാൾസി ബാധിതരായ കുട്ടികളിലെ സ്വഭാവ പ്രശ്നങ്ങളും, പ്രത്യേക പരിശീലനത്തിന്റെ പ്രാധാന്യവും' എന്ന വിഷയത്തിൽ പരണാക്കും, മട്ടാഞ്ചേരി രക്ഷാ സ്പെഷ്യൽ സ്കൂൾ പ്രിൻസിപ്പാളും പ്രൊജക്ട് കോർഡിനേറ്ററുമായ ശ്രീമതി ഷെലിസാന്ത് ഫിലിപ്പ് വിഷയാവതരണം നടത്തി. വ്യത്യസ്തമായ അനുഭവ ശൈലിയിലൂടെയാണ് വിഷയം അവതരിപ്പിക്കപ്പെട്ടത്.

കുട്ടികളിലെ ഏതുതരത്തിലുള്ള സ്വഭാവ പ്രശ്നങ്ങൾക്കും ആദ്യം ചികിത്സ വേണ്ടത് മാതാപിതാക്കൾക്കും, അവരോട് ചൂടുപാടിനമാണെന്ന വഴിയൊരു തരം മുന്നിൽ അവതരിപ്പിച്ചുകൊണ്ടാണ് അവർ സംസാരിച്ചത്. കുട്ടികളുടെ സ്വഭാവ വൈകല്യങ്ങളെ സംബന്ധിച്ച് മാതാപിതാക്കൾ ഏറെ സംശയങ്ങൾ ഉന്നയിച്ചു.

**പ്രദർശനം:- 5.10.2015 തിങ്കൾ.**

ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളേജ് അങ്കണത്തിൽ 'കുട്ടികളുടെ പരിമിതശേഷിയും പരിഹാരമാർഗ്ഗങ്ങളും' എന്ന വിഷയത്തെ മുൻനിർത്തി ആശയങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള പ്രദർശനം നടന്നു. ഇന്ന് അനുഭവിച്ചുകൊണ്ടിരിക്കുന്ന വിവിധ വൈകല്യങ്ങൾ കാണിച്ചുകൊണ്ടുള്ള ചാർട്ടുകളാണ് പ്രദർശനത്തിൽ ഉൾപ്പെടുത്തിയിരുന്നത്.

**സെമിനാർ :- 3-ാം ദിവസം**

മനുഷ്യവികാസചരിത്രത്തിലെ നാഴികക്കല്ലാണ് രണ്ടുകാലിൽ നിവർന്നു നടക്കാൻ കഴിഞ്ഞത്. അതു പോലെത്തന്നെ സ്വതന്ത്രമായ കൈകളും. മറ്റൊരു വികാസ ചരിത്രമാണ് ചിന്തകളുടേത്. മനുഷ്യ പരിണാമ ചരിത്രം പരിശോധിച്ചാൽ ആധുനിക സാങ്കേതികവിദ്യയുടെ തൊട്ടടുത്തുമായി നിൽക്കുന്ന വൃദ്ധശരീരനായ മനുഷ്യജീവിയെ കാണാം.

എന്നാൽ ഭിന്നശേഷി വിഭാഗത്തിൽ
പെട്ട നമ്മുടെ മക്കൾ ഇന്നത്തും ഈ ലോകത്തുണ്ട്. ഒരു രണ്ടാം തരം പൗരന്മാരെന്ന നിലയിലേക്ക് ഇവരെ താഴ്ത്തിക്കെട്ടുന്നതാണ് ചിന്തിക്കുന്ന ഒട്ടനവധി ഹൃദയമുള്ള മനുഷ്യർ ഇവർക്കാവശ്യമായ ഉപകരണങ്ങൾ വികസിപ്പിച്ചെടുക്കുന്നുണ്ട്. ബാംഗ്ലൂരിൽ പ്രവർത്തിക്കുന്ന 'മൊബിലിറ്റി ഇന്ത്യ' എന്ന സ്ഥാപനം ഇതിൽ പ്രഥമ സ്ഥാനത്ത് ഉള്ള ഒന്ന് തന്നെയാണ്. പ്രസ്തുത സ്ഥാപനത്തിലെ സംസ്ഥാന കോർഡിനേറ്റർ ശ്രീ. ആഷിക് ആണ് 'ഭിന്ന ശേഷിയുള്ളവർക്കായുള്ള ഉപകരണങ്ങളുടെ വികസനം' എന്ന വിഷയം അവതരിപ്പിച്ചത്. Video clip കളുടെ സഹായത്തോടെ വിവിധ special chair-കൾ, വാക്കറുകൾ, വീൽ ചെയർ എന്നിവ പരിചയപ്പെടുത്തി. 146 ഓളം പേർ പങ്കെടുത്ത ക്ലാസ്സിൽ വീൽചെയറിന് നിരവധി പേർ ഓർഡർ കൊടുക്കുകയും, ഒട്ടനവധി പേർക്ക് ഈ സെമിനാർ സഹായമാവുകയും ചെയ്തു. മൊബിലിറ്റി ഇന്ത്യയുടെ റീജ്യണൽ മാനേജർ ശ്രീ. ജോൺസൺ സെമിനാറിൽ പങ്കെടുത്തു. ഭിന്നശേഷിയുള്ളവരുടെ മാതാപിതാക്കൾ, special school teachers എന്നിവർ ഈ സെമിനാറിൽ പങ്കെടുത്തത്, വിജയിപ്പിച്ചു.

# ലോക സെറിബ്രൽ പാൾസി ദിനം

## സെമിനാർ , മെഡിക്കൽ ക്യാമ്പ്

ഒക്ടോബർ മാസത്തിലെ ആദ്യ ബുധനാഴ്ചയാണ് ലോക സെറിബ്രൽ പാൾസി ദിനം. സെറിബ്രൽ പാൾസി അവസ്ഥയിലുള്ള വ്യക്തികളെ ഓർക്കാനും, അവർക്കൊപ്പം അവരുടെ പ്രശ്നങ്ങളെ മനസ്സിലാക്കാനും, ജീവിതത്തിന്റെ ഉച്ചിയിലേക്ക് അവരെ കൈപിടിച്ചുയർത്താനും ഉദ്ദേശിച്ചുകൊണ്ടാണ് ഓരോ സെറിബ്രൽ പാൾസി ദിനവും ആഘോഷിക്കപ്പെടുന്നത്. വികസിത രാജ്യങ്ങൾ വൈകല്യമുള്ള വ്യക്തികളുടെ വ്യക്തിത്വത്തെ അംഗീകരിക്കാൻ ഉത്സുകരാകുമ്പോൾ , വികസ്വര രാജ്യങ്ങൾ ഇതിനെതിരെ കണ്ണും, മനസ്സും തിരിക്കുകയാണ്. ജീവിതത്തിന്റെ പരിതാപം, നിത്യഹരിത ഓർമ്മകളും ഇല്ലാതെ ജീവിതം കൽത്തുറുങ്കുപോലെയാകുന്ന വിഭിന്ന ശേഷിയുള്ളവരെ ഏറ്റെടുക്കേണ്ടത് വർത്തമാന സമൂഹത്തിന്റെ ഉത്തരവാദിത്വമാണ്.

7.10.2015 ബുധനാഴ്ച RIPMR അങ്കണത്തിൽ ബഹുമാനപ്പെട്ട ഡോ. സാമുവൽ . N. മാത്യുവിന്റെ അദ്ധ്യക്ഷതയിൽ ബഹു. ജില്ലാ കളക്ടർ ഡോ. എ. കൗശിഗൻ . IAS സെറിബ്രൽ പാൾസി ദിനം ഔപചാരികമായി ഉദ്ഘാടനം ചെയ്തു. സമൂഹത്തിൽ ഉന്നത നിലവാരത്തിലേക്ക് വിഭിന്നശേഷി

യൂണിറ്റുവരെ ഉയർത്തുന്നതിനായി ജില്ലാ കളക്ടർ എന്ന നിലയ്ക്ക് തന്റെ ഔദ്യോഗിക പദവിയിലിരുന്നുകൊണ്ട് പുതിയ പദ്ധതികൾക്ക് രൂപം നൽകുമെന്ന് അദ്ദേഹം പ്രഖ്യാപിച്ചു. ഉദ്ഘാ ഉദ്ഘാടന ചടങ്ങിൽ RIPMR മാനേജർ എം. എം. ഷറഫുദ്ദീൻ സ്വാഗതവും, ഫിസിയോതെറാപ്പി HOD ജിയോ ജോയ് നന്ദി പറഞ്ഞു.

ശ്രവ്യ സ്പെഷ്യൽ സ്കൂൾ അധ്യാപകർ, വാളൂർ ഓട്ടിസം സെന്റർ അധ്യാപകർ, ഇരിങ്ങാലക്കുട സെന്റ് ജോസഫ് കോളേജ് അധ്യാപകരും, കുട്ടികളും, തൃശ്ശൂർ സെന്റ് തോമസ് കോളേജ് വിദ്യാർത്ഥികൾ, ബി. ആർ. സി അധ്യാപകർ, വിഭിന്ന ശേഷിയുള്ള കുട്ടികളുടെ മാതാപിതാക്കൾ എന്നിങ്ങനെ 252 പേർ സെമിനാറിൽ പങ്കെടുത്തു. ഉദ്ഘാടനം കഴിഞ്ഞ് 'സെറിബ്രൽ പാൾസിയും, ഫിസിയോതെറാപ്പിയും' എന്ന വിഷയത്തിൽ ഇരിങ്ങാലക്കുട താലൂക്ക് ഹോസ്പിറ്റൽ ഫിസിയോതെറാപ്പിസ്റ്റ് വിനീഷ്. പി. പങ്കൻ വിഷയാവതരണം നടത്തി. തിരുവനന്തപുരം, നിഷിലെ ഓഡിയോളജിസ്റ്റ് & സ്പീച്ച് ലാംഗ്വേജ് പാത്തോളജിസ്റ്റ് ശ്രീമതി. സ്വാതി. ജി സെറിബ്രൽ പാൾസിയും സ്പീച്ച് തെറാപ്പിയും എന്ന വിഷയത്തെ സംബന്ധിച്ച് ക്ലാസെടുത്തു. തുടർന്ന് നടന്ന ചർച്ചയിൽ സജീവമായി അംഗങ്ങൾ പങ്കെടുത്തു. ഉച്ചഭക്ഷണത്തിനുശേഷം ആകെ ദ്വിദിശയിലുള്ള ആശയവിനിമയ മായിരുന്നു.

പൂങ്കുന്നത്തുകാവ്, ഗവ: മെഡിക്കൽ കോളേജ് അഡീഷണൽ പ്രൊഫസർ ഡോ. പാർവ്വതി മോഹൻ, ജൂനിയർ ജനറൽ ഹോസ്പിറ്റൽ ഇ.എൻ.ടി സ്പെഷ്യലിസ്റ്റ് ഡോ. വി. ജിത, ഇരിങ്ങാലക്കുട ഗവ: ഹോസ്പിറ്റൽ ശിശുരോഗ വിദഗ്ധൻ ഡോ. ലോഹിതാക്ഷൻ. പി. ജി എന്നിവർ സെറിബ്രൽ പാൾസി ബാധിതരായ കുട്ടികൾക്കുള്ള മെഡിക്കൽ ക്യാമ്പ് കൈകാര്യം ചെയ്തു:

സെമിനാർ:-

നമ്മുടെ സമൂഹം വിഭിന്നശേഷിയുള്ളവർക്കായി, അവരുടെ സുരക്ഷക്കായി ഒട്ടനവധി നിയമങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. നിയമങ്ങളെക്കുറിച്ചും, അവകാശങ്ങളെക്കുറിച്ചും നാഷണൽ ട്രസ്റ്റ് [illegible] കോർഡിനേറ്റർ ശ്രീ. വേണുഗോപാലൻ നായർ വിശദീകരണം നടത്തി. ലീഗൽ ഗാർഡിയൻ ഷിപ്പ്, നിരാമയ ഇൻഷുറൻസ് സ്കീം എന്നിവയെക്കുറിച്ച് കൃത്യമായ രീതിയിലുള്ള വിവരണം ഏറെ വിജ്ഞാനം നൽകുന്നതായിരുന്നു. വിഭിന്നശേഷിയുള്ളവരുടെ മാതാപിതാക്കളുടെ ആശങ്കകളും, പ്രതീക്ഷകളും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള അവതരണം ഏറെ ഉപകാരപ്രദമായിരുന്നു.

പൊതു സമൂഹത്തിന്റെ കാഴ്ചപ്പാടുകൾ വിശാലമാക്കാനുതകുന്ന പരിപാടികളുടെ ഭാഗമായി റീജ്യണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഫിസിക്കൽ മെഡിസിൻ ആന്റ് റീഹാബിലിറ്റേഷൻ സെന്ററിലേക്ക് [illegible] യാത്ര നടത്തുന്നു..



with P.P
Aswathy

# സ്നേഹിച്ചു കൊതിതീരാതെ .....

ജെസ്ന ബേബി

ജീവിതത്തിൽ അന്യമായിരുന്ന സുഖവും സന്തോഷങ്ങളും സോനക്കു സുപരിചിതങ്ങളായി. ഒത്തിരി പ്രതീക്ഷകളും അതിലേറെ സ്വപ്നങ്ങളും ഉള്ളിൽ നിറച്ച് സോനയുടെയും സഞ്ജിയുടെയും കൊച്ചു ജീവിതം മുന്നോട്ട് പോയികൊണ്ടിരിന്നു. ഇന്ന് അവർക്ക് താര എന്ന അഞ്ചു വയസ്സുകാരി മകളുണ്ട്.

അന്ന് സന്ധ്യയാകാറായപ്പോൾ സഞ്ജിക്ക് എന്തെന്നില്ലാത്ത പനിയും വിറയലും. പരിശോധിച്ച ഡോക്ടർ എത്രയും വേഗം ഒരു ബ്ലഡ് ടെസ്റ്റിന്റെ ആവശ്യകതയുണ്ടെന്ന് പറഞ്ഞു. സഞ്ജിയുടെ ശരീരത്തിൽ പ്രതിരോധ ശക്തി തീരെ കുറഞ്ഞിരിക്കുന്നു. പിറ്റേന്ന തന്നെ സോനയും സഞ്ജിയും സ്ഥലത്തെ പ്രധാന ആശുപത്രിയായ സെന്റ്-തെരേസായിലേക്കു പോയി. ബ്ലഡ് ടെസ്റ്റിന്റെ റിസൾട്ട് വന്നപ്പോൾ സഞ്ജി തളർന്നു പോയി. താൻ ഏതോ അഗാധ ഗർത്തത്തിലേക്കു വീഴുന്നതുപോലെ, അവനു തോന്നി. കരകേറുവാനാവാത്ത ഗർത്തം. സോനയോട് എന്തു പറയും ? എന്നാം നാളും

തണലുമായി കൂടെയുണ്ടാകുമെന്ന പറഞ്ഞ് തന്റെ ജീവിതത്തിലേക്കു കൊണ്ടു വന്ന അവളെ പാതിവഴിയിൽ ഉപേക്ഷിച്ചു പോകുമോ? ഇപ്പോൾ താൻ എയ്ഡ്സ് എന്ന മാരകരോഗത്തിനടിമയാണെന്നറിയുമ്പോൾ അവൾ.... ഈശ്വരാ! എന്തിനാ എന്നോടീ ചതി ചെയ്തത്? അവൻ എന്തു ചെയ്യണമെന്നറിയാതെ തകർന്നിരിക്കുമ്പോൾ സോന മരുന്നുകളുമായി എത്തി. കലങ്ങി ചുവന്ന് നിറഞ്ഞിരിക്കുന്ന സണ്ണിയുടെ കണ്ണുകളിലേക്ക് അവൾ നോക്കി. അവളുടെ നിഷ്കളങ്കമായ മുഖത്തു നോക്കി ഒന്നും പറയുവാൻ അവനു കഴിഞ്ഞില്ല. അവൾ ഊന്നി ഊന്നി ചോദിച്ചപ്പോൾ അവസാനം സണ്ണി പറഞ്ഞു. ഉള്ളിലേക്ക് ഒരു അസ്ത്രം തുളഞ്ഞു കയറുന്നതുപോലെ സോനക്കു തോന്നി. മരുന്നുകുപ്പികൾ അവളുടെ പിടിവിട്ട് താഴെ വീണ ചിന്നിച്ചിതറി... മനസ്സു മുഴുവൻ ശൂന്യമായി കണ്ണിലെല്ലാം ഇരുട്ടു കയറുന്നതുപോലെ... അനാഥാലയത്തിന്റെ നാലു ചുവരുകൾക്കുള്ളിൽ നിന്ന് തന്റെ ജീവിതത്തിലേക്ക് ഒരു രക്ഷകനായി ദൈവം അയച്ചുവനായിരുന്ന സണ്ണി. അനാഥനാണെങ്കിലും ബന്ധങ്ങളും സ്നേഹത്തിന്റെ ആഴവും താനറിഞ്ഞത് സണ്ണിയിൽ നിന്നാണ്. സോനയെയും കൂട്ടിക്കൊണ്ട് സണ്ണി

ഡോക്ടറുടെ അടുത്തേക്കു ചെന്നു. "എങ്ങനെ എച്ച്.ഐ.വി. വൈറസ് സണ്ണിയുടെ ശരീരത്തിൽ കയറി?" ഡോക്ടർ ചോദിച്ചു. എന്തോ ആലോചിച്ചിട്ടും സണ്ണിക്ക് കാര്യം പിടികിട്ടിയില്ല. കാരണം സണ്ണി കേട്ടിരുന്ന എയ്ഡ്സ് പകരുന്ന വഴികൾ. ഇല്ല... ഇതിലൊന്നു പോലും തനിക്കനുകൂലമായിട്ടില്ല പെട്ടെന്ന് അവന്റെ മനസ്സിലൂടെ ഒരു രംഗം കടന്നു വന്നു. ഏതാണ്ട് രണ്ടാഴ്ച മുമ്പ് ബാർബർ ഷോപ്പിൽ-നിന്നും തിരിച്ചുവന്ന സണ്ണിയുടെ മുഖം മുറിഞ്ഞിരി-ക്കുന്നതുകണ്ട് സോന ചോദിച്ചതോർക്കുന്നു. അന്ന് ചെറിയ മരുന്നുകൾ ചെയ്ത് മുറിവുണക്കിയിരുന്നു. പക്ഷേ അതിന്റെ ആഴമായ മുറിവിലേക്ക് തന്നെ തള്ളിവിടുമെന്ന് കരുതിയില്ല. എന്തെങ്കിലും എച്ച്.ഐ.വി. പോസിറ്റീവായ വ്യക്തിക്ക് ഉപയോഗിച്ച ബ്ലേഡു വച്ചായിരിക്കും സണ്ണിക്കും ചെയ്തത് അതു തന്നെയാവാം കാരണം ഡോക്ടർ പറഞ്ഞു. എന്തു ചെയ്യണമെന്നറി-യാതെ സണ്ണിയും സോനയും ആശുപത്രിയുടെ പടിയി-റങ്ങി. സണ്ണിയിലൂടെ ആ എച്ച്.ഐ.വി. വൈറസ് എന്നാ-യാലും തന്റെ ശരീരത്തിലും ഉണ്ടാകുമെന്ന് സോന ഉറച്ചു വിശ്വസിച്ചു. ഇല്ല... വിധിയൊരു ടെസ്റ്റിനു തനിക്കു ബലമില്ല.

വീട്ടിൽ വന്ന പടികടന്നതും താന ഓടിവന്ന് അവരുടെ കൈപിടിച്ചു. ഞാൻ അനുഭവിച്ച അനാഥത്വം ഒരാളും ഇനി അനുഭവിക്കരുതേയെന്ന് എന്നും ആഗ്രഹിച്ചിരുന്ന സോനയുടെ മക്കൾക്കുതന്നെ ദൈവം തന്റെ വിധി വച്ചല്ലോയെന്നോർത്ത സോന കർത്താവിന്റെ ക്രൂശിത രൂപത്തോടു നോക്കി, മക്കളെ ചേർത്തു പിടിച്ച് പൊട്ടിക്കരഞ്ഞു. സണ്ണി വന്ന് സോനയെ എഴുന്നേൽപ്പിച്ചു. "വേണ്ട സോന, മോള് ഒന്നും അറിയേണ്ട. മോളുടെ കൂടെ നമ്മളുണ്ടാകുന്ന അത്രയും കാലം നമുക്ക് സന്തോഷിച്ച് ജീവിക്കണം. അതു കഴിഞ്ഞ് എല്ലാം ദൈവത്തിന വിട്ട് കൊടുക്കാം." സോന പറഞ്ഞു: "സണ്ണിച്ചായാ, നമുക്ക് എന്തിന് ഈ വിധി വച്ചു. ഒന്നിച്ച് ജീവിക്കാനല്ലേ ദൈവത്തിന് ഇഷ്ടമല്ലാഞ്ഞോ? നമുക്ക് ഒരുമിച്ച് മരിച്ചാലോ? "സോന, അങ്ങനെയൊന്നും പറയരുത്. ദൈവം തന്ന ജീവൻ തിരിച്ചെടുക്കാൻ ദൈവത്തിന മാത്രമേ അധികാരമുള്ളൂ. അങ്ങനെയൊന്നും ചിന്തിക്കാൻ കൂടെ പാടില്ല. സണ്ണി ചിരിച്ചു ദിവ്യമായാണ് നടക്കുന്നത്. പുറമേ ചിരിക്കുന്നവരെല്ലാം ഉള്ളിൽ ഒരുപാട് ദുഃഖവും പേറി നടക്കുന്നവരാണെന്ന് സോന കേട്ടിട്ടുണ്ട്. അതു യാഥാർത്ഥ്യമാണെന്ന് അവൾക്ക് തോന്നി. പിറ്റേന്ന് തന്നെ സണ്ണിയും, സോനയും, താനയും കൂടി സോന വളർന്ന

അനാഥാലയത്തിലേക്കു പോയി അവിടം കണ്ടപ്പോൾ സോനക്ക് കളിച്ചു നടന്ന ബാല്യകാലത്തിലെ ഓരോ നിമിഷവും മനസ്സിലൂടെ കടന്നുപോയി. താനും ഇനിയിതാ വീണ്ടുമൊരു സോനയായി മാറുവാൻ പോകുന്നു. ഇല്ല, അവൾ പൂർണ്ണമായും സോനയാകില്ല. അവളുടെ മനസ്സിൽ പെട്ടെന്ന് കടന്നുവന്നത് പണ്ട് ഫ്രാൻസിസച്ചൻ പറഞ്ഞു കൊടുത്ത വരികളായിരുന്നു. "കാലമാകുന്ന തോണിയിലെ യാത്രക്കാരാണ് നമ്മൾ. വിധിയുടെ കുത്തൊഴുക്കിൽ പെട്ട് പല ജീവിത സാഹചര്യത്തിലൂടെയും നാം കടന്നുപോകും. അതെല്ലാം ദൈവഹിതമാണെന്നു കരുതി ജീവിക്കുക"

അതെ... അക്ഷരം പ്രതി ശരിയായ വാക്കുകൾ അനാഥാലയത്തിലെ കുട്ടികൾക്ക് ഒരു നേരത്തെ ഭക്ഷണത്തിനുള്ള പൈസ കൊടുത്തു. ഈ നിമിഷത്തിൽ ചെയ്യാവുന്ന സത്കർമ്മങ്ങൾ. തന്റെ അവസ്ഥയെപ്പറ്റി പറഞ്ഞപ്പോൾ ഫ്രാൻസിസച്ചൻ പറഞ്ഞു, വിധിയാണെന്ന്. വിധിയാണെന്ന ഒറ്റ വാക്കിൽ എല്ലാം ഒതുങ്ങുന്നു. തന്റെ ജീവിതത്തെ കുറിച്ചുള്ള സ്വപ്നങ്ങൾ, പ്രതീക്ഷകൾ, ആഗ്രഹങ്ങളെല്ലാം, അങ്ങനെ... ജീവിച്ചു കൊതിതീർന്നില്ല... സ്നേഹിച്ചു മതിയായില്ല... എയ്ഡ്സ് എന്ന മാരകരോഗത്തെക്കുറിച്ചു കേട്ടിട്ടേയുള്ളൂ. അത് ഇത്രയും വേഗം തന്റെ കൂടെവന്ന് തന്നെ ആക്രമിക്കുമെന്ന് പ്രതീക്ഷിച്ചതേയില്ല. അതേ, അവസാനം സോനയുടെ വഴിയേ അനാഥത്വം അവളെയും വേട്ടയാടും.


FINE MOTOR
ACTIVITY
with support
Vismayasivan

# ഡിസംബർ രാവിലെ ഓർമകൾ

ഷിയ ഷിബിൻ

ഡിസംബർ മാസമായതിനാൽ വഴികളിലെല്ലാം മഞ്ഞു പൊഴിഞ്ഞു വീണു കിടക്കുന്നു. പൊഴിഞ്ഞു വീണുകിടക്കുന്ന കണികകൾക്കിടയിലൂടെ നടന്നകന്നു വാസുകി. നടന്നു മറയുന്ന അവളിൽ പഴയ കാലത്തിന്റെ ഓർമകളുടെ കൈപിടിച്ച് ആരോ നടന്നു മറയുന്നതായി തോന്നി.

ഒരു ഇടത്തരം വീട്, ഉമ്മറത്തിണ്ണയിലിരുന്ന് പത്രം വായിക്കുന്ന ഉണ്ണികൃഷ്ണൻ. അകത്തുനിന്നും ഒരു കപ്പ് കാപ്പിയുമായി അരികിലേക്ക് നടന്നു വരുന്ന വൈഗ. വിവാഹം കഴിഞ്ഞ് കുഞ്ഞുങ്ങളില്ലാതെ വിഷമിച്ചിരുന്ന അവർക്ക് ദൈവം ഒരു കുഞ്ഞിനെ നൽകി. ഉദരത്തിനുള്ളിൽ തുടിക്കുന്ന പൊന്നോമനയ്ക്കു വേണ്ടി പലതും വാങ്ങി കൂട്ടി. ഓരോ ഘട്ടത്തിലുള്ള ചെക്കപ്പ് കഴിയുമ്പോഴും വളരെ ശ്രദ്ധയോടെയായിരുന്നു അവളെ പരിപാലിച്ചിരുന്നത്. ഒടുവിൽ ഡിസംബർ മാസത്തിലെ സായാഹ്നം. കാത്തിരിപ്പുകൾക്ക് വിരാമമേകി വൈഗ ഒരു പെൺകുഞ്ഞിന് ജന്മം നൽകി.. കുഞ്ഞിന്റെ ശരീരത്തിലെ രക്തക്കറയെല്ലാം തുടച്ചു വൃത്തിയാക്കി വൈഗ കുഞ്ഞിനെ കൈകളിൽ ഏറ്റുവാങ്ങി മാറോട് ചേർത്തു... മുലപ്പാലിന്റെ മാധുര്യം ആ കുഞ്ഞിന് പകർന്നു നൽകി...

അവർക്കുണ്ടായ സന്തോഷം ഏറെക്കാലമുണ്ടായിരുന്നില്ല. വൈകിയാണ് അറിഞ്ഞത് കുഞ്ഞിന് അംഗവൈകല്യങ്ങളുണ്ടെന്ന്. തകർന്ന മനസ്സിനുള്ളിൽ തിന്മയുടെ ശക്തികൾ കടന്നുകൂടിയ ഉണ്ണികൃഷ്ണൻ സ്വന്തം കുഞ്ഞിനെയും ഭാര്യയെയും ഉപേക്ഷിച്ച് എങ്ങോട്ടോ പോയ്മറഞ്ഞു.. ഒറ്റപ്പെട്ടുപോയ വൈഗ കുഞ്ഞിനെ മാറിൽ ചേർത്തു ഒരുപാട് നേരം വിധിയെ ഓർത്ത് കണ്ണീരൊഴുക്കി.

ദൈവം തന്ന കുഞ്ഞ് അത് ആണായാലും, പെണ്ണായാലും, വൈകല്യങ്ങളോ, ബുദ്ധിമാന്ദ്യം ഉള്ളവരോ.. എന്തുതന്നെയായിക്കോട്ടെ രണ്ടു കൈ നീട്ടി സ്വീകരിക്കണം. എനിക്കൊരൊറ്റ പ്രാർത്ഥനയേ ഉള്ളൂ ജീവിക്കാനാണെങ്കിലും, മരിക്കാനായാലും ഒരുമിച്ച് തന്നെ വേണമെന്ന് ഉള്ളുരുകി ഭഗവാനെ വിളിച്ചപേക്ഷിച്ചു വൈഗ..

കുഞ്ഞിനെ വളർത്താനായി വീട്ടിലിരുന്ന് ചെയ്യാവുന്ന ജോലികൾ തേടിക്കൊണ്ടിരുന്നു. എപ്പോഴും കുഞ്ഞ് അരികിൽ തന്നെ ഉണ്ടാകും എന്നുള്ളതായിരുന്നു അവളുടെ ആശ്വാസം. അങ്ങനെയിരിക്കുമ്പോഴാണ് ഇതുപോലെയുള്ള കുട്ടികളെ പഠിപ്പിക്കുവാനും, സംരക്ഷിക്കുവാനുമുള്ള സ്ഥാപനങ്ങൾ ഉണ്ടെന്ന് പത്രത്തിൽ കാണാനിടവരുന്നത്. മാളവികയെ ഒക്കത്തിരുത്തി വൈഗ സ്ഥാപനത്തിലേക്ക് നടന്നു.

അവിടെയെത്തിയ ആ അമ്മയുടെ മനസ്സാകെ തകർന്നു പോയിരുന്നു... തന്റെ കുഞ്ഞിനേക്കാളും വൈകല്യമുള്ള ഒത്തിരി കുട്ടികളുണ്ടായിരുന്നു ആ സ്ഥാപനത്തിൽ.

ഡോക്ടർമാരുടെ സ്വാന്തന സ്പർശത്തിൽ അതിരറ്റ് സന്തോഷിക്കുന്ന കുട്ടികളെ കാണുമ്പോൾ മനസ്സ് നിറഞ്ഞുപോകുന്നു. മാളവികയും അവിടത്തെ ഒരാളായി മാറി.. ഇടംവലം നിന്ന് ഡോക്ടർമാർ അവളെ പരി-പാലിച്ചു. അവരുടെ സ്വന്തം കുഞ്ഞിനെപ്പോലെ ലാളിച്ചു. ആ അമ്മയുടെ മനസ്സിൽ പ്രതീക്ഷയുടെ ഒരു പുതു വെളിച്ചം പകർന്ന് ഡോക്ടർമാർ അവരുടെ കഴിവിനു-ള്ള ചികിത്സകൾ നടത്തി...

വർഷങ്ങൾക്ക് ശേഷം മാളവിക പുതിയ ഒരു ജീവിതത്തിലേക്ക് വന്നു. ഡോക്ടർമാരുടെ കാരുണ്യം കൊണ്ടും, അമ്മയുടെ അകമഴിഞ്ഞ പ്രാർത്ഥനകൾ കൊണ്ടും അവൾ നോർമലായൊരു ജീവിതത്തിലേക്കു വന്നു. തളർന്ന- കാലുകളിൽ ജീവൻ പകരുന്ന ചലിക്കുന്ന നിഴലുകൾ. അവൾ ആ വരാന്തയിലൂടെ ഓടിനടന്നു... അത് കണ്ടപ്പോൾ വൈഗയുടെ സന്തോഷം പറഞ്ഞറിയിക്കാൻ പറ്റാത്തതിലും അധികമായിരുന്നു. ഡോക്ടർമാരോടെല്ലാം അകമഴിഞ്ഞ നന്ദി പറഞ്ഞ് മാളവികയുടെ വിരൽത്തുമ്പിൽ പിടിച്ച് വൈഗ അവിടത്തെ പടികളിറങ്ങി..

പത്തൊമ്പതുവയസ്സായ പെൺകുട്ടിയുമായി വൈഗ തന്റെ വീട്ടിലെത്തി. പിന്നെയുള്ള കാലങ്ങൾ അവളെ പഠിപ്പിക്കാൻ ഒത്തിരി കഷ്ടപ്പാടുകളും ദുരിതങ്ങളും അനുഭവിച്ചു. വേദനകളെല്ലാം മനസ്സി-നുള്ളിൽ ഒതുക്കിവെച്ച് അവളെ നല്ലൊരു നിലയിലെത്തിച്ചു.

മാളവികയുടെ സമ്പാദ്യങ്ങളെല്ലാം ചേർത്ത് അവൾ ഒരു സ്ഥാപനം ആരംഭിച്ചു.

അതിനും ഇണയില്ലാതെ അലയുന്നവർക്കും, ഒറ്റപ്പെട്ട് ജീവിക്കുന്നവർക്കും, ജീവിതമെന്ന് അറിയാത്ത ഒരു പറ്റം കുഞ്ഞുങ്ങളുടെ സംരക്ഷണത്തിനായുള്ള ഒരു സ്ഥാപനം.

'ഇൻസ്പിരേഷൻ' സ്നേഹതീരത്തിന്റെ ആദ്യ സ്പർശം. വെണ്ണക്കല്ലുകളിൽ കൂടി നടന്നു വന്ന അവൾ കണ്ണുകളെ ഇടച്ച് താഴ്വാരങ്ങളിലേക്ക് നോക്കി മനസ്സിൽ പറഞ്ഞു.

"ദൈവം തരുന്നത് എന്തായാലും അത് സന്തോഷത്തോടെ ഏറ്റുവാങ്ങാനുള്ള മനസ്സാണ് നമുക്കെല്ലാം വേണ്ടത്"


Space - Akash
Air - Vayu
Earth-Prithvi
Fire - Tejas
Water - Jala
SAVE OUR EARTH

KRISHNAKUMARY.

# മണ്ണിന്റെ മലിനീകരണം
# നാടിന്റെ ബലക്ഷയം





# മണ്ണിന്റെ മലിനീകരണവും ആരോഗ്യപ്രശ്നവും.

മണ്ണ് യഥാർത്ഥത്തിൽ ഒരു അത്ഭുത പദാർത്ഥമാണ്. ധാതുക്കളുടേയും ജൈവപദാർത്ഥങ്ങളുടേയും, വായു, വെള്ളം, അസംഖ്യം സൂക്ഷ്മാണുക്കൾ എന്നിവയുടേയും സങ്കീർണ മിശ്രിതം ഭൂമിയുടെ നേരിയ ബാഹ്യാവരണമായ ഇത്, നമ്മുടെ ത്വക്ക് പോലെയാണ്. മണ്ണില്ലാതെ ഭൂമിയിൽ ജീവിതം സാധ്യമല്ല. സസ്യങ്ങളടക്കമുള്ള സകല ജീവജാലങ്ങളുടേയും ആവാസസ്ഥാനമാണ് മണ്ണ്. ജലം സൂക്ഷിക്കാനും ശുദ്ധീകരിക്കാനും ഒരു സെന്റിമീറ്റർ മേൽമണ്ണ് ഉണ്ടാക്കാൻ 100 മുതൽ 400 വരെ വർഷങ്ങളെടുക്കും. ഇങ്ങനെയുള്ള ഭൂമിയെയാണ് മനുഷ്യർ ക്രൂരമായി നശിപ്പിക്കുന്നത്.

വലിച്ചെറിയുന്ന പച്ചക്കറി, പഴങ്ങൾ, സസ്യങ്ങൾ, മൃഗങ്ങളുടെ വിസർജ്യം, മൃതശരീരം, തുടങ്ങിയ പ്രകൃതിജന്യമായ മാലിന്യങ്ങൾ മണ്ണിന്റെ ഫലപുഷ്ടി വർദ്ധിപ്പിക്കുന്നു.

മലം, കീടനാശിനി എന്നിവ

അമിതമായി ഉപയോഗിച്ചുള്ള അശാസ്ത്രീയ കൃഷിരീതികൾ, അനാവശ്യമായ മലിനീകരണ നിയന്ത്രണ സംവിധാനമില്ലാതെയുള്ള വ്യവസായങ്ങൾ, നഗരവൽക്കരണം, മാലിന്യങ്ങൾ വലിച്ചെറിയൽ വിവിധ നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവയെല്ലാം കാരണങ്ങളാണ്. മാലിന്യങ്ങൾ ഭൂമിയിൽ നിക്ഷേപിക്കുമ്പോൾ കുറെ അസുഖങ്ങൾ ഉണ്ടാകാൻ കാരണമാകുന്നു

മണ്ണിൽ ധാരാളം അവശിഷ്ടങ്ങൾ കൊണ്ടിടുമ്പോൾ അതിനേക്കാൾ ധാരാളം അസുഖങ്ങൾ ഉണ്ടാകാൻ ഇടയാകുന്നു. ഭൂമിയിൽ ഇടുന്ന അവശിഷ്ടങ്ങളിൽ വന്നിരിക്കുന്ന ഈച്ച, കൊതുക് മുതലായവ മനുഷ്യരുടെ ശരീരത്തിൽ വന്നിരിക്കുമ്പോൾ മനുഷ്യർക്ക് ഡെങ്കിപ്പനി എന്നിങ്ങനെ ധാരാളം അസുഖങ്ങൾ വരുമ്പോൾ മനുഷ്യന്റെ ആരോഗ്യ പ്രശ്നങ്ങൾക്കും, മരണത്തിനും കാരണമാകുന്നു. മനുഷ്യർ തന്നെ മാലിന്യ കൂമ്പാരം ഇല്ലാതാക്കിയാൽ വിവിധ തരം അസുഖങ്ങൾ ഇല്ലാതാക്കാം.

മണ്ണിന്റെ അപക്ഷയം: മലിനീകരണവും മണ്ണൊലിപ്പും മൂലം മണ്ണിന് ഗുണശോഷണം സംഭവിക്കുന്നു. പ്രധാന പോഷകങ്ങൾ ക്ഷയിക്കുകയും മണ്ണ് കൂടുതൽ അമ്ലതയോ, ക്ഷാരതയോ ഉള്ളതായി

ത്തിടുകയും ചെയ്യുന്നു. മണ്ണിനെയും, സൂക്ഷ്മ ജീവികളും നശിക്കുന്നു. ജൈവാംശവും, ജലാംശവും കുറയുന്നു. വളക്കൂറ് നഷ്ടപ്പെടുന്നു. ഭൂമിയിൽ ഇടുന്ന പ്ലാസ്റ്റിക്കുകൾ, മണ്ണിൽ ലയിക്കാതെ ഭൂമിയിലെ മണ്ണിന് ധാരാളം പ്രശ്നങ്ങൾ ഉണ്ടാകുന്നു. കേരളത്തിലെ മണ്ണ് ധാരാളം ഗുണ മേൻമയുള്ളതാകണം. അസുഖങ്ങൾ പരക്കാത്തതാകണം.

ഫാക്ടറികളിൽ നിന്നും ഹോട്ടലുകളിൽ നിന്നും വരുന്ന പുകകളും, മാലിന്യങ്ങളും മണ്ണിനെയും പ്രകൃതിയെയും മലിനമാക്കുന്നു. മണ്ണിൽ ധാരാളം കീടനാശിനികൾ കലരുന്നു. മണ്ണിൽ പല ജീവികൾ ജനനം നടക്കുമ്പോഴും, പ്ലാസ്റ്റിക്കുകൾ മണ്ണിൽ ലയിക്കാതിരിക്കുമ്പോഴും മാലിന്യങ്ങൾ മണ്ണിലിട്ട് കത്തിക്കുമ്പോഴും ധാരാളം അസുഖങ്ങൾ ഉണ്ടാകുകയും ചെയ്യുന്നു. ഇങ്ങനെ വരുമ്പോൾ ധാരാളം മരണങ്ങൾ ഉണ്ടാകുന്നു. മനുഷ്യർക്ക് മാത്രമല്ല അസുഖങ്ങൾ പിടിപെടുന്നത് ധാരാളം മൃഗങ്ങൾക്കും ഇങ്ങനെയുള്ള വിവിധതരം അസുഖങ്ങൾ പിടിപെടാം. അപ്പോൾ ഈ ഭൂമി ഒരു മലിന കൂമ്പാരമാകുകയാണ്. അങ്ങനെവരുമ്പോൾ ഈ ഭൂമിതന്നെ നശിക്കും. ഈ ഭൂമിതന്നെ ഇല്ലാതാകും.

ഭൂമിയിലുള്ള മഴവെള്ളത്തിന്റെ ഒഴുക്കുമൂലം മണ്ണൊലിപ്പ് ഉണ്ടാകുന്നു. മണ്ണൊലിപ്പ് മൂലം ധാരാളം വൃക്ഷങ്ങൾ നശിക്കുന്നു. അപ്പോൾ വൃക്ഷങ്ങൾ ഇല്ലാതാകുമ്പോൾ മഴ ഇല്ലാതാകുകയും ചെയ്യുന്നു. ഇങ്ങനെ ഭൂമി തന്നെ ഇല്ലാതാക്കുന്നതിനിടയാവുന്നു. നശിക്കുന്നു. ഇത് ഒരു പരിധിവരെ നമുക്ക് തടയാം. വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുകയും ഭൂമി തട്ടുതട്ടായി തിരിക്കുകയും ചെയ്യുക. ഭൂമിയിൽ ഉള്ള വൃക്ഷങ്ങളെ സംരക്ഷിക്കുക. വൃക്ഷങ്ങൾ വെട്ടി നശിപ്പിക്കാതിരിക്കുക. വൃക്ഷങ്ങൾ ഇല്ലെങ്കിൽ മഴയില്ലാതാകും ഭൂമിയിൽ വെള്ളം ഇല്ലാതാകും അതുകൊണ്ട് വൃക്ഷങ്ങൾ നമ്മുടെ സമ്പത്താണെന്ന് കരുതി അവയെ സംരക്ഷിക്കുക.

# ഈ നാട് ഇനിയെങ്കിലും ഉണരട്ടെ !

ഗീതാകൃഷ്ണകുമാർ

ദിവസവും രാവിലെ ആരോഗ്യപരിപാലനത്തിന്റെ ഭാഗമായി രണ്ടു കിലോമീറ്റർ നടക്കുന്ന ശീലം മലയാളി നാളുകളായി തിരഞ്ഞെടുത്തിട്ടുണ്ട്. ആരോഗ്യകാര്യത്തിൽ അതീവശ്രദ്ധ കാണിക്കുന്ന മലയാളികളുടെ ചില ശീലങ്ങൾ അമ്പരപ്പിക്കുന്നതാണ്. അതുമല്ലെങ്കിൽ നമ്മുടെ അന്തസ്സ് കെടുത്തുന്നതാണ്.

ദിവസവും രാവിലെ വ്യായാമം എന്നപേരിൽ നടത്തത്തിനിറങ്ങുന്ന ഒട്ടുമിക്ക വ്യക്തികളും ഒരു പ്ലാസ്റ്റിക് പൊതിയും കയ്യിൽ കരുതിയിരിക്കുന്നതു കാണാം. നടത്തത്തിനിടയിൽ അല്പം വിജനമായ സ്ഥലങ്ങളെത്തുമ്പോൾ കയ്യിലിരിക്കുന്ന പ്ലാസ്റ്റിക് പൊതി റോഡിന്റെ സൈഡിലേക്ക് വലിച്ചെറിയുന്നതും, ചിലപ്പോൾ ഇലക്ട്രിക് പോസ്റ്റിലോ, മെയിൻ തൂണുകളിലോ തട്ടി പൊതി റോഡിൽ ചിതറിവീഴുന്നതും, 'ഞാനൊന്നുമറിഞ്ഞില്ലേ രാമനാരായണ' എന്ന മട്ടിൽ നടന്നു പോകുന്നവരെയും കാണാം. ചിതറി വീണ പൊതിയുടെ സമീപത്തെത്തുമ്പോൾ പലപ്പോഴും ദുർഗന്ധമാണ് അനുഭവപ്പെടുന്നത്. പലദിവസം കഴിഞ്ഞ പച്ചക്കറിയുടെ ബാക്കിഭാഗങ്ങൾ, ഭക്ഷണശേഷം ബാക്കിയാവുന്ന എച്ചിൽ കഷണങ്ങൾ, പഴകിയ പച്ചക്കറികൾ, മീൻ മുള്ളുകൾ തുടങ്ങിയ എണ്ണിയാലൊടുങ്ങാത്ത അവശിഷ്ടങ്ങൾ വീട്ടിൽ നിന്നും ദൂരെയായ സ്ഥലത്തിൽ വലിച്ചെറിയാൻ മലയാളികൾക്ക് മടിയില്ല.

'ശുചിത്വകേരളം സുന്ദര കേരളം'

പ്ലാസ്റ്റിക് നിരോധിത മേഖല എന്നിങ്ങനെ വന്നു പറ
യുകയും, ദൃശ്യമാധ്യമങ്ങളിൽ കൂടിയും പത്രങ്ങളിലൂടെയും
പ്രചാരണങ്ങൾ നടക്കുമ്പോഴും ഇത്തരം ഹീനമായ
പ്രവൃത്തികൾ കാണിക്കുന്നത് നമ്മുടെ സാംസ്കാരിക
അധഃപതനത്തെത്തന്നെയാണ്.

പുഴയിലും, പുഴയിലെ ഇടങ്ങളിലും
നിരോധിച്ചിട്ടുള്ള നമ്മുടെ നാൽക്കവലകളിൽ ഇന്ന് നായും
കൂടി കൂട്ടി [നാലെണ്ണമുണ്ട് പഴയ കണക്ക്] റോഡിലേക്ക്
നീട്ടിത്തുപ്പുന്ന കേമന്മാർ. കഴിഞ്ഞ ദിവസം ഞാനിരുന്ന
ഉള്ളതാൻ കടയിൽ നിന്നും ഉള്ളതാൻ വാങ്ങി, പൊതിക്കവറായി
ഒന്ന ചവച്ച് തുപ്പുന്നു റോഡിലേക്ക്. ഒരു മടിയുമി
ല്ലാതെ വന്നു ഇവൻ പ്രവർത്തിച്ചു. ഉദ്ദേശിച്ചതിൽ
പ്രായത്തെ മാനിച്ച് കൂടുതൽ അഭിപ്രായസംഭാഷണങ്ങൾ ഒന്നും
തന്നെ ഉണ്ടായില്ല. ഇതുപോലെതന്നെയാണ് സിഗരറ്റ്,
ബീഡി തുടങ്ങിയവ വലിച്ച് പുകയൂതി വിടുന്നതും, അലക്ഷ്യമായി
സിഗരറ്റ് കുറ്റികൾ വലിച്ചെറിയുന്നതും.

ആരോഗ്യകേരളം, ശുചിത്വകേരളം, പ്ലാസ്റ്റിക് നിരോ
ധനം തുടങ്ങിയവ പ്രസംഗത്തിൽ മാത്രം ഒതുങ്ങാതെ പ്രവൃത്തി
യിൽ കൊണ്ടുവരാൻ നമ്മൾ ശ്രമിക്കണം.

"ഈ നാട് ഇനിയെങ്കിലും ഉണരട്ടെ"

# ശുചിത്വ കേരളം

## ആരോഗ്യ കേരളം!

മനുഷ്യന് അത്യാവശ്യം വേണ്ട ഒരു സമ്പത്താണ് ആരോഗ്യം. മറ്റെന്തൊക്കെ ഉണ്ടായാലും ആരോഗ്യമില്ലാത്ത ജീവിതം നരകതുല്യമായിരിക്കും. ആരോഗ്യപൂർണമായ ആയുസ്സാണല്ലോ നാമെല്ലാം ആഗ്രഹിക്കുന്നതും മറ്റുള്ളവർക്ക് ആശംസിക്കുന്നതും.

രോഗമില്ലാത്ത അവസ്ഥ ഈ അവസ്ഥ നിലനിർത്തുന്നതിൽ പരമ പ്രധാനമായ പങ്കുവഹിക്കുന്നത് പരിസര ശുചീകരണമാണ്. നമ്മുടെ ചുറ്റുപാടുകൾ വൃത്തിയായി സൂക്ഷിക്കുകയെന്നാണ് ഇതുകൊണ്ടർത്ഥമാക്കുന്നത്. ആരോഗ്യത്തെ തകർക്കുന്ന മുഖ്യഘടകം വൃത്തിഹീനമായ സാഹചര്യങ്ങളാണ്. അതിനാൽ അവയെ ഇല്ലാതാക്കുക. അതാണാവശ്യം.

ഒരു വ്യക്തി വീട്, പരിസരം, ഗ്രാമം, നാട് എന്നിങ്ങനെ ശുചീകരണത്തിന്റെ മേഖലകൾ വിപുലമാണ്. ശരീര ശുചിത്വം, വീടിനുള്ളിലെ ശുചിത്വം എന്നിവയുടെ കാര്യത്തിൽ കേരളീയർ പൊതുവെ മെച്ചമാണെന്നു പറയാറുണ്ട്. എന്നാൽ പരിസരം, പൊതു സ്ഥലങ്ങൾ സ്ഥാപനങ്ങൾ ഇവയെല്ലാം വൃത്തികേടാക്കുന്നതിൽ നമ്മൾ മുൻപന്തിയിലുമാണ്

ഈ കാര്യത്തെ കുറിച്ച് ശുചീകരണത്തിൽ ശ്രദ്ധിക്കാത്തവരാണെന്നാണ്. ഇതിൽ വാസ്തവം ഉണ്ടുതാനും. മാർബിളിട്ട തറയും ടൈലുവിരിച്ച മുറ്റവുമുള്ള വീട് വൃത്തിയായി സൂക്ഷിക്കും എന്നാൽ ആ വീടിന്റെ ഗേറ്റിനു മുമ്പിൽ എന്തെല്ലാം അഴുക്കുകളുണ്ടായാലും അവ നീക്കം ചെയ്യാൻ ഉത്സാഹിക്കാറില്ല. മാത്രമല്ല: വീട്ടിലെ പാഴ്‌വസ്തുക്കൾ പലതൊക്കെ വലിച്ചെറിയുന്നത് പൊതുവഴിയിലേക്കാണ്. ചപ്പുചവറുകൾ ഇടാനുള്ള പാത്രം പലയിടത്തും ഇല്ല. ഉള്ളിടത്ത് അവ ഉപയോഗിക്കുകയില്ല. ചുറ്റും ചപ്പുചവറുകൾ ചിതറിക്കിടക്കുകയും ചെയ്യും.

'ദൈവത്തിന്റെ സ്വന്തം നാട്' എന്നാണ് കേരളത്തെ പറ്റിയുള്ള ടൂറിസ്റ്റ് വിശേഷണം. പക്ഷേ ചെകുത്താന്റെ വീടുപോലെയാണ് നമ്മുടെ പൊതുസ്ഥാപനങ്ങളും പൊതുവഴികളും വൃത്തികേടായി കിടക്കുന്നത്. നിർദ്ദേശങ്ങളൊന്നും പാലിക്കാൻ നമ്മൾ ശ്രദ്ധിക്കാറില്ല. പരിസരം വൃത്തികേടാക്കിയാൽ ശിക്ഷയുമില്ല. അതേ സമയം പല വിദേശ രാജ്യങ്ങളിലും ശുചിത്വം പാലിക്കുന്നതിൽ ചെറിയ വീഴ്ച വരുത്തിയാൽ പോലും വലിയ ശിക്ഷകൾ ലഭിക്കും. ജനങ്ങളിൽ ശുചിത്വ ബോധവും ഒപ്പം തന്നെ പൗര-ബോധവും ഉണ്ടാവുകയാണ് ആദ്യം വേണ്ടത്. നാടിന്റെ ശുചിത്വം ഓരോ പൗരന്റെയും ചുമതലയായി കരുതണം. നിയമങ്ങൾ അനുസരിക്കാൻ ഉത്സാഹിക്കണം. വൃത്തിയും വെടിപ്പും ശുദ്ധവും കൂടുതൽ ആവശ്യമുള്ള അക്ഷരജ്ഞാനികളുടെ ശോചനീയാവസ്ഥ നാമെല്ലാം

കാണാറുള്ളതാണ്. ഇതിനു കാരണക്കാർ നമ്മൾ തന്നെയാണല്ലോ?

വീട്ടിലും നാട്ടിലും വിദ്യാലയങ്ങളിലും നാമിത് ശീലിക്കണം. സ്വന്തം ഇരിപ്പിടം സ്വന്തം മുറി. പിന്നീട് മറ്റുള്ളവരെ ശുചീകരണത്തിനു പ്രേരിപ്പിക്കണം അങ്ങനെ ശുചിത്വം എന്ന ഗുണം വളർത്തുവാനും കഴിയും. "രോഗം വന്നിട്ട് ചികിത്സിക്കുന്നതിലും നല്ലത് രോഗം വരാതെ സൂക്ഷിക്കുകയാണ്" ഈ ചൊല്ല് വളരെ പ്രസിദ്ധമാണല്ലോ. രോഗമില്ലാത്ത അവസ്ഥ കൈവരിക്കാൻ ഒരളവു വരെ സാധിക്കും ചില നല്ല ഗുണങ്ങൾ വളർത്തിയെടുക്കുകയും ചെയ്യേണ്ടതുണ്ട്. അവയിൽ പ്രധാനപ്പെട്ടതാണ് ആരോഗ്യശീലങ്ങൾ. വ്യക്തി ശുചിത്വവും, പരിസര ശുചിത്വവും പാലിക്കുക. നമുക്കും നാടിനും ആയുസ്സും ആരോഗ്യവും കൈവരിക്കാനും ഇതു തന്നെയാണ് പറ്റിയ വഴി.



with P.P.

Athul Krishna.

# பூஜிக்க வேண்டியவள் தாய்

M. சாரா

அன்னை என்பவள் அனைவருக்கும் உண்டு அவள் பூஜிக்க வேண்டியவள். அவள் அரவணைப்பில் தான் எத்தனை பாசம். எவ்வளவு அன்பு. நமக்காக அவள் நம்மை பெற்றெடுக்கும் போது மறு பிறவி எடுப்பது போல் ஆகும். அப்படி ஈன்றெடுத்த தாயை நாம் அவர்களை கடைசிவரை காப்பாற்ற வேண்டியது நமது முக்கியகடமை. தாய், தந்தையரை நாம் எவ்வளவு நேசிக்கின்றோமோ, அவ்வளவுக்கவ்வளவு நாம் சுகமாகவும், நலமாகவும் வாழ்வோம். இவற்றில் ஏற்ற தாழ்வு பார்க்காமல் செயல்பட வேண்டும் சிலவேளைகளில் அவர்கள் தேவைகளை செய்ய முடியா விட்டால் அவற்றை நாம் செய்ய கடமைப்பட்டு அவற்றை பூர்த்தி செய்து அவர்களை மகிழ்ச்சியில் ஆழ்த்திவிட வேண்டும். அப்போது நமது மனிதல் சிறிதும் சஞ்சலமில்லாமல் நம் சிறுவயதில் நமக்கு அவர்கள் செய்தார்கள், இப்போது நாம் அவர்களுக்கு செய்கின்றோம். அதை நாம் பெரும்பாக்யமாக கருத்தில் கொண்டு பெருமிதத்தோடு செய்ய வேண்டும்.

அதுவும் மனசலிப்பில்லாமல் செய்யப்பட வேண்டும். எப்படியும் நாம் தான் செய்ய வேண்டும். அதை மனநிறைவோடு செய்வது ஆண்டவனுக்கே செய்வது போலாகும். இப்படி யாவரும் கடைபிடித்தால் முதியோர் இல்லம் தேவைப்படாது.

நமது தாய் தந்தையர்கள் நன்கு வாழ்ந்தவர்கள், நம்மை வளர்த்து ஆளாக்க எவ்வளவு கடின உழைப்பு, உழைத்திருப்பார்கள், அவர்கள் உண்ணும் உணவு முதற்கொண்டு எல்லா தேவைகளையும் முதலில் நமக்கு செய்து விட்டு பிறகு தான் தனக்கு என்று எடுத்து கொள்வார்கள். அப்படிப்பட்டவர்களை நாம் ஏன் வெறுக்கக் கூடாது. அவர்கள் உடல் நலமாக வாழவேண்டி ஆண்டவனிடம் பிரார்த்தனை செய்ய மிக கடமைப்பட்டுள்ளோம்.

எப்படியோ இதுவரை வாழ்ந்து விட்டோம், இனிமேலாவது அவர்களது தேவைகளை நாம் பூர்த்தி செய்து அவர்களோடு நாமும் நலமாக வாழ்வோம்.

— x —

## மனிதனிடம் இருக்கக் கூடாத குணங்கள்

M. சுதா

அகந்தை, ஆத்திரம், ஆணவம், கோபம் பொறாமை, தான் என்ற கர்வம், பிறரைக் கெடுத்தல், சுயநலம், காட்டிக் கொடுத்தல், திருட்டு, பொய்யுரைத்தல், வஞ்சம், கொலைப் பாதகம், பிற உயிர்களை துன்புறுத்துதல் கெடுகெட்ட எண்ணம், எப்போதும் மற்றவர்கள் மேல் சந்தேகப்படுவது, ஒருவர் தர்மம் செய்வதை தடுத்தல், தானும் தர்மம் செய்யாமல் இருப்பது, பொய் சாட்சி கூறுதல், நயவஞ்சகம், சூழ்ச்சி செய்து மற்றவர்களை அல்லலில் மாட்டி விடுவது, மற்றவர்கள் பொருள்களை அவர்களுக்கு தெரியாமல் உபயோகிப்பது, உற்றார், உறவினர்கள் நண்பர்களை கோள் சொல்லி தனித்தனியாக பிரிப்பது, உடல் ஊனமுற்றவர்களையும், பெரியவர்களையும் உதாசீனப்படுத்தி பரிகாசம் செய்வது, தவறான வழியில் சென்று வாழ்க்கையை சீரழித்துக் கொள்வது, தன்னை மிஞ்சி யாரும் இல்லை என்ற தலைக்கனம், அளவில்லாமல் எல்லை மீறிய பேச்சு, அடுத்தவர் மனதை புண்படுத்தும் பேச்சு,


[illegible]

இவைகளும் இன்னும் பல தீயவைகள் அறவே இல்லை என்றால் வாழ்க்கையில் பெரும் -பகுதி மகிழ்ச்சியாகவும் சுகமாகவும் வாழலாம். இவை எல்லா வற்றிலும் மிக மிக முக்கியமானது தேவையற்ற ஆசை. அளவு கடந்த கற்பனைகள் எல்லாம் வீண்.

மேற்குறிப்பிட்டவைகளில் ஏதாவது ஒன்று இருந்தாலும் நிம்மதி, அமைதி போய் அல்லல்பட வேண்டும். முடிந்தவரை திருத்திக் கொண்டால் நன்று. மொத்தத்தில் நாம் வாழ்க்கையில் கடைபிடிக்க வேண்டியது நிதானமான தீர்க்கமான நல்ல முடிவுகள். அனைத்தையும் அனுசரித்து செயல்பட்டால் உங்களை எல்லோரும் போற்றுவார்கள். மேற்கண்ட துர்புத்தியால் நல்வாழ்க்கைக்கு முட்டுக்கட்டைப் போட்டு தடைகற்களாகிவிடும்.

— x —

# ഹജ്ജ്
# ഒരു പുണ്യ തീർത്ഥാടനം



# ഹജ്ജ്

## പരിശുദ്ധ തീർത്ഥാടനത്തിന്റെ ഐതിഹ്യം.



ജാസ്മിൻ അൻവർ

ഓരോ വർഷവും ലോകത്തിന്റെ നാനാഭാഗത്തുമുള്ള കോടിക്കണക്കിന് മുസ്ലിംങ്ങൾ ഒത്തുകൂടുന്ന മഹാസമ്മേളനമായ ഹജ്ജിന്റെ ഐതിഹ്യം, ലോകത്തെ ക്രിസ്ത്യാനികളും, മുസ്ലിംങ്ങളും, യഹൂദരും ഒരുപോലെ ബഹുമാനിക്കുന്ന ഇബ്രാഹിം (അബ്രഹാം) നബിയുടെ ചരിത്രവുമായി ബന്ധപ്പെട്ടു കിടക്കുന്നു.

ഇബ്രാഹിം നബിയുടെ പിതാവ് ബിംബാരാധകനും, ബിംബ കച്ചവടക്കാരനുമായിരുന്നു. എന്നാൽ ഇബ്രാഹിം നബി ഏകദൈവ വിശ്വാസം പ്രബോധനം ചെയ്യാൻ തുടങ്ങുകയും ബിംബാരാധനയെ എതിർക്കാനും തുടങ്ങി. "എന്റെ ദൈവത്തെ നിഷേധിക്കുന്ന പക്ഷം നിന്നെ കല്ലെറിഞ്ഞ് കൊല്ലുമെന്ന്" പിതാവ് ഭീഷണിപ്പെടുത്തി. തന്നെ കഠിനമായെതിർത്ത വീട്ടുകാരോടും നാട്ടുകാരോടും വിട പറഞ്ഞുകൊണ്ട് ഇബ്രാഹിം നബി സത്യ–

പ്രബോധനത്തിന് പറ്റിയ ഒരിടം നോക്കി പുറപ്പെട്ടു.



ഇറാഖ് മുതൽ ഈജിപ്ത് വരെയും, ഫലസ്തീൻ മുതൽ അറേബ്യൻ ഉപദ്വീപിന്റെ വിവിധ പ്രദേശങ്ങൾ വരെയും ചുറ്റിത്തിരിഞ്ഞു. ദിവ്യ സന്ദേശങ്ങളുമായി ചുറ്റിത്തിരിഞ്ഞ അദ്ദേഹത്തിന് ഈജിപ്തിലെ രാജാവ് ഹാജറാ ബീവിയെ സമ്മാനിച്ചു. കറുത്ത ഒരു അടിമ സ്ത്രീയായിരുന്നു അവർ. ഇബ്രാഹീം നബിയുടെ ആദ്യഭാര്യയായ സാറയിൽ അദ്ദേഹത്തിന് കുട്ടികളുണ്ടായില്ല. സാറയുടെ ആഗ്രഹ പ്രകാരം തന്നെ ഹാജറയെ അദ്ദേഹം സഹധർമ്മിണിയായി സ്വീകരിക്കുകയും അങ്ങനെ ഹാജറയിൽ അദ്ദേഹത്തിന് ഇസ്മായിൽ എന്ന പൊന്നോമന മകനെ ലഭിക്കുകയും ചെയ്തു. ഇബ്രാഹിം നബി ഹാജറയെയും മകനെയും കൂട്ടി യാത്ര തുടർന്നു. പുതിയ പുറപ്പാട് അവരെ താമസിപ്പിക്കാൻ തിരക്കൊഴി-ക്കപ്പെട്ട ശാന്തിതീരം തേടിയായിരുന്നു.

നിരവധി നാളുകളുടെ നിരന്തര യാത്രക്ക് ശേഷം അവർ നാലുഭാഗവും മലകളാൽ ചുറ്റപ്പെട്ട ചുറ്റും പാറക്കല്ലുകൾ നിറഞ്ഞ, എങ്ങും കരിച്ചു കളയുന്ന സൂര്യന്റെ ചുവട്ടിൽ മക്ക എന്ന മരുഭൂമിയിൽ വന്നു ചേർന്നു. ദൈവങ്ങളായിരിക്കുന്ന-വരുടെയും, ദൈവങ്ങളെ ഉണ്ടാക്കുന്നവരുടെയും വിഹാരകേന്ദ്ര

തീർക്കാൻ നിയുക്തനായ ആ ദൈവദൂതൻ അൽപ്പസമയത്തെ വിശ്രമത്തിനു ശേഷം എല്ലാരോട് യാത്ര തുടർന്നു.



ഹാജറ ചോദിച്ചു; "അങ്ങ് ഞങ്ങളെ തനിച്ചാക്കി പോകുകയാണോ." ... "അതെ, നിങ്ങളോടൊപ്പം അല്ലാഹു ഉണ്ട്" എന്ന് പറഞ്ഞുകൊണ്ട് തിരിഞ്ഞു നോക്കാതെ നടന്നകന്നു.

ഹാജറ പിഞ്ചു പൈതലിനോടൊപ്പം ആ താഴ്വരയിൽ തനിച്ചായി. കയ്യിൽ കരുതിയിരുന്ന തോൽ സഞ്ചിയിലെ വെള്ളം കുറെ ദിവസമായപ്പോഴേക്കും തീർന്നു. കത്തുന്ന വെയിലിൽ കുഞ്ഞ് ദാഹിച്ച് കരയാൻ തുടങ്ങി. അവർ അല്ലാഹുവെ വിളിച്ച് പ്രാർത്ഥിച്ചു. ഏതോ ഉൾപ്രേരണയാൽ മകനെ നിലത്തു കിടത്തി "സഫാ" മലയുടെ മുകളിലേക്ക് ഓടിക്കയറി. നീരുറവക്ക് വേണ്ടി ചുറ്റും കണ്ണോടിച്ചു. നിരാശയോടെ താഴെയിറങ്ങി. മറുഭാഗത്ത് കണ്ട "മർവാ" മലയുടെ മുകളിലേക്ക് ഓടിക്കയറി. അവിടെയും ഒരു തുള്ളി വെള്ളമോ ആൾപാർപ്പോ കാണാൻ കഴിഞ്ഞില്ല. വീണ്ടും സഫാ മലയുടെ മുകളിലേക്ക്. ദാഹജലത്തിന് വേണ്ടി രണ്ടു മലകൾക്കിടയിൽ ഓടി നടന്നു. ഈ ഓട്ടത്തെ അനുസ്മരിപ്പിച്ചുകൊണ്ട് ഇന്നും ഹജ്ജിൽ പങ്കെടുക്കുന്ന മുഴുവൻ ആളുകളും ഈ രണ്ട് മലകൾക്കിടയിലൂടെയുള്ള ഓട്ടം നിർബന്ധമാണ്.

ഹാജറാ ബീവി മനം
തകർന്ന് കുട്ടിയെ കിടത്തി-
യിടത്തേക്ക് ഓടി.
തന്റെ കുഞ്ഞിന്റെ ശ്വാസം
നിലച്ചിരിക്കുമോ, എന്ന്
പോലും ശങ്കിച്ചു. എന്നാൽ



കുഞ്ഞിന്റെ അടുത്തെത്തിയപ്പോൾ അവർ ആശ്ചര്യഭരി-
തയായി. ഇസ്മായിൽ കാലിട്ടടിച്ചിടത്തു നിന്ന് വെള്ളം
പൊട്ടി ഒഴുകി കൊണ്ടിരിക്കുന്നു. ഹാജറയുടെ കണ്ണുകൾ
സന്തോഷത്തോടെ നിറഞ്ഞൊഴുകി. വെള്ളം തടഞ്ഞു
നിർത്താൻ ശ്രമിച്ചിട്ടും അതൊഴുകികൊണ്ടിരുന്നു.
അവസാനം അവർ വിളിച്ചു പറഞ്ഞു "സംസം"....
അതായത് "അടങ്ങൂ" എന്ന്.

അന്ന് ഹാജറക്കും കുഞ്ഞിനും ദാഹജലമായും
പിൽകാലത്ത് തീർത്ഥജലവുമായും മാറിയ മരുഭൂമിയിലെ
അത്ഭുതമായ ആ ജലപ്രവാഹത്തിന് "സംസം" എന്ന
പേര് വന്നത് അങ്ങനെയാണ്. വെള്ളം ഉണ്ടായതോടെ
ജനവാസം ആരംഭിച്ചു. മക്കാ പട്ടണത്തിന്റെ പിറവിക്ക്
അത് കാരണമായി.

ഇസ്മായിൽ നബി യുവാവായിരിക്കുമ്പോഴാണ്
ഇബ്രാഹിം നബിയും അദ്ദേഹവും കൂടി കഅ്ബ നിർമ്മിച്ചത്.
ലോകത്തെ മുഴുവൻ മുസ്ലീംങ്ങളും അവരുടെ നിർബന്ധ-
ബാധ്യതയായ 5 നേരത്തെ നമസ്കാരത്തിൽ തിരിഞ്ഞ്
നിൽക്കുന്നത് ഈ കഅ്ബ മന്ദിരത്തിന്റെ നേർക്കാണ്.



മക്കയിലെ മസ്ജിദുൽ ഹറമിൽ
എത്തിയാൽ ആദ്യം ചെയ്യേണ്ടത്
"ത്വവാഫ്" (പ്രദക്ഷിണം) ആണ്.
അല്ലാഹുവിന്റെ നാമത്തിൽ 'ത്വവാഫ്' ആരംഭിക്കുന്നു
എന്ന് പറഞ്ഞുകൊണ്ട് പ്രാർത്ഥന ചൊല്ലി 7 പ്രാവശ്യം
കഅ്ബക്ക് ചുറ്റും പ്രദക്ഷിണം ചെയ്തുകൊണ്ടാണ് ഹജ്ജ്
ആരംഭിക്കുന്നത്.
ത്വവാഫിൽ നിന്ന് വിരമിച്ച ശേഷം 'സഫാ'
'മർവാ' കുന്നുകൾക്കിടയിൽ 7 പ്രാവശ്യം 'സഅ്‌യ്'
(ഓട്ടം) നിർവഹിക്കണം. ഏത് കഷ്ടപ്പാടിലും
അല്ലാഹുവിലുള്ള പ്രതീക്ഷ കൈവിടരുതെന്ന് ഇത്
നമ്മെ പഠിപ്പിക്കുന്നു.
ത്വവാഫ് ഇസ്ലാമിക ജീവിതത്തിന്റെ
പ്രതീകാത്മകമായ പ്രഖ്യാപനമാണ്. ഏകദൈവത്വം
അഥവാ തൗഹീദ് ആണ് ഇസ്ലാമിക ജീവിതത്തിന്റെ
കേന്ദ്രബിന്ദു.

ദുൽഹജ്ജ് മാസം (അറബിമാസം) 8-നാണ്
ഹജ്ജിന്റെ കർമങ്ങൾ ആരംഭിക്കുന്നത്. അന്ന്
സുബ്ഹി (രാവിലെയുള്ള) നമസ്കാരത്തിന് ശേഷം
മിനായിലേക്ക് പുറപ്പെടുന്നു. ആ ദിവസം പകലും
രാത്രിയും മിനയിൽ പ്രാർത്ഥന നിരതരായി
കഴിയുന്നു. ഖുർആൻ പാരായണത്തിലും, ദിക്റു-
കളിലും, പ്രാർത്ഥനകളിലുമായി സമയം
ചെലവഴിക്കുന്നു. ഭൂമിയിൽ പതിച്ച ആദം
അവിടെ വച്ച് സ്വർഗ്ഗം ആഗ്രഹിച്ചതിനാലാണ്



'അഭിലാഷം' എന്ന് അർത്ഥമുള്ള 'മിന' എന്ന പേര് അതിന് ലഭിച്ചതെന്ന് പറയപ്പെടുന്നു.


ദുൽഹജ്ജ് 9 - അറഫാ ദിനം ഹജ്ജിലെ ഏറ്റവും പ്രധാനപ്പെട്ട ദിവസം. സൂര്യൻ ഉദിച്ച ശേഷം മിനയിൽ നിന്ന് അറഫയിലേക്ക് പുറപ്പെടുന്നു. സൂര്യൻ അസ്തമിക്കുന്നത് വരെ അറഫയിൽ കഴിയണം. പ്രാർത്ഥനകൾക്കുത്തരം കിട്ടുന്ന, അല്ലാഹുവിന് ഏറ്റവും പ്രിയപ്പെട്ട സന്ദർഭമാണ് അറഫിലെ ഒരുമിച്ചുകൂടൽ. ഹജ്ജ് എന്നാൽ അറഫയിലെ ഒരുമിച്ചുകൂടൽ. അൽപനേരമെങ്കിലും അറഫയിൽ നിൽക്കാത്തവർക്ക് ഹജ്ജ് ലഭ്യമല്ല. വിലക്കപ്പെട്ട കനിതിന്ന് സ്വർഗത്തിൽ നിന്നും പുറത്താക്കപ്പെട്ട ആദം നബിയും ഹവ്വാബീവിയും കണ്ട് മുട്ടി തിരിച്ചറിഞ്ഞത് അവിടെ വച്ചായതിനാൽ 'അറിവ്' എന്ന് അർത്ഥമുള്ള 'അറഫ' എന്ന പേര് ലഭിച്ചു.

ഭൂമിയുടെ ഒരറ്റം മുതൽ മറ്റേയറ്റം വരെയുള്ള മുഴുവൻ തീർത്ഥാടകരും, കറുത്തവരും, പണ്ഡിതരും, പാമരരും, ദരിദ്രരും, ധനികരുമെല്ലാം ഒരേ വേഷത്തിൽ ഒത്തു ചേർന്നിരിക്കുന്നു. അവിടെ വിശ്വാസികൾ എല്ലാവിധ സ്വാർത്ഥതകളിൽ നിന്നും ശാരീരികേച്ഛകളിൽ നിന്നും ദുർമോഹങ്ങളിൽ

നിന്നും മുക്തരാണ്. ഇസ്ലാമിക
സമൂഹത്തിന്റെ ശക്തിയുടെയും
പ്രഭാവത്തിന്റെയും പ്രകടനമാണ് ഹജ്ജ്. സൂര്യൻ
അസ്തമിക്കുന്നതോടു കൂടി അറഫയിൽ നിന്നും
മുസ്ദലിഫയിലേക്ക് പുറപ്പെടുകയും അന്നു രാത്രി
അവിടെ കഴിച്ചു കൂട്ടുകയും ചെയ്യണം. തീർത്ഥാടകർ
മുസ്ദലിഫയിലെത്തുന്നത് അറഫയിൽ നിന്നും
നേടിയ അറിവിന്റെയും ജീവിത വിശുദ്ധിയുടെയും
വെളിച്ചവുമായാണ്. ദുൽഹജ്ജ് 10-ലെ സുബ്ഹിക്ക്
മുസ്ദലിഫയിൽ നിന്നും വീണ്ടും മിനായിലേക്ക്
യാത്ര ആരംഭിക്കുന്നതിന് മുമ്പ് ജംറയിൽ
എറിയാനുള്ള 7 കല്ലുകൾ ശേഖരിക്കുന്നു.

ഇബ്രാഹിം നബി തന്റെ മകൻ ഇസ്മായിലിനെ
അല്ലാഹുവിന്റെ നിർദ്ദേശപ്രകാരം ബലി
അറുക്കാൻ സന്നദ്ധനായി ഇറങ്ങി തിരിച്ചപ്പോൾ
പിശാച് പിന്തിരിപ്പിക്കാനൊരുങ്ങി. സൃഷ്ടാവിന്റെ
മുമ്പിലെ സൃഷ്ടിയുടെ സമർപ്പണം പിശാചിന്
സഹിക്കാൻ സാധിക്കുന്നതിലുമപ്പുറമായിരുന്നു. മനുഷ്യൻ
അല്ലാഹുവോടുള്ള അനുസരണത്തിൽ വിജയി-
ക്കുമ്പോഴെല്ലാം പിശാച് അവനെ വഴിതെറ്റിക്കാൻ
ശ്രമിക്കും. എന്നാൽ ഇബ്രാഹിം നബി അവന്റെ
ദുർബോധനങ്ങളെ കല്ലെറിഞ്ഞ് പരാജയപ്പെടുത്തി.
ആ സംഭവത്തിന്റെ പ്രതീകാത്മകമായിട്ടാണ്
ജംറയിലെ കല്ലേറ്.

ഇസ്മായിൽ നബിയെ ബലി അറുക്കാൻ തുടങ്ങിയപ്പോഴേക്കും "നിന്റെ ബലി ഞാൻ സ്വീകരിച്ചിരിക്കുന്നു" എന്ന് പറഞ്ഞുകൊണ്ട് ഒരു ആട്ടിൻ കുട്ടിയെ



അല്ലാഹു ഇറക്കിക്കൊടുത്തു. ഇതിന്റെ ഓർമ്മക്കായി ആ ദിവസം ലോകമെമ്പാടുമുള്ള മുസ്ലിം ജനത ബലി അറുക്കുന്നു. ഇതിന് 'ബലിപെരുന്നാൾ' ആഘോഷിക്കുന്നു.

ദുൽഹജ്ജ് 11 ആം, 12 ആം എന്നീ ദിനങ്ങളിൽ 7 വീതം കല്ലെറിയണം. മനുഷ്യനെ വഴിപിഴപ്പിക്കുന്ന ചെറുതും വലുതുമായ എല്ലാത്തരം പിശാചുക്കളെയും എറിഞ്ഞോടിച്ച് പരിശുദ്ധിനേടിയാണ് തീർത്ഥാടകർ മിനയോട് വിട പറയേണ്ടത്. അതിനു ശേഷം ഹജ്ജ് അവസാനിപ്പിച്ചു മടങ്ങുന്നതിന് മസ്ജിദുൽ ഹറമിലെത്തി ത്വവാഫുൽ വിദാഅ് (വിടപറയൽ) ത്വവാഫ് നിർവ്വഹിക്കുന്നു.

Vegetable printing



With P.P

Sanjeev Dev . M.D

# ഒരു നേർത്ത തേങ്ങൽ



സിന്ധു. N.R

മനസ്സിനകത്തൊരു വിങ്ങൽ... ആ വിങ്ങലൊരു നെടുവീർപ്പായും പിന്നെയെപ്പോഴോ ഒരു തേങ്ങലായും പുറത്തുവന്നു. ഒരു ഞാറക്കിളിപോലെ തേങ്ങിക്കരയുമ്പോഴും മനസ്സിലാരോ പിന്നെയും, സാന്ത്വനപ്പെടുത്താൻ ചോദ്യങ്ങളുമായി വന്നു. ഉത്തരം, അതെന്റെ ഉള്ളിൽത്തന്നെയുണ്ട്... യുഗാന്തരങ്ങളായി ഉറഞ്ഞുതീരുന്ന മനസ്സിൽ ഒരു വലിയ ഉത്തരം! ഒരിക്കലും സ്വന്തമാക്കാൻ ആഗ്രഹിച്ചിട്ടില്ല, എങ്കിലും ആരോ പറിച്ചെടുക്കുമ്പോൾ എന്റെ മനസ്സ് പിടയുന്നു. നിലവിട്ടു കരയുന്നു, സഹിക്കാൻ കഴിയാതെ മനസ്സിന്റെ നീറ്റൽ തേങ്ങലായി പിന്നെപ്പിന്നെ നീർച്ചാലുകളായി ഒഴുകുന്നു. അനിയന്ത്രിതമായിട്ടൊഴുകുന്ന കണ്ണുനീർ ചാലുകൾ അമർത്തിത്തുടച്ച് വിനീത തെക്കിനിയിലെ വാതിൽ ചാരുന്നു. അങ്ങു ദൂരെ കൺചിമ്മിക്കൊണ്ട് ആ നക്ഷത്രം തന്റെ ഹൃദയം — ഉരുകിത്തിളയ്ക്കുന്ന ഹൃദയം പോലെ തന്നെ ചുവന്നു നിൽക്കുന്നു.

'എനിക്കറിയാമായിരുന്നു ഈ നിമിഷത്തെ... എന്തോ, എപ്പോഴൊക്കെയോ ഒരു ദുഃസ്വപ്നം പോലെ ഞാൻ മുൻകൂട്ടി അറിഞ്ഞിരുന്നു. ഓർമ്മകളിൽ പോലും വിനീത നിറഞ്ഞിരുന്നു.

ഒരിക്കലും തന്റെ നർമ്മപ്പൂമ്പാരമേൽക്കാതെ.
അകലെയാ മട്ടുപ്പാവിൽ, സ്വർണ്ണ മട്ടുപ്പാവിൽ വിരിഞ്ഞു നിൽക്കുന്ന 'പനിനീർപ്പൂവ്'. സോമരശ്മികളോട് നിലാവുകളിൽ എന്നോട് കിന്നാരം പറയുന്ന പനിനീർപ്പൂവ്. വിനീതയുടെ നീലക്കണ്ണുകളിൽ പനിനീർപ്പൂവിന്റെ നിർമ്മല!... പിന്നീട് ആ കണ്ണുകളിൽ പരിഭവം നിറഞ്ഞു.

'എന്റെ മനസ്സെപ്പോഴും ആ പനിനീർപ്പൂവിനടുത്തായിരുന്നു. ഒരിക്കൽ പോലും അതിന്റെ നനുനനുത്ത ദളങ്ങളിൽ ഞാൻ തൊട്ടിട്ടില്ല. ഒരിക്കൽ പോലും ഞാൻ ആ സുഗന്ധം വലിച്ചെടുത്തിട്ടില്ല. ഒരിക്കൽ പോലും എന്റെ മനസ്സ് അത് പറിച്ചെടുക്കാൻ ആഗ്രഹിച്ചിരുന്നില്ല.' എന്നിട്ടും എന്നെ പിരിഞ്ഞതെന്തേ... ഒരു നിലവിളിപോലെ വിനീതയുടെ ശബ്ദം ഉറക്കത്തിൽ അലയടിച്ചു.

'അനന്തതയുടെ അപാരതയിൽ കോടാനുകോടി നക്ഷത്രങ്ങൾക്കിടയിൽ ഉരുകിത്തീരുമ്പോൾ, അകലെയകലെ വിടർന്നു നിൽക്കുന്ന പനിനീർപ്പൂവ്, എന്റെ മനസ്സ് തൊട്ടുനിൽക്കുന്ന പൂവ്... ഒരിക്കലും വാടാത്ത, ഞാനറിയാത്ത സുഗന്ധം വമിക്കുന്ന ആ പനിനീർപ്പൂവ് എന്റെ സ്വപ്നമായിരുന്നു. ആ പൂവിനെ മനസ്സുകൊണ്ട് ഇത്രയും അടുത്തറിഞ്ഞ ഒരാൾ... ഞാൻ.. ഞാൻമാത്രമായിരിക്കാം...' തുടിക്കുന്ന ഹൃദയത്തെ മുറുകെ പിടിച്ചുകൊണ്ട് വിനീതയുടെ ഓർമ്മകൾ ഒഴുകി...

'എന്റെ സ്വപ്നങ്ങൾ, എന്റെ വേദനകൾ, സന്തോഷങ്ങൾ അങ്ങിനെ എന്തെല്ലാം... എനിക്കെന്നും തണലായിരുന്നു ആ പനിനീർപ്പൂവ്.' കലങ്ങിയ ഓർമ്മകൾ വീണ്ടും വീണ്ടും ഓർത്തെടുത്ത് ഒരു കുഞ്ഞിനെപ്പോൽ വിനീത ആകാശത്തിന്റെ മട്ടുപ്പാവിലേക്ക്

എത്രയെത്ര രാത്രികൾ.... ആ സ്വർണ്ണ മുടിച്ചാർത്തും, ആ മണൽത്തരികളും, കുഞ്ഞോളങ്ങളും എന്റെ സ്വപ്നങ്ങളെ താലോലിച്ചിരുന്നു.

"ദൂരെ ദൂരെ... അങ്ങ് ആകാശത്തിന്റെ നെറുകയിൽ ഉദിച്ചുനിൽക്കുന്ന ഈ കുഞ്ഞിനക്ഷത്രത്തെ പനിനീർ പൂവ് കണ്ടിട്ടുണ്ടാകുമോ.... തുടിക്കുന്ന ഹൃദയത്തിന്റെ ഹൃദയതാളം കേട്ടിരുന്നുവോ... കുഞ്ഞിളം കാറ്റിലും, മഞ്ഞിന്റെ നേർത്ത തണുപ്പിലും ഊഞ്ഞാലാടുമ്പോൾ എന്നെ നീ ഓർക്കുന്നോ... ഇല്ല! ഞാൻ നിന്നോട് ഒന്നും പറഞ്ഞിരുന്നില്ലല്ലോ..... എന്റെ ഹൃദയത്തിന്റെ തുടിപ്പ് നീ ഒരിക്കലും അറിഞ്ഞില്ലല്ലോ.... പരിഭവമില്ല.... ഒരിക്കലും നിന്നോട് പരിഭവിക്കാൻ എനിക്ക കഴിയില്ല കുഞ്ഞിപ്പൂവേ!"



"എല്ലാം എന്റെ തെറ്റായിരുന്നോ?"

"തെറ്റല്ല... എന്റെ സ്നേഹത്തെ തിരിച്ചറിയാൻ ഞാൻ ഒരിക്കലും ശ്രദ്ധാലുവായിരുന്നു."

"ഞാനെന്തേ കാണാതെ പോയി...."

"നിന്റെ ദൃഷ്ടി എന്നിൽ പതിയാതിരിക്കാൻ ഞാൻ എപ്പോഴും ശ്രമിച്ചിരുന്നു. ഒരു ഒളിച്ചുകളിയായിരുന്നു നമുക്കിടയിൽ. നീ തെക്കിനിയിലേക്ക് നോക്കുമ്പോൾ ഞാനാ കാർമേഘത്തിനുള്ളിലോ, ചെന്തെങ്ങിന്റെ ഓലകൾക്കിടയിലോ മറഞ്ഞിരുന്ന് നിന്നെ നോക്കും.... എന്റെ ഏറ്റവും വലിയ സന്തോഷം ആ ഒളിച്ചുകളി തന്നെയായിരുന്നു".

"എന്റെ പ്രണയം... അതെന്നും മനോഹരമായിരുന്നു"

"അങ്ങനെ നിന്റെ ഓരോ വളർച്ചയും ഞാൻ നോക്കി കാണുന്നുണ്ടായിരുന്നു. ബാല്യം, പൂവമ്പൂരാശിപ്പൂത്ത കൗമാരകാലം... പിന്നൊരുനാൾ ഇതളെല്ലാം വിരിഞ്ഞ് നീയൊരു മനോഹര പനിനീർ പൂവായി.... ആ നില്പു കണ്ടപ്പോൾ ഞാൻ എന്തുമാത്രം ആഹ്ലാദിച്ചെന്നോ... ആ കാലം മുഴുവൻ ഞാൻ നിന്റെ പ്രണയം വർണ്ണിച്ചു. നിന്റെ തുടുത്ത കവിളിന്റെ സൗന്ദര്യത്തെക്കുറിച്ച് ഞാൻ പാടിപ്പുകഴ്ത്തി. എന്റെ സ്വപ്നമേഘങ്ങളിൽ നിന്റെ ചിത്രം വർണ്ണചായത്തിൽ വരച്ചു.... എന്തെല്ലാം കഥകൾ....

കവിതകൾ എല്ലാം എന്റെ പനിനീർ
പൂവിനു വേണ്ടിയായിരുന്നു.

"എന്റെ പൂക്കാലം... അതൊരു ദിവസം വിട
പറഞ്ഞു....."

"ആ പ്രഭാതം ഞാനിന്നുമോർക്കുന്നുണ്ട്... സൂര്യപ്രകാശം മങ്ങിയ ദിവസം... എന്റെ കണ്ണുകളിൽ നേർത്ത പ്രകാശത്തിന്റെ കുത്തൽ... ഞാൻ കാണുന്നു, നിന്റെ നേർത്ത ദളങ്ങളിൽ ആരോ ഉമ്മ വയ്ക്കുന്നു.... നിന്റെ സുഗന്ധം ഉൾക്കുടന്നിലേയ്ക്കാവാഹിക്കുന്നു.... നിന്റെ അരുണിമ ആരോ കവർന്നെടുക്കുന്നു... ഓ... ഇന്നും എനിക്ക് ഓർക്കാൻ പോലും വയ്യ, എന്റെ മനസ്സിൽ കൂർത്ത നഖങ്ങളാഴ്ത്തിയത്... പിടയുന്ന മനസ്സിൽ നിന്നും ശബ്ദം വരുന്നില്ല... ഒന്നാകെ വിളിക്കാൻ ഈ ലോകത്തെ വിളിച്ചുണർത്താൻ, എന്റെ ഹൃദയം തുറന്നു കാണിക്കാൻ ഞാൻ ശ്രമിച്ചു. പക്ഷെ എനിക്കെന്റെ ശബ്ദം നഷ്ടപ്പെട്ടിരുന്നു. എന്റെ ശബ്ദം വീണ്ടെടുത്ത് ആയിരം കണ്ണുനീർത്തുള്ളികളായി."

"ആ കൂർത്ത നഖങ്ങൾക്കിടയിൽ ഞാനനുഭവിച്ച വേദന"!
ആ കൂർത്ത നഖങ്ങൾ നിന്റെ നേരെ നീളുമ്പോൾ
ആ അരുണ ദളങ്ങളിൽ നഖങ്ങൾ ആഴ്ന്നിറങ്ങുമ്പോൾ, പൊടിഞ്ഞ് ഇറ്റുവീഴുന്ന രക്തം

അതെന്റെ രക്തമായിരുന്നു... എന്റെ പ്രണയത്തിന്റെ രക്തത്തുള്ളികളായിരുന്നു. ഹൃദയത്തിലെഴുതിച്ചേർത്തുവച്ച പ്രണയത്തിന്റെ അക്ഷരങ്ങളായിരുന്നു. ഞാനെന്റെ കണ്ണുകൾ ഇറുകെ പൂട്ടി. അപ്പോഴെനിക്ക് കാണാമായിരുന്നു എന്റെ പ്രകൃതി പെണ്ണിന്റെ പൂവാടത്തിലെ പനിനീർപ്പൂവ് പതുക്കെപ്പതുക്കെ വിടരുന്നത്.. ഇളം തെന്നലിൽ ലയിച്ചാടുന്നത്... ഓർമ്മകളിൽ കുളിർന്ന നവങ്ങൾ കടന്നുവരില്ല. ഞാനെന്റെ ഓർമ്മകളിൽ ആയിരം പനിനീർപ്പൂക്കൾ വിരിയിക്കും.. പിന്നെ ഞാനാ തോട്ടത്തിന്റെ സൂക്ഷിപ്പുകാരിയാവും. വിണ്ണിലെരിയുന്ന ആ മിന്നിമിനിയിലെ കുഞ്ഞിനക്ഷത്രത്തിന് ആ ഓർമ്മകൾ ഒരു യുഗത്തിലേക്കുള്ളതല്ല, മറിച്ച് യുഗയുഗാന്തരങ്ങളിലേക്കുള്ളതാണ്. നിന്നെത്തേടിയുന്ന ഓർമ്മകളിൽ എന്നുമെന്റെ പനിനീർപ്പൂവുണ്ടാകും.. പനിനീർപ്പൂവു മാത്രം !"

അനന്തതയുടെ മട്ടുപ്പാവിലേക്കു നോക്കി വിനീതയുടെ സാക്ഷ്യപ്പെടുത്തൽ. ശാന്ത സുന്ദരമായ മുഖം... പതുക്കെയാ ജാലകങ്ങളടച്ച് വിനീതയുറങ്ങി... യുഗയുഗാന്തരങ്ങളിലേക്ക് ഉണരാൻ !

# ആത്മഗതം

ദിവ്യ ബിജു

ഒരു നാളീ വൃക്ഷത്തിൻ
മടിയിൽ നിന്നുയർന്നു ഞാൻ
പ്രകൃതി തൻ ക്ഷണമെന്റെ
കാതിലേക്കെത്തവേ
മിഴികൾ തുറന്നു ഞാൻ
അനന്തവിശാലമായ്
കണ്ടന്നൊരീ തലം
അത്ഭുതം കൂറി ഞാൻ!
നാമ്പായ് കിളിർത്തു ഞാൻ
പിന്നെ വളർന്നവൻ
മരമായ് മാറിലയോ,
ഈ ലോകം കാത്തുവച്ചോ-
രാപത്തും സ്വീകരി-
ച്ചെന്നു പോഷിച്ചു ഞാൻ.
പെരുമഴയെത്തവേ
കോരിത്തരിച്ചു ഞാൻ
പൂത്തു വിടർന്നു നിന്നു-
ല്ലസിച്ചാ കാലം
പൂക്കൾ കൊഴിയവേ
ആശങ്കയാലുള്ളിൽ
ഇനിയെന്തെന്നറിവില്ല
അന്തിച്ചു നിന്നു ഞാൻ
കുഞ്ഞുകായ്കൾ മിഴി
ചിമ്മിത്തുറന്നെത്തി

നോക്കവേയെന്നുള്ളിൽ 2
സാന്ത്വനമായിരുന്നു.
നിനയ്ക്കാതെയെന്നിലെ-
തെത്തിയൊരുണ്ണികൾ
എൻ ജീവിതത്തിലെ
മാറ്റത്തിൻ കണ്ണികൾ
എന്നിലെയെന്നെയും
പങ്കിട്ടെടുത്തവർ
എൻ ജീവസാരമായ്
തീർന്നിതെയിന്നവർ
കായ്കൾ പഴുത്തു തുടുത്തു
ഞെട്ടിൽ നിന്നും
വേർപെടാനായി കൊതിച്ചു നിന്നു
അവർ തങ്ങളിൽ പേറുന്ന
വിത്തുമായ് മണ്ണിലേക്കെത്തുവാൻ
പുതിയൊരു ജീവിതം
സ്വപ്നമായ് സൂക്ഷിച്ചു-
മാനസേ, വെമ്പൽകൊണ്ടു.
ഉണ്ണിയൊരാൾ മാത്രം നിന്നെൻ
മാറിലൊട്ടി ചേർന്നവൻ
കൊഞ്ചലും കുഴയലും മാറാതെയും
കിളുന്തായുള്ള കായ് ചുന മാറാതെയും
പാകമാകാൻ മടി കാട്ടിയും
വേറിട്ടൊരു ജീവിതക്കൊതി

കാട്ടാതെയും , പിണങ്ങാതെയും,
"എന്നെ പിരിയാതെയെന്നമ്മേ
നിനക്കെന്നെ കൈപിടിച്ചെന്നും
വാഴ്‌വിൽ വാഴുകയോ"
യെന്നെൻ നെഞ്ചുപൊട്ടും വിധം
കേണും, ഞെട്ടിത്തരിച്ചുപോയ്
ഞാന,തിൻ ശേഷമെൻ
ഉള്ളിലുറപ്പിച്ചു, "ഞാൻ
തന്നെ തിരുമാനിക്കണം",മിന്നിവന്റെ
വാക്കുകൾ കണക്കിലെടുക്കണം;
പാരിലെല്ലാരുമേ വ്യത്യസ്തം
പാതകൾ, ലക്ഷ്യങ്ങളും
എല്ലാറ്റിനുമുപരി കർമ്മങ്ങളും
വ്യക്തികൾ തൻ ശരികളും
വ്യത്യസ്തമാണെന്നറിഞ്ഞിതൻ
പാതയിൽ കൂടെ നിൽക്ക-
യെൻ കർത്തവ്യമെന്നതും
തിരിഞ്ഞുള്ളോരെൻ
കർമ്മധർമ്മങ്ങളിലാണു ഞാൻ
ജീവിക്കയാണിന്നണർവിന്റെ തൃപ്തിയിൽ



With P.P

GAGAN BABU

# ഈ ലോകം കൗതുകങ്ങളുടെ കലവറയാണ്.

ഗീതാബാബു

കൗതുകങ്ങളുടെ കലവറയാണ് പ്രപഞ്ചം എത്ര എത്ര പറഞ്ഞാലും തീരാത്ത അത്രയും കൗതുകങ്ങൾ പ്രപഞ്ചത്തിലുണ്ട്. ഇന്നത്തെ പ്രധാന മാധ്യമങ്ങളിലെല്ലാം കൗതുക വാർത്തകൾ നാം കാണാറുണ്ട്. ലഡാക്കിൽ പുരുഷന്മാരാണ് തലയിൽ പൂ ചൂടുന്നതെന്നറിയുമ്പോൾ ആശ്ചര്യം നമുക്കേയുള്ളൂ. അതു പോലെ അമേരിക്കയിൽ മുന്തിര കൊണ്ടുള്ള ന്യൂഡിൽസിന് പ്രിയമേറെയാണെന്നറിയുമ്പോൾ ആശ്ചര്യത്തിന്റെ കൂടെ അമ്പരപ്പും നമ്മിലുളവാക്കുന്നു. ഇതു പോലെ നമുക്ക് ചുറ്റുമുള്ള പല സംഭവങ്ങളും മറ്റുള്ളവർക്ക് ആശ്ചര്യകരമായിരിക്കും.

തിരഞ്ഞെടുത്ത ഏതാനും കൗതുക വാർത്തകൾ താഴെ ചേർക്കുന്നു.

"ഹൈദരാബാദിലെ ഗോൽക്കൊണ്ട കോട്ടയ്ക്കടുത്തുള്ള 700 വർഷം പഴക്കമുള്ള ഒരു മരത്തിന്റെ പൊത്തിൽ ഏതാണ്ട് 12 പേർക്ക് സുഖമായി കഴിയാനുള്ള സ്ഥലമുണ്ട്".

"നീരാളിയുടെ കൃഷ്ണമണി ചതുരാകൃതിയിലാണ്!

"ടരാന്റുല എന്നയിനം ചിലന്തിക്ക് ഭക്ഷണ മില്ലാതെ രണ്ടരവർഷം വരെ ജീവിക്കാൻ കഴിയും'

"മനുഷ്യശരീരത്തിൽ ജീവിതത്തിൽ ഒരിക്കൽപോലും വലിപ്പം കൂടാത്ത ഒരേയൊരു ഭാഗമേയുള്ളൂ. കണ്ണ്

"ചീവിടുകൾ ശബ്ദം കേൾക്കുന്നത് മുട്ടു കാലിലൂടെയാണ്"

"ഏറ്റവും കൂടുതൽ വിറ്റഴിക്കുന്ന പകർപ്പവകാശമുള്ള പുസ്തകമെന്ന പേരിൽ 1974-ൽ ഗിന്നസ് ബുക്കിൽ കയറിപ്പറ്റിയ പുസ്തകം ഏതാണെന്നറിയമോ! ഗിന്നസ് ബുക്ക് തന്നെ"

"മനുഷ്യൻ നിർമ്മിച്ച ആദ്യത്തെ സംഗീതോ-പകരണം ചെണ്ടയാണത്രെ!

"ആർത്തിയോടെ തേൻ കുടിക്കുമ്പോൾ ഒരു കാര്യം ഓർമ്മിക്കുക. പാവം തേനീച്ചകൾ ഏതാണ്ട് 150 കിലോമീറ്ററെങ്കിലും ചുറ്റിയാണ് ഒരു ഗ്രാം തേൻ ശേഖരിക്കുന്നത്"

"മനുഷ്യനടക്കം ഒട്ടുമിക്ക ജീവികൾക്കും ഒരു ഹൃദയമേയുള്ളൂ. എന്നാൽ മണ്ണിരയുടെ കാര്യം അങ്ങനെയല്ല. ചിലയിനം മണ്ണിരകൾക്ക് പത്ത് ഹൃദയങ്ങൾ വരെ ഉണ്ടാകും.


Merry Christmas!

# ക്രിസ്മസ്
## അർത്ഥവും ആചാരങ്ങളും.

ജ്യോത്സ്ന. ബേബി.

ക്രിസ്മസിനോടനുബന്ധിച്ച് വീടുകളും വീഥികളും അലങ്കരിച്ച്, നക്ഷത്ര വിളക്കുകൾ കൊളുത്തി യേശുവിന്റെ ജന്മദിനം ആഘോഷിക്കുവാൻ എല്ലാവരും ഒരുങ്ങാറുണ്ട്. ക്രിസ്മസ് കാർഡുകളും. ആശംസകളും പ്രിയപ്പെട്ടവർക്ക് കൈമാറികൊണ്ട് തിരുപിറവിയുടെ ആനന്ദവും ആഹ്ലാദവും പങ്കുവയ്ക്കുന്നു. ഗായക സംഘങ്ങൾ ക്രിസ്മസ് കരോളുകൾ ആലപിച്ചുകൊണ്ട് ക്രിസ്തുവിന്റെ തിരുജനനം വിളംബരം ചെയ്യും. തിരുപ്പിറവി ചിത്രീകരിക്കുന്ന പുൽക്കൂടുകൾ - ക്രിബ്ബുകൾ ദേവാലയങ്ങളിലും ഭവനങ്ങളിലും സജ്ജമാക്കുന്നു. ദീപാലംകൃതമായ ക്രിസ്മസ് ട്രീയും വർണ്ണപ്പൊലിമയോടെ കടന്നു വരുന്ന ക്രിസ്മസ് ഫാദർ എന്നു വിശേഷിപ്പിക്കപ്പെടുന്ന സാന്താക്ലോസും ക്രിസ്മസ് ആഘോഷങ്ങളുടെ ഭാഗമാണല്ലോ. വിവിധ രാജ്യങ്ങളിൽ ക്രിസ്മസിനോടനുബന്ധിച്ചുള്ള വൈവിധ്യമാർന്ന ആചാരങ്ങളും ഐതിഹ്യങ്ങളും ലോക-

വ്യാപകമായി പ്രചരിച്ചിട്ടുണ്ട്. വിശ്വമഹോത്സവ-
മായ ക്രിസ്മസിന്റെ കേന്ദ്രമാകട്ടെ സ്നേഹ-
സ്വരൂപനാം കാരുണ്യമൂർത്തിയുമായ ദൈവപുത്രനായ
യേശുക്രിസ്തു തന്നെയാണ്.

ക്രിസ്തുവിന്റെ കുർബാന എന്നർത്ഥമുള്ള പഴയ ഇംഗ്ലീഷിലെ ക്രിസ്റ്റെസ്, മെസ്സെ എന്നീ വാക്കുകൾ ലോപിച്ചതാണ് ക്രിസ്മസ്. ഡിസംബർ-25ന്- പാതിരാവിൽ ദേവാലയങ്ങളിൽ അർപ്പിക്കുന്ന തിരുജനന തിരുകർമ്മങ്ങളെ ഇത് സൂചിപ്പിക്കുന്നു. റോമിലെ അജയ്യ സൂര്യന്റെ ഉത്സവം അനുരൂപ-പ്പെടുത്തിക്കൊണ്ട് എ.ഡി. 350 മുതലാണ് ക്രിസ്തീയ സഭ ഡിസംബർ-25-ന് ക്രിസ്തുവിന്റെ തിരുപിറവി ആഘോഷിക്കുവാൻ തുടങ്ങിയത്. അതിനുമുമ്പ് ജനുവരി-6-നോ 18നോ ക്രിസ്മസ് ആചരിച്ചു വന്നു.

**ആഗമനകാലം :-** യേശുവിന്റെ തിരുപിറവിയാ-ഘോഷത്തിന് ഒരുക്കമായ ഇരുപത്തിയഞ്ച് ദിവസം നീണ്ടുനിൽക്കുന്ന ആഗമനകാലത്ത് പാശ്ചാത്യരാജ്യങ്ങളിൽ ചില പുൽത്തൊട്ടി

കൂടിയ വ്യത്യാകൃതിയിലുള്ള നിന്ന് വീടുകളിൽ സ്ഥാപിക്കാറുണ്ട്. ഓരോ ഞായറാഴ്ചയും ഇളം, ധൂമ്രം, റോസ്, സുവർണ്ണം എന്നി നിറങ്ങളിലുള്ള തിരികൾ അതിൽ കൊളുത്തി ക്രിസ്തുവിന്റെ വരവിനായി പ്രാർത്ഥനാപൂർവ്വം കാത്തിരിക്കുന്നു. പഴയകാലത്തെപോലെ കർക്കശമല്ലെങ്കിലും നോമ്പാചരണത്തോടുകൂടിയ ഇരുപത്തിയഞ്ചു നോമ്പ് ക്രിസ്തീയ വിശ്വാസികൾ ആചരിക്കാറുണ്ട്. പശ്ചാത്താപത്തിന്റെയും പാപപരിഹാരത്തിന്റേയുമായ ഈ പുണ്യദിനങ്ങളിൽ വീടിൽ ജ്വലിക്കുന്ന തിരികൾ നിർമ്മലവും പ്രകാശപൂരിതവുമായ ഹൃദയത്തിന്റെ ചിഹ്നങ്ങളായി കണക്കാക്കുന്നു. ക്രിസ്മസ് ആശംസകളിൽ ജ്വലിക്കുന്ന തിരികൾ ചേർക്കാറുണ്ട്.

**നക്ഷത്രവിളക്ക്:-** യേശുവിന്റെ ജനനസമയത്ത് ആകാശത്ത് പ്രത്യക്ഷപ്പെട്ട നക്ഷത്രത്തെ അനുസ്മരിച്ചുകൊണ്ട് വീടുകളിലും സ്ഥാപനങ്ങളിലും ദേവാലയങ്ങളിലും നക്ഷത്രവിളക്കുകൾ ജാതിമത ഭേദമെന്യേ തൂക്കിയിടാറുണ്ട്. നക്ഷത്രം കണ്ടിട്ടാണല്ലോ പൗരസ്ത്യ ദേശത്തുനിന്ന് ജ്ഞാനികൾ

ബെത്‌ലഹേമിൽ എത്തിയത്. ക്രിസ്തു ഞങ്ങളുടെ ഭവനത്തിൽ വന്നിരിക്കുന്നുവെന്ന സൂചന കൂടി നക്ഷത്രവിളക്കുകൾ നല്കുന്നുണ്ട്.

**ക്രിസ്മസ് ട്രീ:-** പുൽമരത്തിന്റെ ശിഖരം വീടിനുള്ളിലോ, പൊതുസ്ഥലത്തോ നാട്ടി, അതിൽ വർണ്ണ കടലാസുകളും, പഞ്ഞിക്കഷ്ണങ്ങളും, നക്ഷത്രങ്ങളും, സമ്മാനപൊതികളും തൂക്കിയിടുന്ന ക്രിസ്മസ് ട്രീ തിരുപിറവിയാഘോഷത്തിന്റെ പ്രത്യേകതയത്രേ. ദക്ഷിണ ജർമ്മനിയിലെ സ്ട്രാസ് ബർഗിൽ 1605 ഡിസംബർ 24ന് നിർമ്മിച്ച ക്രിസ്മസ് മരമാണ് ആദ്യത്തെ ക്രിസ്മസ് ട്രീയായി അറിയപ്പെടുന്നത്. പറുദീസയിലെ ജീവന്റെ വൃക്ഷത്തോട് ക്രിസ്മസ് ട്രീയെ ഉപമിക്കുന്നതുകൊണ്ട് "പാരഡൈസ് ട്രീ" എന്നും അറിയപ്പെടുന്നു.

**സാന്താക്ലോസ്:-** ഏഷ്യാമൈനറിലെ ലിഡിയയിൽ ജീവിച്ചിരുന്ന മീറയിലെ മെത്രാനായ നിക്കോളാസ് പുണ്യവാളനാണ് ക്രിസ്മസ് പപ്പാ ഫാദർ എന്നറിയപ്പെടുന്ന സാന്താക്ലോസ്. കുട്ടികൾക്ക് ക്രിസ്മസ് രാത്രിയിൽ അദ്ദേഹം സമ്മാന-

പൊതികൾ വീടുകളിൽ വയ്ക്കുമെന്നാണ്
ഐതിഹ്യം. ദരിദ്രർക്കും അനാഥർക്കും അദ്ദേഹം
സദാ സഹായം നല്കാറുണ്ടായിരുന്നു. വിവാഹ
പ്രായമെത്തിയ മൂന്നു പാവപ്പെട്ട പെൺകുട്ടികൾക്ക്
അദ്ദേഹം അവരറിയാതെ ജനലിൽ കൂടി സ്വർണ്ണ-
നാണയക്കിഴികൾ നൽകി സഹായിച്ചുവെന്ന കഥയും
സാന്താ ക്ലോസിന്റെ പിന്നിലുണ്ട്. നിക്കോളാസ്
പുണ്യവാന്റെ തിരുനാളായ ഡിസംബർ - 6-ന് കുട്ടികൾക്ക്
സമ്മാനപ്പൊതികൾ നല്കുന്ന ഹോളണ്ടിലെ
ആചാരമാണ് പിന്നീട് സാന്താക്ലോസായി പരിണ-
മിച്ചത്. നരച്ച താടിയും ചെമന്ന ഉടുപ്പും ചുമലിൽ
മധുരപലഹാരങ്ങളും സമ്മാനപ്പൊതികളുമുള്ള
ഭാണ്ഡവുമായി ജിംഗിൾ ബെൽസിന്റെ താളത്തിൽ
നൃത്തം ചെയ്ത് കുട്ടികളെ സന്തോഷിപ്പിക്കുന്ന
സാന്താക്ലോസിനെയാണ് ഇന്നത്തെ ക്രിസ്മസ്
ആഘോഷങ്ങളിൽ നാം കണ്ടുമുട്ടുന്നത്. തിരുജനന-
ത്തിന്റെ ആഹ്ലാദം പൂർണ്ണമാകണമെങ്കിൽ നമുക്കു-
ള്ളത് മറ്റുള്ളവരുമായ് പങ്കുവയ്ക്കുവാൻ സന്നദ്ധരാ-
കണം.

**പുൽക്കൂട് :-** വിശുദ്ധ നാടുകൾ സന്ദർശിച്ച് ബെത്‌ലെഹമിലെ പുൽത്തൊട്ടി കണ്ടു തിരിച്ചെത്തിയ വിശുദ്ധ ഫ്രാൻസിസ് അസ്സീസി ഇറ്റലിയിലെ ഗ്രേച്ചിയോയിൽ 1223 ക്രിസ്മസ് രാത്രിയിൽ ഗ്രോട്ടോ പോലുള്ള ഉറയിൽ വൈയ്ക്കോൽ നിരത്തി ആദ്യത്തെ പുൽക്കൂട് നിർമ്മിച്ചു. മലമ്പ്രദേശത്തുള്ള കർഷകരും ഇടയന്മാരും കാളയെയും കഴുതയേയും കൊണ്ടുവന്നു, പുൽക്കൂട്ടിൽ അദ്ദേഹം ഉണ്ണിയേശുവിന്റെ തിരുസ്വരൂപം പ്രതിഷ്ഠിച്ചു. അദ്ദേഹം ഹൃദയഹാരിയായ ക്രിസ്മസ് സന്ദേശവും നൽകി. അന്നുമുതൽ ക്രിബ്ബ് നിർമ്മിക്കുന്ന പതിവ് യൂറോപ്പിലും തുടർന്ന് ലോകവ്യാപകമായും പ്രചരിച്ചു.

**കരോൾ :-** യേശു ജനിച്ച രാത്രിയിൽ ബേത്‌ലഹേമിൽ സ്വർഗീയ മാലാഖമാർ ആലപിച്ച ആമോദജനകമായ ഗീതം- "അത്യുന്നതങ്ങളിൽ ദൈവത്തിന് മഹത്വം, ഭൂമിയിൽ ദൈവകൃപ ലഭിച്ചവർക്ക് സമാധാനം"- അനുസ്മരിപ്പിക്കുന്നതാണ് ക്രിസ്മസ് കരോളുകൾ. ക്രിസ്മസിന് മുമ്പുള്ള ദിവസങ്ങളിൽ ഗായക സംഘങ്ങൾ വീടുകൾതോറും കരോൾ ഗാനങ്ങൾ ആലപിക്കുന്നത് സർവസാധാരണമാണ്.

## ആശംസകളും സമ്മാനങ്ങളും:-

യേശുവിന്റെ തിരുപിറവി ഉദ്ഘാനം ചെയ്യുന്ന ശാന്തിയും, സമാധാനവും, സംതൃപ്തിയും, സാഫല്യവും പൂർണ്ണമായി ലഭിക്കാനാണെങ്കിൽ എല്ലാവരുമായുള്ള സൗഹൃദം പുതുക്കുവാനും ബന്ധം പുലർത്തുവാനും സന്നദ്ധരാകണം. ആശംസകളും സമ്മാനങ്ങളും കൈമാറിക്കൊണ്ട് സുഹൃദ് ബന്ധങ്ങൾ സുദൃഢമാക്കുവാൻ ക്രിസ്മസ് കാലം അവസരമൊരുക്കുന്നു. 1843ൽ ഇംഗ്ലണ്ടിലെ റോയൽ അക്കാദമിയിലെ കലാകാരനായ ജോൺ കാൽകോട് ഹോൾസ്ലി വിക്ടോറിയ ആൽബെർട്ട് മ്യൂസിയത്തിലെ പ്രഥമ ഡയറക്ടറായിരുന്ന സർഹെൻറി കോളിന്റെ ആവശ്യപ്രകാരം പോസ്റ്റ്കാർഡ് വലിപ്പത്തിലുള്ള കട്ടികടലാസിൽ ക്രിസ്മസ് ചിത്രങ്ങൾ വരച്ച് അതിനടിയിൽ "എ മെറി ക്രിസ്മസ് ആന്റ് ന്യൂ ഇയർ ടു യു" എന്ന് എഴുതിവെച്ചു. ആ കാർഡുകൾ അദ്ദേഹം സുഹൃത്തുക്കൾക്ക് അയച്ചു കൊടുത്തു. ഇങ്ങനെയാണ് ക്രിസ്മസ് കാർഡുകളുടെ ഉത്ഭവം.

പൗരസ്ത്യ ദേശത്തുനിന്ന് വന്ന ജ്ഞാനികൾ നിക്ഷേപ പാത്രങ്ങൾ തുറന്ന് സ്വർണ്ണവും കുന്തിരിക്കവും മീറയും ഉണ്ണിയേശുവിന് തിരുമുൽകാഴ്ചയായി സമർപ്പിച്ചതുപോലെ ക്രിസ്മസ്കാലത്ത് ബന്ധുമിത്രാ-

ദികൾ പരസ്പരം സമ്മാനങ്ങൾ കൈമാറാറുണ്ട്.

ക്രിസ്മസ് സന്തോഷം പൂർണ്ണമാകുന്നത് കുടുംബാംഗങ്ങളും സുഹൃത്തുക്കളുമൊന്നിച്ചുള്ള വിരുന്ന് സത്കാരമത്രെ! അമേരിക്കയിലും കാനഡയിലും ഇംഗ്ലണ്ടിലുമൊക്കെ കോഴിയും താറാവുമാണ് ക്രിസ്മസിന്റെ പ്രത്യേക വിഭവം. ക്രിസ്മസ് കേക്കുകളും ഒരു പ്രധാന ഭാഗമായി തീർന്നിരിക്കുകയാണ്. ഇടവകളിലും കുടുംബകൂട്ടായ്മകളിലും തിരുപിറവി കർമ്മങ്ങൾക്കുശേഷം ക്രിസ്മസ് കേക്ക് മുറിച്ച് പങ്കുവയ്ക്കുന്ന പതിവും കേരളത്തിലും സർവത്ര വ്യാപകമായിട്ടുണ്ട്. നിസ്വരും അഗതികളും അനാഥരുമായവർക്കു കൂടി ക്രിസ്മസ് വിഭവങ്ങൾ നല്കുന്നത് ഏറ്റവും അഭികാമ്യമായിരിക്കും. അതുപോലെ ക്രിസ്മസ് ആഘോഷങ്ങളിലെ ധൂർത്തും ദുർവ്യയവും പൂർണ്ണമായും വർജ്ജിക്കുവാനും എല്ലാവരും ശ്രദ്ധിക്കണം.

ഉണ്ണിയേശുവിന്റെ സാന്നിധ്യം ഇന്നത്തെ ലോകത്തിന് നല്കാൻ അനേകരെ യേശു സന്നിധിയിലേക്ക് വഴിനടത്താൻ ഉദിച്ചു നില്ക്കേണ്ട അത്ഭുത നക്ഷത്രങ്ങൾ നമ്മൾ ഓരോരുത്തരുമാണ്. നഷ്ടപ്പെട്ട പ്രകാശം വീണ്ടെടുത്ത് കത്തിജ്വലിക്കുന്ന നക്ഷത്രങ്ങളാകാൻ ഈ ക്രിസ്മസ് രാവിൽ നമുക്ക് പരിശ്രമിക്കാം.

എല്ലാവർക്കും എന്റെ

**ക്രിസ്തുമസ് പുതുവത്സരാശംസകൾ**

"ഓരോ പൂമരച്ചില്ലയിലും ഒരായിരം
പ്രണയത്തിന്റെ പൂക്കാലം
ഒളിഞ്ഞിരിക്കുന്നുണ്ട്!"





"മലരേ നിന്നെ
കാണാതിരുന്നാൽ
മിഴിവേകിയ നിറമെല്ലാം
മായുന്നപോലെ..."

With PIP
Stebin Baby

അവർ അർഹിക്കുന്നില്ല. ദളിത് വിഭാഗത്തിൽ ജാതിവ്യവസ്ഥയുടെ പേരിൽ അടിച്ചമർത്തുന്ന ഉന്നതകുലജാതർ. ദളിത് വിഭാഗത്തിൽ പിറന്നു എന്ന കാരണത്താൽ നമ്മ പീഢനങ്ങളെ തിരിച്ചു കൊന്ന ഇതിനെതിരെ ശബ്ദം ഉയർത്താൻ ആരും തന്നെ ഉണ്ടായില്ല. ദളിത് വിഭാഗത്തിലെ അഭിഭാഷകൻ തന്റെ എഴുത്തിലൂടെ ഈ അനീതിക്കെതിരെ പോരാടി. എന്നാൽ സമൂഹം അദ്ദേഹത്തിന്റെ കൈവിരലുകൾ ഛേദിച്ചു. ക്ഷേത്രപ്രവേശം ചെയ്ത ദളിത് യുവാവിനെ പെട്രോളൊഴിച്ച് തീവെച്ചു കൊന്നു. ഉന്നതകുലരായാലും, അവർണ്ണകുലരായാലും എല്ലാം മനുഷ്യർ തമ്മിൽ വേർതിരിക്കുന്നതല്ല, ദൈവം ആൺ, പെൺ എന്ന രണ്ടു വിഭാഗങ്ങളെയാണ് സൃഷ്ടിച്ചത്. മറ്റുള്ളതെല്ലാം മനുഷ്യർ തന്നെ കെട്ടിയുയർത്തിയതല്ലേ..... ഏത് വിഭാഗത്തിൽ പെട്ടവരായാലും ദൈവത്തിനു മുൻപിൽ അവർക്കെല്ലാം തുല്യ സ്ഥാനമാണുള്ളത്.

# വർഗ്ഗശത്രുതയിലൊടുങ്ങുന്നവർ

പ്രിയശിവൻ

ദാദ്രിസംഭവം - പശുമാംസം വീട്ടിൽ സൂക്ഷിച്ചു എന്ന വ്യാജേന മുസ്ലിംകുടുംബത്തിലെ യുവാവിനെ ക്രൂരമായി കൊന്നു. അതിനു ശേഷം സത്യം അറിഞ്ഞു. "ആടിന്റെ മാംസമാണെന്ന്". ഒരു നിരപരാധിയായ ആ ദേശത്തിൽ നമ്മൾ പ്രവർത്തിച്ചു ജീവൻ ബലികൊടുത്തു. കുറച്ചു ദിവസങ്ങൾക്കു ശേഷം ദാദ്രിനാടിനെ നാടിനെ നടുക്കിയ മറ്റൊരു സംഭവം, നിശ്ചലമാക്കിയ സംഭവബഹുലമായ നിമിഷങ്ങൾ ഉന്നതകുലജാതരും, അവർണ്ണരും തമ്മിലുള്ള കലഹങ്ങളായുള്ള ഉടക്കുകൾ പേരിൽ രണ്ടു കുഞ്ഞുജീവനെ തീവെച്ചുകൊന്നു.

പൊതിഞ്ഞു കെട്ടിയ പഞ്ഞിക്കെട്ടുകൾ പോലെ കുഞ്ഞു ശരീരങ്ങൾ കാണുമ്പോൾ മനസ്സിനുള്ളിലൂടെ ആരുവൻ പിടഞ്ഞു മരിക്കുന്നു. നാം ദിനവും കാണുന്ന പത്രത്തിലും ടെലിവിഷനിലും വാർത്തകൾ നിറഞ്ഞു നിൽക്കുന്നു. ഈ സമൂഹം ക്രൂരരും അക്രമാസക്തരുമായ ആളുകളാൽ നിറഞ്ഞിരിക്കുന്നു. ഇവരെല്ലാം മനുഷ്യരാണോ അതോ മൃഗക്കൂട്ടങ്ങളോ അന്യവർഗ്ഗമോ... സഹോദരി, കൊച്ചുമക്കൾ എന്ന പ്രായപരിധിയില്ലാതെ പിച്ചിച്ചീന്തുന്നവർ മറ്റൊരു ഭാഗത്ത്. ഇവർക്കെല്ലാം പടച്ചോന്റെ കിത്താബിൽ മരണശിക്ഷയല്ലാതെ മറ്റൊന്നും തന്നെ

# ഓന്തിനു നിറം കിട്ടിയത്

പണ്ട് മരുത്തൻ എന്നൊരു രാജാവുണ്ടായിരുന്നു ഒരിക്കൽ അദ്ദേഹം മഹേശ്വര സത്രം എന്നൊരു യാഗം നടത്താൻ തീരുമാനിച്ചു. ആ യാഗത്തിൽ പങ്കെടുക്കാൻ മരുത്തൻ ദേവൻമാരെയും ക്ഷണിച്ചു. അങ്ങനെ ഇന്ദ്രൻ. വരുണൻ. യമൻ കുബേരൻ എന്നിവർ യാഗത്തിൽ പങ്കെടുക്കാൻ എത്തി. ആ സമയം രാക്ഷസ രാജാവായ രാവണൻ ആ വഴി വന്നു.. രാവണൻ മരുത്തന്റെ യാഗത്തിൽ പങ്കെടുക്കാൻ വന്ന ദേവൻമാരെ കണ്ടു. ഈ യാഗം മുടക്കണം. ഇല്ലെങ്കിൽ ദേവൻമാരുടെ അനുഗ്രഹത്താൽ മരുത്തൻ കൂടുതൽ ശക്തനാകും. എനിക്കൊരു ഭീഷണിയുമാകും. രാവണൻ ചിന്തിച്ചു. രാവണൻ കലി കൊണ്ടു യാഗശാലയിലെത്തി. അയ്യോ! ദേവൻമാർ രാവണനെ കണ്ടതും പേടിച്ചുപോയി. അവർ നൊടിയിടയിൽ ഓരോ ജന്തുക്കളുടെയും രൂപം ധരിച്ച് ഒളിച്ചിരുന്നു. ഇന്ദ്രൻ മയിലിന്റെയും യമൻ കാക്കയുടെയും വരുണൻ അരയന്നത്തിന്റെയും രൂപം സ്വീകരിച്ചപ്പോൾ വരുണൻ

ഓന്തിന്റെ രൂപമാണ് എടുത്തത്. രാവണൻ യഥാർത്ഥ
മുഴുവൻ തിരഞ്ഞെങ്കിലും ദേവന്മാരെ കണ്ടുപിടിക്കാൻ
കഴിഞ്ഞില്ല. 'പേടിത്തൊണ്ടന്മാർ. കണ്ടില്ലേ, ഞാൻ
വന്നപ്പോൾ പേടിച്ച് കടന്നു കളഞ്ഞത്.' രാവണൻ
അഹങ്കാരത്തോടെ പൊട്ടിച്ചിരിച്ചു. എന്നിട്ട്
പുഷ്പക വിമാനത്തിൽ കയറി ലങ്കയിലേക്ക് പോയി.
രാവണൻ പോയി കഴിഞ്ഞപ്പോൾ ദേവന്മാർ സ്വന്തം
രൂപം സ്വീകരിച്ചു. അവർക്ക് തങ്ങൾ സ്വീകരിച്ച
രൂപത്തിലുള്ള ജീവികളോട് സ്നേഹം തോന്നി.
അതനുസരിച്ച് ഇന്ദ്രൻ മയിലിന് നീല നിറത്തിലുള്ള
പീലികളും പല തരം നിറങ്ങളും നൽകി. മഴ പെയ്യുമ്പോൾ
പീലി വിടർത്തി ആടുന്നതിനുള്ള കഴിവും നൽകി. യമൻ
കാക്കകൾക്കു ബലിച്ചോറ് കൊത്തിത്തിന്നാനുള്ള അവകാശം
കൊടുത്തു. അരയന്നത്തിന് തൂവെള്ള നിറമാണ് വരുണൻ
സമ്മാനിച്ചത്. കുബേരൻ ഓന്തിന് ഇഷ്ടപ്പെട്ട നിറങ്ങൾ
സ്വീകരിക്കുന്നതിനുള്ള ശക്തി കൊടുത്തു. അങ്ങനെയാണ്
ഇന്ന് നമ്മൾ കാണുന്ന ഓന്തുകൾക്ക് നിറം മാറാനുള്ള
കഴിവ് കിട്ടിയതെന്ന് പുരാണങ്ങൾ പറയുന്നു.

നവംബർ 14

"ശിശു ദിനാശംസകളോടെ"



With PP

Sanjeev Dev. 10.D



# നവഭാരതശില്പി

ചുണ്ടിൽ പുഞ്ചിരിയും കയ്യിൽ പനിനീർ പൂവുമായി കുട്ടികളെ തേടി എത്തിയിരുന്ന മഹാൻ. കുട്ടികളുടെ പ്രിയപ്പെട്ട ചാച്ചാജി. ഭാരതത്തിന്റെ പ്രഥമ പ്രധാനമന്ത്രിയും രാഷ്ട്രശില്പിയുമായ ജവഹർലാൽ നെഹ്റു കുട്ടികളെ ഏറെ ഇഷ്ടപ്പെട്ടിരുന്നു. പനിനീർ പൂക്കളെ സ്വന്തം കോട്ടിൽ അണിഞ്ഞിരുന്ന നെഹ്റുവിന്റെ പ്രിയപ്പെട്ടവരായിരുന്നു, നിഷ്കളങ്കരായ കുട്ടികൾ. അവരുടെ ഇടയിൽ അദ്ദേഹം മറ്റൊരു കുട്ടിയായി. അങ്ങനെ അദ്ദേഹത്തെ ഏവരും ചാച്ചാ നെഹ്റു എന്ന് വിളിച്ചു.

"നെഹ്റുവിന്റെ ജന്മദിനം" ഭാരതത്തിൽ ശിശുദിനമായാണ് ആഘോഷിക്കുന്നത്. നമ്മുടെ കുട്ടികൾ നാളെ രാഷ്ട്രത്തിന്റെ ചുക്കാൻ പിടിക്കേണ്ടവരാണ്. അവർ ശാരീരികമായും, മാനസികമായും ഔന്നത്യം പ്രാപിച്ചാലെ രാജ്യത്തിന്റെ ഭാവിയും ശോഭനമാകൂ. ബാലവേല നിരോധിക്കലും, സൗജന്യ വിദ്യാഭ്യാസ പദ്ധതികളും എല്ലാം ഉണ്ടെങ്കിലും ഇന്നും കുട്ടികൾ ക്രൂരമായി ചൂഷണം ചെയ്യപ്പെടുന്ന വിഭാഗമായി തുടരുന്നു. അനാഥ ബാല്യങ്ങൾ, അവഗണിക്കപ്പെട്ട ശൈശവം എന്നിവ അവരെ കൊണ്ടെത്തിക്കുന്നത്, കുറ്റവാളികളുടെയും അസാന്മാർഗ്ഗിക നടപടികളുടെയും ലോകത്താണ്.

കുട്ടികൾ നിഷ്കളങ്കരാണ്. അവർ തിന്മയുടെ ലോകത്ത് എത്തുന്നെങ്കിൽ അതിന് കാരണക്കാർ മുതിർന്നവരാണ്. ഈ ശിശുദിനത്തിൽ നമുക്ക് കുട്ടികളുടെ നിഷ്കളങ്കത്വം നിലനിർത്താൻ പ്രതിജ്ഞയെടുക്കാം.

# അടുക്കള

## സാമ്പാർപൊടി

ചേരുവകൾ:

| | |
|---|---|
| മല്ലി | 500 gm. |
| മുളക് | 500 gm. |
| കടലപ്പരിപ്പ് | 200 gm |
| ഉഴുന്ന് | 200 gm. |
| കറിവേപ്പില | ഒരുപിടി |
| ഉലുവ | 200 gm. |

ഉണ്ടാക്കുന്ന വിധം:

ചേരുവകളെല്ലാം വെവ്വേറെ വറുത്ത ശേഷം മിക്സിയിൽ പൊടിച്ചെടുക്കുക.

## ചമ്മന്തിപ്പൊടി

ചേരുവകൾ:

| | |
|---|---|
| തേങ്ങ | 2 എണ്ണം |
| ഉഴുന്ന് | 250 gm. |
| കറിവേപ്പില | ഒരുപിടി |
| പുളി | ഒരു നെല്ലിക്കയോളം |
| ഉപ്പ് | പാകത്തിന് |

ഉണ്ടാക്കുന്ന വിധം:

തേങ്ങ ചിരകി ബ്രൗൺ നിറമാകും വരെ വറുത്തെടുക്കുക. ഉഴുന്നും അതു പോലെത്തന്നെ വറുത്തെടുക്കുക. ചൂടാറിയതിനു ശേഷം മിക്സിയിൽ പൊടിച്ച് ഉപ്പും പുളിയും ചേർത്ത് വീണ്ടും പൊടിച്ചെടുക്കുക. ചമ്മന്തിപ്പൊടി തയ്യാർ!

# റവ കേസരി

ആവശ്യമുള്ള സാധനങ്ങൾ:

| | |
|---|---|
| റവ | 500gm. |
| പഞ്ചസാര | 3 കപ്പ് |
| മുന്തിരി (കിസ്മിസ്) | 50gm. |
| അണ്ടിപ്പരിപ്പ് | 50gm. |
| നെയ്യ് | 50gm. |
| കളർ (ജിലേബി) | ആവശ്യത്തിന് |

ഉണ്ടാക്കുന്ന വിധം:

പഞ്ചസാര ചേർത്ത വെള്ളത്തിൽ റവയും കളറുമിട്ട് തിളപ്പിക്കുക. നെയ്യ് ചേർക്കുക. വറ്റി വരുമ്പോൾ മുന്തിരിയും അണ്ടിപ്പരിപ്പും നെയ്യിൽ വറുത്ത് ചേർക്കുക.

# നെയ്ച്ചോറ്

സീനത്ത്. പി. എ

## ചേരുവകൾ

അരി (ബസുമതി) – 1 kg [3 നാഴി]
വെള്ളം – 6 നാഴി
സവോള – ½ kg
അണ്ടിപരിപ്പ് – 100 g
മുന്തിരി – 100 g
ഗരം മസാല (പൊടിക്കാത്തത്) – കുറച്ച്
നെയ്യ് – 250 g
കസ് കസ് – കുറച്ച്
വെളുത്തുള്ളി – 2 അല്ലി
ഇഞ്ചി – കുറച്ച്
ഉപ്പ് – പാകത്തിന്

## പാകം ചെയ്യുന്ന വിധം

വെള്ളം തിളച്ചുകഴിയുമ്പോൾ ഗരം മസാല ഇട്ട് നല്ല പോലെ തിളയ്ക്കുമ്പോൾ ഉപ്പും അരിയും ഇടുക. സവോള നെയ്യിൽ വാട്ടുക. അണ്ടിപരിപ്പ്, മുന്തിരി വറുത്തു കോരുക. വെളുത്തുള്ളി, ഇഞ്ചി, കസ്കസ് എന്നിവ അരച്ച് ചോറിൽ ചേർത്തിളക്കുക. കുറച്ച് നെയ്യൊഴിച്ച് ചോറ് ഒന്നിളക്കുക. ഇതിലേക്ക് സവോള, അണ്ടിപരിപ്പ്, മുന്തിരി എന്നിവ ഇടുക.

Vegetable painting
ladies finger and potato.





With P.P.
Azim Ali Anwar

# സായാഹ്നം

സിന്ധു. N.R

സായന്തനത്താൽ അലറിച്ചിരിക്കുന്ന
അടിച്ചുതകരുന്ന, പിന്നെയും
ഉയർന്നു പൊങ്ങിയുംവലിയുന്ന
കലിയടങ്ങാത്ത കോമരം പോലെ!

കടൽകാറ്റിന്റെ ഹുങ്കാരവം, വറുത്ത
പൊരിക്കടലയുടെ സുഗന്ധം, ബഹളം
നിറഞ്ഞുന്ന ബീച്ചിൽ സായാഹ്നം
ഒഴുകുന്ന ശില്പാനദി പോലെ!

നേർത്ത പൊന്നൊന്നു പോൽ ബിംബം
താഴുന്നു!
കറുത്ത മേഘങ്ങൾ മറയുന്നു!
തിരകളെൻ കാലിണയെ പുണരുന്നു
ഉൾവലിയുന്നു, ഉണ്ടോ താഴെ ഭൂമി!

അസ്തമയം ഒരു ദിനാന്ത്യം നേർത്ത
ബഹളത്തിൽ വാണിഭക്കാരന്റെയടഞ്ഞ
ശബ്ദം - ചില്ലറത്തുണ്ടിന്റെ കിലുകിലുക്കം!
കടൽകാക്കയുടെ കണ്ഠകഠോര നാദം!

ശൂന്യമായ് കടൽത്തീരം, കറുത്ത പാറകൾ
ചെറുജീവികൾ, പൂഴിമണ്ണും, കക്കയും
ചെരിപ്പും, പ്ലാസ്റ്റിക്കും, ഉറകളും
വേലിയേറ്റവും – തീരം മനോഹരം!

ആത്മഹത്യകൾ, പ്രേമസല്ലാപങ്ങൾ
പിണക്കം, പരിഭവം, യാത്രാമൊഴി
എല്ലാം സാക്ഷിയായ് തീരവുംതിരയും
പിന്നെയാ ഒഴുകുന്ന സായാഹ്നവും.

# ജയ്-ഹിന്ദ്



സന്ധ്യ എബി

## സഹിഷ്ണുത

നമ്മുടെ സമൂഹത്തിൽ സഹിഷ്ണുതയുടെ പ്രാധാന്യത്തെക്കുറിച്ചാണ് ഞാൻ എഴുതുന്നത്. നമ്മുടെ പ്രിയ മാതൃരാജ്യമായ ഇന്ത്യ നാനാത്വത്തിൽ ഏകത്വമുള്ളതാണ്. ധാരാളം സംസ്കാരങ്ങളും ഭാഷകളും വർഗ്ഗങ്ങളും ജാതികളും മതങ്ങളുമുണ്ട്. എങ്കിലും ഈ നാനാത്വത്തിലും ഏകത്വം കാണുന്നു. നാമെല്ലാം ഹിന്ദുക്കൾ, മുസ്ലിംങ്ങൾ, ക്രിസ്ത്യാനികൾ, ബുദ്ധമതക്കാർ, ജൈനന്മാർ. അതെ മാതൃ ഇന്ത്യയുടെ കുട്ടികളാണ്. നാമെല്ലാം സാഹോദര്യത്തിലാണ് ഏകീകരിച്ചിരിക്കുന്നത്. സഹോദരന്മാരെപോലെ എല്ലാ ഇന്ത്യക്കാരും താമസിച്ചിരുന്ന ഒരു കാലമുണ്ടായിരുന്നു.

വിഭജനവും ഭരണവും എന്ന ബ്രിട്ടീഷ് നയം, ജനങ്ങളെ അവരുടെ മതത്തിന്റെ പേരിൽ ചിന്തിപ്പിച്ചു. ഇന്ത്യാവിഭജനത്തിലെത്തിച്ചത് ഇത്തരം മതവിഭജനങ്ങളാണ്. ഇപ്പോൾ പോലും മതത്തിന്റെ പേരിലുള്ള ധാരാളം കൊലപാതകങ്ങൾ നാം കാണുന്നു. ഒരു മതവും ഒരിക്കലും അക്രമം പഠിപ്പിച്ചിട്ടില്ല. മതങ്ങളെല്ലാം പറയുന്നത് നാം മറ്റുള്ളവരെ സ്നേഹിക്കുകയും

ബഹുമാനിക്കുകയും ചെയ്യണമെന്നാണ് ശരീ-
രത്തിനും ആത്മാവിനും വേണ്ടിയുള്ള ക്ഷേ
മത്തിന് വേണ്ടി ശ്രമിക്കുന്നതുകൊണ്ട് എല്ലാ
മതങ്ങളും സമമായി നല്ലതാണ് ഒരേ ദൈവത്തി-
ന്റെ മക്കളാണ് നാമെല്ലാം. അറിയണം വ്യത്യ-
സ്ത മതങ്ങൾ ദൈവത്തിലേക്കെത്താനുള്ള വ്യത്യ
സ്ത വാതിലുകളാണ്. ഒരു മതം മറ്റ് മതത്തേ-
ക്കാൾ ഉത്കൃഷ്ടമാണെന്ന് ചിന്തിക്കുന്നത്
വിഡ്ഢിത്തമാണ്. മതം ഒരു പ്രൈവറ്റ് മാറ്ററാണ്.
ഇന്ത്യ ഒരു സെക്കുലർ സ്റ്റേറ്റ് ആണ്. ഇന്ത്യ-
യിൽ എല്ലാ മതങ്ങൾക്കും തുല്യസ്ഥാനമാണുള്ളത്
അതുകൊണ്ട് നമ്മുടെ കൂട്ടുകാരുടെ മതത്തെ
ക്കുറിച്ച് ഓർത്ത് നമ്മൾ വിഷമിക്കേണ്ടതില്ല.
നാം അവരെ ഇന്ത്യക്കാരായി ഒരേ അമ്മയായ
ഇന്ത്യയുടെ മക്കളായി സ്നേഹിക്കണം. സഹി
ഷ്ണുതയില്ലാതെ ഇന്ത്യക്ക് പുരോഗതിയുണ്ടാ
കില്ല. നമുക്കെല്ലാം ഒന്നിച്ച് വിളിക്കാം- ജയ് ഹിന്ദ്

## ഒരു നല്ല പൗരനെ വാർത്തെടുക്കാൻ

ഒരാൾക്ക് ഒരു നല്ല പൗരനാ-
കണമെങ്കിൽ അയാൾക്ക് അയാളുടെ ആശ
യങ്ങളിൽ ശക്തമായ വിശ്വാസം ഉണ്ടായിരിക്കണം
മറ്റുള്ളവരെ നയിക്കാൻ ആഗ്രഹിക്കുന്നതിനു
മുമ്പ് അയാൾ അയാളിൽ തന്നെ വിശ്വസിക്കണം
പക്ഷേ ഇന്ന് അധികമാളുകൾക്കും അവരവ
രുടെ ആദർശങ്ങളിൽ വിശ്വാസമില്ല. സ്വന്തം
താല്പര്യങ്ങളാൽ നയിക്കപ്പെടുന്ന നേതാക്ക
ന്മാരെയാണ് അവർ ശ്രദ്ധിക്കുന്നത് ഒരു
നല്ല പൗരൻ തോൽവി നേരിടാൻ

പഠിക്കണം. പക്ഷെ ഇന്നത്തെ തലമുറ
തോൽവിയെ സ്വീകരിക്കുന്നില്ല.


എഞ്ചിനീയറിംഗ്/മെഡിക്കൽ
കോളേജുകളിൽ പരീക്ഷ സമയത്ത് കോപ്പിയടി
ക്കുന്നത് നമുക്ക് അറിവുള്ള കാര്യമാണ്.
ആൾമാറാട്ടവും അവിടെ നടക്കുന്നു. കാരണം
അവർ തോൽവിയെ ഭയപ്പെടുന്നു. വഞ്ചന ഒരു
ചീത്ത സ്വഭാവമാണ്. ഒരു നല്ല പൗരനും
ഒരിക്കലും വഞ്ചനയിലൂടെ വിജയം നേടാൻ
ശ്രമിക്കരുത്. ഒരു നല്ല പൗരൻ ജനങ്ങളു
മായി മര്യാദ പുലർത്തണം. കഠിനഹൃദയ
രോട് കഠിനമായും പെരുമാറണം. പക്ഷെ
ആധുനിക തലമുറയിലെ ജനങ്ങൾ മര്യാദയുള്ള
വരോട് കഠിനമായും അക്രമാസക്തരോട് മര്യാദ
യോടെയുമാണ് പെരുമാറുന്നത്.

ഒരു നല്ല പൗരൻ മറ്റുള്ളവരോട്
സഹിഷ്ണുത പുലർത്തണം. പുതിയ തലമുറ
യ്ക്ക് സഹിഷ്ണുത ഇല്ല അതുകൊണ്ടാണ്. മത
ത്തിന്റെയും പാർട്ടി ആദർശങ്ങളുടെയും പേ
രിൽ ധാരാളം കൊലപാതകങ്ങൾ നാം കാണുന്നത്.
ഒരു നല്ല പൗരൻ ആൾക്കൂട്ടത്തെ അന്ധമായി പി
ന്തുടരരുത് അതായിരിക്കും ഏറ്റവും സുരക്ഷിത
മെന്നു തോന്നും. ആധുനിക തലമുറ സംഘങ്ങളി
ലേക്ക് എടുത്തുചാടുന്നത് അതിലെ നേതാ
ക്കൾ ശരിയോ തെറ്റോ എന്ന് ചിന്തിക്കാതെയാണ്

ഒരു നല്ല പൗരൻ എല്ലാവരെ
യും ശ്രവിക്കുന്നു. പക്ഷെ തീരുമാനം അദ്ദേഹ
ത്തിന്റെ മാത്രമാണ് എല്ലാത്തിനെയും സ്വീകരി
ക്കുകയോ ഉൾക്കൊള്ളുകയോ ചെയ്യുന്നില്ല. പക്ഷേ

ആധുനിക തലമുറക്കു പണമാണ് ദൈവം. പണത്തിന് വേണ്ടി അവരെന്തും ചെയ്യും നാം നമ്മുടെ ഇടയിൽ വാടകക്കൊലയാളികളെ വരെ കാണുന്നു. വാടകക്കൊലയാളികൾ കൊല്ലുന്നു കാരണം അവർക്ക് പണം കിട്ടുന്നു. നല്ല പൗരൻ നല്ല കുടുംബത്തെയും നല്ല കുടുംബത്തെയും നല്ല കുടുംബം നല്ല സമൂഹത്തെയും നല്ല സമൂഹം നല്ല രാജ്യത്തെയും സൃഷ്ടിക്കുന്നു.

# നമ്മുടെ കേരളം



നവംബർ 1

"കേരളപ്പിറവി ആശംസകളോടെ"

സഞ്ജീവ് ദേവ്. എം.ഡി

# കേരളപ്പിറവിയുടെ

# വഴിത്താരകൾ

സിന്ധു. എൻ. ആർ.

ക്രിസ്തുവർഷാരംഭത്തിന് 3 നൂറ്റാണ്ട് മുമ്പുതന്നെ കേരളം ചരിത്രരേഖകളിലുണ്ട്. ശിലായുഗത്തിലെ പ്രാകൃത ആയുധങ്ങളൊന്നും തന്നെ കേരളത്തിൽ നിന്നും കണ്ടെടുത്തിട്ടില്ല. അതിനാൽ തന്നെ അക്കാലഘട്ടത്തിൽ കേരളം ഘോര വന പ്രദേശമാണെന്ന നിഗമനത്തിലാണ് ചരിത്രകാരന്മാർ എത്തിയിരിക്കുന്നത്. നവീന ശിലായുഗ ആയുധങ്ങൾ ചില പ്രദേശങ്ങളിൽ നിന്നും കിട്ടിയിട്ടുണ്ടെങ്കിലും ശിലായുഗ സംസ്കാരം കേരളത്തിൽ വ്യാപകമായിരുന്നില്ലെന്ന് ഉറപ്പിച്ചു പറയാൻ കഴിയും. വെങ്കലയുഗത്തിന്റെ ശേഷിപ്പുകളില്ലാത്ത ഇരുമ്പുയുഗത്തിന്റെ മഹാശിലാസ്മാരകങ്ങളാണ് കേരളത്തിൽ വ്യാപകമായി കണ്ടെത്തിയിട്ടുള്ളത്.



തൊപ്പിക്കല്ല്




ചുമടുതാങ്ങി



വഴിയമ്പലം

മരിച്ചവരെ സംസ്കരിക്കാൻ പണിയുന്ന
കല്ലറകൾ, മേശക്കല്ലുകൾ, കൽവൃത്തങ്ങൾ,
നന്നങ്ങാടികൾ, തൊപ്പിക്കല്ലുകൾ എന്നിവയാണ്
കണ്ടെത്തിയിട്ടുള്ളത്. ഇത്തരം നിർമ്മിതികൾ
ക്കായി ഉപകരണങ്ങൾ ഉപയോഗിക്കാൻ
പ്രാപ്തരായ ജനത ശിലായുഗ സംസ്കാരത്തിൽ
മെച്ചപ്പെട്ടവരാണെന്ന് ചരിത്രനിഗമനം.
ഇക്കാലത്ത് പണിയർ, ഇരുളർ, കാണിക്കാർ,
ഊരാളികൾ, മുതുവന്മാർ തുടങ്ങിയ ആദിവാസി
കളാണ് കേരളത്തിന്റെ ആദിമ ജനത. കേരള
ത്തിലേക്ക് പിന്നീട് കുടിയേറിപ്പാർത്തവരാണ്
ദ്രാവിഡ വംശജർ. മെച്ചപ്പെട്ട പണിയായുധ
ങ്ങളും, ഉയർന്ന നാഗരികതയുടെയും ഉടമ
കളായ ദ്രാവിഡ ഗോത്രങ്ങളാണ് കേരളത്തിൽ
മേൽക്കൈ നേടിയതും മഹാശിലാസ്മാരകങ്ങളുടെ
സ്രഷ്ടാക്കളും എന്ന് ചരിത്രകാരന്മാർ പറയുന്നു.

സംഘകാല കൃതികളാണ് കാർഷിക സമൃദ്ധ
ത്തിലേയ്ക്കുള്ള പരിവർത്തനങ്ങളെക്കുറിച്ച്
അറിവു നൽകുന്നത്. ചേര രാജാക്കൻമാർ
പശ്ചിമതീരത്തെ പ്രധാന നഗരമായ കൊടു
ങ്ങല്ലൂർ കേന്ദ്രീകരിച്ചു ഭരണം നടത്തുകയും
കേരളത്തിൽ കൃഷിയുടെ വ്യാപനത്തിൽ ശ്രദ്ധ
കൊടുക്കുകയും ചെയ്തു. ഇക്കാലത്തെ മൗര്യ
സാമ്രാജ്യത്തിന്റെ പ്രദേശങ്ങൾ കേരളത്തി
ലെത്തിയില്ലെങ്കിലും ബുദ്ധമത പ്രചാരക സന്യാ
സിമാർ ഇവിടെ എത്തുകയും ബുദ്ധ ജൈന
മതങ്ങൾ വ്യാപിക്കുകയും ചെയ്തു. എന്നാൽ
ബുദ്ധ - ജൈന മതങ്ങളെ എതിർത്ത് വൈദിക
മതാ ആധിപത്യത്തിനായി കർണ്ണാടക വഴി
കേരളത്തിലെത്തിയ ബ്രാഹ്മണർ മത്സരിച്ചു.
ബ്രാഹ്മണർ കേരളത്തിന്റെ തെക്കുഭാഗത്തേക്കു
നീങ്ങി ഫലഭൂയിഷ്ഠമായ നദീതടങ്ങളിൽ



കലപ്പ ഉപയോഗിച്ച് നിലം ഉഴുന്നു.



ചക്രം ചവിട്ടുന്നു.

പാർക്കുവാൻ തുടങ്ങി. കദംബരാജാക്കൻ
മാരുടെ നിരന്തരമായ ആക്രമണം ചേരരാജാ
ക്കൻമാരുടെ രാജ്യവാഴ്ച കേരളത്തിൽ അവസാ
നിക്കാൻ കാരണമാവുകയും ചെയ്തു. കദംബരാ
ജാവ് ബ്രാഹ്മണ വത്സലനായിരുന്നു. 10-11 നൂറ്റാ
ണ്ടായപ്പോഴേക്കും ഗോകർണ്ണം മുതൽ കന്യാകു
മാരി വരെയുള്ള ബ്രാഹ്മണ ഗ്രാമങ്ങൾ രൂപം
കൊള്ളുകയും ചെയ്തു. ഇതിൽ 32 ബ്രാഹ്മണ
ഗ്രാമങ്ങളിൽ പെട്ടവരാണ് ഇന്നത്തെ നമ്പൂതിരി
കുടുംബങ്ങൾ. ബുദ്ധ-ജൈന മതാനുയായികൾക്ക്
ബ്രാഹ്മണ സമൂഹത്തിനു മുന്നിൽ അടിയറവു പറയേ
ണ്ടിവന്നു. 9-10 നൂറ്റാണ്ടിൽ തന്നെ ശങ്കരാ
ചാര്യർ (ബ്രാഹ്മണ ഗ്രാമത്തിലെ അംഗമായവൻ)
വേദപഠനത്തിന് നേതൃത്വം കൊടുക്കുകയും
വിദ്യയിരുത്തുകയും ചെയ്തു. പാണ്ഡിത്യവും, നാഗ
രായ ബലപ്രയോഗവും ബ്രാഹ്മണരുടെ ആധി
പത്യം ഉറപ്പിച്ചു. ഇന്ത്യയിലുടനീളം ക്ഷേത്രങ്ങളിൽ

വർധിച്ച ആധിപത്യം ബ്രാഹ്മണർ നേടിയെടുത്തു.

റോമാസാമ്രാജ്യം പ്രധാനമായും കേരളത്തിന്റെ വനസമ്പത്താണ് ചൂഷണം ചെയ്തത്. എന്നാൽ കച്ചവടത്തിനായി വന്നെത്തിയ വിദേശികൾ കൊടുങ്ങല്ലൂർ കേന്ദ്രീകരിച്ചു. ക്രിസ്ത്യാനികളും, ജൂതന്മാരും കോളനികൾ ആ—ീകരിക്കുകയും ആഭ്യന്തര സംഘടിത കൃഷി ശക്തിപ്പെടുത്തുന്നതിൽ പ്രചോദകരാവുകയും ചെയ്തു. കന്നിമണ്ണിന്റെ കന്യകാത്വം വിത്ത് വർധിപ്പിക്കുകയും കൃഷിക്കാരന്റെ ആവശ്യം കഴിഞ്ഞ് മിച്ചം വരുന്ന അവസ്ഥ സംജാതമാവുകയും ചെയ്തു.

പ്രാകൃത പണിയായുധങ്ങൾ ഗോത്രസമുദായത്തെ കാർഷികാഭിവൃദ്ധിയിലേക്ക് നയിച്ചില്ല. കാർഷിക സമൃദ്ധം ധാന്യങ്ങൾ വിളയാൻ ഇടനൽകിയതോടെ ഒരു വിഭാഗം രാജ്യഭരണം, ദൈവസേവ കലാസാഹിത്യ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ഭൂരിപക്ഷം വരുന്ന ജനസമൂഹം കൃഷി

കൈവേലകൾ എന്നിവയിൽ അധ്വാനിച്ചു ജീവിക്കേണ്ട സാമൂഹ്യക്രമം ആവിർഭവിക്കുന്നു. ഗോത്ര സമൂഹം തകരുകയും വർഗ്ഗസമൂഹം ഉടമവർ ഗ്ഗമായും , അധ്വാനിക്കുന്നവരും, തൊഴിലാളി കളായും, സാംസ്കാരചിന്താ ക്ലേശിതരായി വിഭജിക്കപ്പെട്ടു. ഇത് ലോകമെമ്പാടും നടന്ന ചരിത്രമാണെങ്കിലും ഇന്ത്യയിലും വിശിഷ്യ കേര ളത്തിലും ഇത് ജാതിവ്യവസ്ഥയുടെ രൂപത്തിൽ പ്രത്യക്ഷപ്പെട്ടു. തൊഴിലിനെ ആസ്പദമാക്കി അധ്വാനത്തെ വിഭജിക്കുകയും ബുദ്ധിപരം, ആയുധ ധനപരം, അധ്വാനപരം എന്നിങ്ങനെ ചേരിതിരി ക്കുകയും പിന്നീടത് ജാതിയായും, ഉപജാതിയാ യി പരിഗണിച്ചു.

കേരളത്തിൽ കുടിയേറിപ്പാർത്ത ബ്രാഹ്മണർ തദ്ദേശീയ സംസ്കാരത്തെ ഉൾക്കൊള്ളു കയും , വേദപഠനവും, വേദ് ദേവ പൂജയുമായി സ്വയം കല്പിച്ച ഉയർന്നസ്ഥാനത്ത് നിലയുറപ്പി ക്കുകയും ചെയ്തു. നമ്പൂതിരിമാർ എന്ന













ലീതിൽ ഇക്കൂട്ടർ അറിയപ്പെട്ടു. നമ്പൂതിരി
മാരോട് സമ്പർക്കപ്പെടുകയും അവർക്കുവേണ്ടി പട
വെട്ടുകയും ചെയ്തു ദ്രാവിഡ മേൽ വിഭാഗം പിന്നീട്
നായർ ജാതിയായി മാറുകയും ചെയ്തു. ഈഴവ
രായിരുന്ന അവർണ്ണ ജാതിയിൽ പെട്ടവർ. ബ്രാഹ്മ
ണസംസ്കാരം ഏറ്റവും കുറവ് സ്വാംശീകരിച്ച
ദ്രാവിഡ ആദിവാസി ഗോത്രമായിരുന്ന ഏറ്റവും
താഴെത്തട്ടിലേക്ക് വഴിമാറിയത്.

ജാതിവൈവിധ്യം കേരളത്തെപ്പോലെ
കർക്കശമായി നടപ്പാക്കിയിരുന്ന പ്രദേശം ഇന്ത്യ ലോക
ത്തിലുണ്ടായിരുന്നില്ല. ഹീന ജാതിയായി ജീവിക്കുന്നത്
വിധിയാണെന്ന് കരുതി ജീവിച്ചവരാണ് താഴെത്ത
ട്ടിലുണ്ടായിരുന്നത്. കർക്കശമായ ഹിന്ദു ജാതി
വ്യവസ്ഥയിൽ നിന്നും രക്ഷപ്പെടുന്നതിനാണ്
പലരും ഇസ്ലാം, ക്രിസ്ത്യൻ മതത്തിലേക്ക് പരിവർത്തനം
ചെയ്യപ്പെട്ടത്.

കൃഷിയുടെ വ്യാപനം ജന്മി
സമ്പ്രദായത്തിന്റെ ഉദയത്തിനു കാരണമായി. ദേവ-
സ്വത്തിന്റെ ഊരാളന്മാർ എന്ന നിലയ്ക്കും ബ്രാഹ്മണ
സ്വത്തിന്റെ ജന്മാവകാശികളെന്ന നിലയ്ക്കും നമ്പൂതിരി
സമുദായം ജന്മിമാരാവുകയും, കൃഷിഭൂമി നേരി
ട്ട് പാട്ടത്തിനെടുക്കുന്ന ഉയർന്ന അവകാശമുള്ള
വരെ കുടിയാന്മാർ (നായർ പ്രമാണികൾ) അടു
ത്ത തട്ടും പിന്നീട് ഭൂമി താഴെ തട്ടിലേക്ക്
പാട്ടത്തിന് വിടുക വഴി കായികാധ്വാനത്തിന്റെ
പൂർണ്ണമായ ചുമതല ഏറ്റവും താഴ്ന്ന പറയ,
പുലയ, ചെറുമർ വിഭാഗത്തിന് കൈവന്നു.
കുടിയാനും, അടിയാനുമായി ജന്മി സമ്പ്രദായം
വളർന്നു. ഭൂമിയുടെ സ്വത്താവകാശം ശേഖരി
ന്തിനാവുകയും ഭൂപ്രദേശത്തെ അടിസ്ഥാന
മാക്കിയുള്ളതായ[illegible] നാടുവാഴിത്തം ഉണ്ടാകുന്നു.

കോലത്തുനാട്, കുറുമ്പ്രനാട്,
ഏറനാട്, വള്ളുവനാട്, കീഴ്മലനാട്, വേണാട്

എന്നിങ്ങനെ ചെറു രാജ്യങ്ങളായി കേരളം വിഭജിക്കപ്പെടുകയും നാടുവാഴിത്തം ഉന്നത ഗംഭീരമായി ഉയരുകയും ചെയ്തു. നമ്പൂതിരിമാർ ആദ്യത്തെ ചേരമാനെ തിരഞ്ഞെടുത്തുകൊണ്ട് ചേരമാൻ ഭരണത്തിന് തുടക്കം കുറിച്ചെങ്കിലും നാടുവാഴികളുടെ ശക്തിയുടെ മുന്നിൽ ചേരമാൻ ഭരണം അവസാനിച്ചു.

## ജാതി - ജന്മി - നാടുവാഴി വ്യവസ്ഥ

ഈ സാമൂഹ്യവ്യവസ്ഥ കാലത്താണ് മലയാളികളുടെ സംസ്കാരം ഉടലെടുത്തത്. സ്വന്തമായ മലയാളലിപി, പ്രാചീന കവിതയങ്ങളുടെ ഉദയം, കളരി, കൂത്ത് തുടങ്ങിയ നൃത്തകലകളുടെ വികാസം, ജ്യോതിശാസ്ത്രം ആയുർവേദം, വാസ്തുവിദ്യ തുടങ്ങിയവയുടെ വികാസം, ഓണം, വിഷു തുടങ്ങിയ ദേശീയാഘോഷങ്ങൾ കാർഷിക സംസ്കൃതിയുമായി ഉടലെടുത്തു.


മലയാള സംസ്കാരത്തിന്റെ ഉറവിടമായ ജാതി - ജന്മി - നാടുവാഴിത്തം ദുഷിച്ചുപോയി.


ജാതി - ഉപജാതികൾ കേരളം ഭ്രാന്താലയമാക്കുകയും , ജന്മികൾ സുഖലോലുപരമായി മാറുകയും നാടുവാഴികൾ ദുരഭിമാനവും , പോർവിളികളും കൊണ്ട് അരാജകത്വം സൃഷ്ടിച്ച അവസ്ഥയിലാണ് പാശ്ചാത്യർ കേരളത്തിൽ ആധിപത്യം ഉറപ്പിക്കുന്നത്.


പറങ്കികളും, ഡച്ചുകാരും , ബ്രിട്ടീഷുകാരുമൊക്കെയായി കേരളം ലോക കമ്പോളത്തിന്റെ ഉപഭോക്താവായി മാറുന്ന അവസ്ഥാവിശേഷത്തിലെത്തി. ബ്രിട്ടീഷ് ഭരണകാലത്ത് ദ്രവ്യമ ബന്ധത്തിലെ മാറ്റം വാണിജ്യകൃഷി വികാസത്തിന് വഴിവെച്ചു. വാണിജ്യകൃഷിയുടെ വികാസം പരമ്പരാഗത വ്യവസായത്തിന്റെ വളർച്ചയെ സഹായിച്ചു. (കയർ, കശുവണ്ടി, കൈത്തറി, ബീഡി തുടങ്ങിയവ) . യൂറോപ്പിലെ വ്യവസായ വിപ്ലവത്തിന്റെ അനുരണനങ്ങൾ കേരളത്തിലും ആധുനിക വ്യവസായങ്ങളുടെ ഉദയത്തിന് ഒരു പരിധി വരെ കാരണമായി. വ്യവസായ ശാലകളും, വാണിജ്യ വിളകളുടെ ഉത്പാദനവും കമ്പനി ഉദയം

നിലവിൽ വരുത്തുകയും മുതലാളിത്ത-സാമൂഹ്യ വ്യവസ്ഥ രൂപപ്പെടുത്തുകയും ചെയ്തു.

പുതിയ സാമൂഹ്യവ്യവസ്ഥ പണത്തിന്റേതാവുകയും പല ആചാരവും അനാചാരമായി മാറുകയും ചെയ്തു. ഇത്തരമൊരു സ്ഥിതി വിശേഷം സാമൂഹ്യപരിഷ്കരണ പ്രസ്ഥാനത്തിന് ആക്കം കൊടുത്തു. നായർ സർവ്വീസ് സൊസൈറ്റി, എസ്.എൻ.ഡി.പി, യോഗക്ഷേമസഭ, സാധുജന പരിപാലന സംഘം എന്നീ സാമൂഹ്യ പരിഷ്കരണ പ്രസ്ഥാനങ്ങൾ രൂപപ്പെടുന്നു. സ്വന്തം സമുദായത്തിലെ ആചാരങ്ങൾ പരിഷ്കരിക്കുകയും, സമുദായത്തിന് പുറത്ത് തങ്ങളുടെ പുരോഗതിക്ക് തടസ്സം നിൽക്കുന്ന ജാതി അവശതകൾ ഇല്ലാതാക്കുക എന്നതായിരുന്നു ഈ സാമൂഹ്യ പരിഷ്കരണ പ്രസ്ഥാനത്തിന്റെ ലക്ഷ്യം. എന്നാൽ ഈ വൃത്തങ്ങളിൽ നിന്നും ജാതി വ്യവസ്ഥക്കെതിരായി നാനാജാതി മതസ്ഥരെ ഒരുമിച്ച് ചേർത്തുകൊണ്ടുള്ള ദേശീയ പ്രസ്ഥാനവും തൊഴിലാളി പ്രസ്ഥാനവും ശക്തി പ്രാപിച്ചപ്പോൾ







ജാതി അടിസ്ഥാനമാക്കിയുള്ള സാമൂഹ്യ പരിഷ്കരണ പ്രസ്ഥാനങ്ങളുടെ പ്രസക്തി ഇല്ലാതാക്കുകയും ചെയ്തു. ദേശീയ പ്രസ്ഥാനത്തിന്റെ വളർച്ച, നാട്ടുരാജ്യ പ്രക്ഷോഭങ്ങൾ, ഉത്തരവാദിത്ത പ്രസ്ഥാനങ്ങൾ എന്നിവയുടെ കൂട്ടമായ ഇടപെടലുകൾ ഇതിന്റെ ഫലമായി 1947 ആഗസ്റ്റ് മാസം 15-ാം തീയതി ഇന്ത്യ സ്വതന്ത്രയായി. എന്നാൽ കേരളത്തിൽ തിരുവിതാംകൂറിനെ സ്വതന്ത്ര രാജ്യമാക്കി പ്രഖ്യാപിക്കുന്നതിന് ദിവാൻ കരുക്കൾ നീക്കുകയും അമേരിക്കൻ മോഡൽ ഭരണഘടന തയ്യാറാക്കുകയും ചെയ്തു.


ഇത്തരമൊരു സാഹചര്യത്തിൽ തൊഴിലാളികളും, കൃഷിക്കാരും സ്വന്തം വർഗ്ഗ സംഘടനകൾ രൂപീകരിക്കുകയും, അവരുടെ അവകാശങ്ങൾക്ക് വേണ്ടി പോരാടി നാടിന്റെ അഭിവൃദ്ധിക്കും, ജാതീയതയ്ക്കെതിരെയും, ചൂഷണത്തിനെതിരെയും ഉയർന്നുകൊണ്ട് പ്രതിഷേധങ്ങൾ സംഘടിപ്പിച്ചു തുടങ്ങി. സ്റ്റേറ്റ് കോൺഗ്രസ്സും, കമ്മ്യൂണിസ്റ്റ് പാർട്ടിയും ദിവാൻ പദ്ധതികളെ നിരാകരിക്കുകയും

ചെയ്തു. പുന്നപ്ര - വയലാർ സമരങ്ങളോടെ ദിവാൻ ഭരണം അവസാനിക്കുകയും കേരളം ഇന്നത്തെ ഐക്യ കേരളത്തിന്റെ ഉദയത്തിലേക്ക് പിച്ചവയ്ക്കാൻ തുടങ്ങുകയും ചെയ്തു:

1947 ആഗസ്റ്റ് 15 ന് ഇന്ത്യ സ്വതന്ത്രമായെങ്കിലും കേരളീയർ 3 വ്യത്യസ്ത ഭരണ പ്രദേശങ്ങളിലായി വിഭജിച്ചു കിടന്നു. പൊതുവായ സാംസ്കാരിക പൈതൃകവും, ജീവിതരീതിയും പിന്തുടർന്നിരുന്ന മലയാളികളുടെ ഐക്യം സ്വാതന്ത്ര്യ സമരകാലത്തുതന്നെ ശക്തിപ്പെട്ടിരുന്നു. 1927 ൽ പ്രവർത്തനമാരംഭിച്ച കേരള സാഹിത്യ പരിഷത്ത് ഇതിനുള്ള പ്രവർത്തനങ്ങൾ നടത്തിയിരുന്നു. 1947 സ്വാതന്ത്ര്യപ്രാപ്തിക്കു മുമ്പുതന്നെ ഐക്യകേരളത്തിനായി ഒരു ജനകീയ പ്രസ്ഥാനം രൂപപ്പെട്ടു. ഏപ്രിൽ മാസത്തിൽ K. കേളപ്പന്റെ അധ്യക്ഷതയിൽ ചേർന്ന കേരളസമ്മേളനം ഇതിന് ആക്കം കൂട്ടി. കൊച്ചി മഹാരാജാവും ഈ സമ്മേളനത്തിൽ പങ്കെടുത്തു. 1949 ജൂലൈ 1ന് തിരുവിതാംകൂറിനെയും, കൊച്ചിയെയും സംയോജിപ്പിച്ച് തിരു-കൊച്ചി

സംസ്ഥാനം രൂപീകരിച്ചു. ഇന്ത്യയുടെ ഇതര ഭാഗങ്ങളിൽ ഭാഷാടിസ്ഥാനത്തിലുള്ള സംസ്ഥാന രൂപീകരണത്തിനുള്ള പ്രക്ഷോഭങ്ങൾ ഉയർന്നതിന്റെ ഫലമായി, മലയാളിയായ സർദാർ K. M. പണിക്കരും അംഗമായ സംസ്ഥാന പുന:സംഘടനാ കമ്മീഷനെ കേന്ദ്രസർക്കാർ നിയോഗിക്കുകയും, കമ്മീഷൻ ഐക്യ കേരളത്തിന് ശുപാർശ ചെയ്യുകയും ചെയ്തു. ശുപാർശപ്രകാരം ഇന്നത്തെ കന്യാകുമാരി ജില്ലയായ തെക്കൻ തിരുവതാംകൂർ തമിഴ്നാടിനു വിട്ടുകൊടുക്കുകയും, തെക്കൻ കാനറയിലെ കാസർകോഡ് പ്രദേശം മുഴുവൻ മലബാർ ജില്ലയോടൊപ്പം തിരു-കൊച്ചി സംസ്ഥാനത്തോട് സംയോജിപ്പിച്ചു. അങ്ങനെ 1956 നവംബർ 1ന് കേരളസംസ്ഥാനം രൂപീകൃതമായി. ഹിമാലയമെന്ന വിശാലതന്നിൽ നിന്നും ദൈവത്തിന്റെ സ്വന്തം നാടെന്ന വിശാലതന്നിലേയ്ക്കുള്ള കേരളത്തിന്റെ വളർച്ച അസൂയാവഹം തന്നെയാണ്.

മഹാകവി വള്ളത്തോൾ മാതൃഭൂമിയായ മലയാളത്തെ വന്ദിച്ചെഴുതിയ ഉദ്ധരകളുണ്ട്...


നന്നങ്ങാടി

"പച്ചയാം വിരിപ്പിട്ട സഹ്യനിൽ തലവെച്ചും
സ്വച്ഛാബ്ധി മണൽത്തിട്ടാം പാദോപധാനം
പൂണ്ടും."

ചേരരാജഭരണവും, പച്ചവിരിപ്പിട്ട സഹ്യനും, മണൽത്തിട്ടകളും കൂടി ചേർന്ന 'ചേറും' അഥവാ ചതുപ്പുനിലമാണ് ചേരളമെന്നും, ചേരളം പിന്നെ കേരളമായെന്നും, മലയും ആഴിയും ചേർന്ന ഇടമായ മലയാഴം മലയാളമായെന്നുമുള്ള നിരവധി വാദഗതികളുണ്ടെങ്കിലും ഇതെല്ലാം തന്നെ കേരളീയരുടെ ഭാഗധേയങ്ങളെ കൃത്യമായി സ്വാധീനിച്ചവ തന്നെയാണ്.

ഉഷ്ണശാരീരമായ കേരളത്തിന്റെ ഭൂപ്രകൃതി നോക്കിയാൽ കേരളത്തിന്റെ കിഴക്കൻ മലനിരകൾ പശ്ചിമഘട്ടമാണ്. പാലക്കാടൻ ചുരം ഇതിനെ രണ്ടായിത്തിരിക്കുന്നു. വടക്കൻ മലനിരകൾ നീലഗിരിയെന്നും തെക്കുഭാഗത്തിനെ ആനമലയെന്നും പറയുന്നു. കേരളത്തിന്റെ ഭൂതലം മൂന്നു വിഭാഗമായി കാണാം, കുന്നു, മലനാട്, ഇടനാട്, തീരപ്രദേശം എന്നിങ്ങനെ. കേരളത്തിന്റെ ഭൂപ്രകൃതി

കാലാവസ്ഥയെ കാര്യമായി ബാധിക്കുന്നുണ്ട്. ഒരു വർഷത്തെ 6 ഋതുക്കളായി വിഭജിച്ചാണ് കേരളത്തിന്റെ വാർഷിക ചക്രവിഭജനം നടത്തിയിരിക്കുന്നത്. വ്യത്യസ്തമായ 2 മഴക്കാലം കേരളത്തിലുണ്ട്. കാലവർഷവും തുലാവർഷവും. തെക്കു പടിഞ്ഞാറൻ മൺസൂൺ കാറ്റുകളാണ് കേരളത്തിന് കാലവർഷവും, തുലാവർഷവും സംഭാവന ചെയ്യുന്നത്.

മണ്ണിന്റെ രൂപീകരണത്തെ സ്വാധീനിക്കുന്ന വ്യത്യസ്ത ഭൂപ്രകൃതി, കാലാവസ്ഥ എന്നിവ അനുഭവപ്പെടുന്നതിനാൽ 7 തരം മണ്ണുകൾ കേരളത്തിൽ കാണാൻ സാധിക്കുന്നുണ്ട്. ചെങ്കൽമണ്ണ്, ചെമ്മണ്ണ്, വനമണ്ണ്, എക്കൽ മണ്ണ്, പീറ്റ്മണ്ണ്, കറുത്ത പരുത്തി മണ്ണ്, മണൽ മണ്ണ് എന്നിങ്ങനെ. ചെങ്കൽമണ്ണാണ് അഥവാ ലാറ്ററൈറ്റ് മണ്ണാണ് കേരളത്തിൽ അധിക ഭാഗങ്ങളിലും കാണപ്പെടുന്നത്.

വടക്കേ ഇന്ത്യയിൽ നദികളെല്ലാം ഹിമാലയത്തിലെ മഞ്ഞുരുകി ഉത്ഭവസ്ഥാനമായിട്ടുള്ളതു പോലെ കേരളത്തിലെ 44 നദികളുടെ ജല ഉറവിടം വർഷപാതമാണ്. കടലിനു സമാന്തരമായി നീണ്ടു കിടക്കുന്ന കായലുകൾ കേരളത്തിന്റെ ഭൂപ്രകൃതി സവിശേഷതയാണ്. ഉൾനാടൻ മത്സ്യസമ്പത്തിന്റെ കലവറകളാണ് ഈ കായലുകൾ.

590 km നീളത്തിൽ പരന്നു കിടക്കുന്നതാണ് കേരളത്തിന്റെ കടൽത്തീരം. 360 km വരെയുള്ള കടൽ പ്രദേശം വിഭവ ചൂഷണത്തിനായി കേരളത്തിന് അവകാശപ്പെട്ടിരിക്കുന്നു. കോടിക്കണക്കിന് വർഷങ്ങളുടെ പരിണാമഫലമായി രൂപപ്പെട്ട സസ്യജന്തു ഇനങ്ങൾ കേരളത്തിൽ പൈതൃകമായി തന്നെയുണ്ട്. 10,800 ച. k.m വനങ്ങൾ അക്ഷയ ഖനിയായി കേരളത്തിലുണ്ട്. ടൂറിസത്തിന്റെ കാര്യത്തിലും കേരളം പുറകിലല്ല. ദൈവത്തിന്റെ സ്വന്തം നാടെന്ന വിശേഷണത്തിന് യോഗ്യത കേരളം, ആ വിശേഷണത്തിന് തികച്ചും അർഹതയുള്ളതാണെന്ന് മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങളെ വച്ചു നോക്കുമ്പോൾ നമുക്ക് മനസ്സിലാകും.

ഭാരതമെന്നു പേർ കേട്ടാലഭിമാന പൂരിതമാകണം
അന്തരംഗം
കേരളമെന്നു പേർ കേട്ടാലോ തിളയ്ക്കണം
ചോര നമുക്ക് ഞരമ്പുകളിൽ

വർഗീയതയുടെയും, അരക്ഷിതാവസ്ഥ
കളും, മതമൗലിക വാദത്തിന്റെയും,

അതിർത്തി പ്രധാനവും ഘടകമാണ്
ഞങ്ങളെ ജിടത്വാങ്ങളിൽ കേരളത്തിലെ ഇന്ന
ഉള്ളതായി. ഒരൊറ്റ രക്തമായ് നിൽക്കുമ്പോൾ
മലയാളവും, സംസ്കാരം എന്നിവയും ജീവിതങ്ങൾ
വികാസങ്ങളിൽ കേരളത്തിലെ ഓരോ പൗരന്റെയും
അഭിമാനത്താൽ ഞങ്ങൾ കേരളക്കാരെന്ന് നെഞ്ചു
വിരിച്ചുകൊണ്ട്, ഉയർത്തി പറയുന്നു. കേരളപ്പിറവി
ക്ക് 60 വയസ്സു തികയുമ്പോൾ നാമെല്ലാം ഒന്ന്,
നമ്മളെല്ലാം ഒരേ രക്തം, നമ്മളെല്ലാം ഒരേ
വികാരം എന്നു പറയാൻ ഓരോ കേരള
മനസ്സും പ്രബുദ്ധമാണ്.

കടപ്പാട്: ഇ. എം. എസിന്റെ
കേരളം മലയാളികളുടെ മാതൃഭൂമി.

കടപ്പാട്: ഡോ. തോമസ് ഐസക്കിന്റെ

കേരളം ഒരു മനുഷ്യനാം.



with P.P.
Abhishek.

നിഷ

മഹാദേവ
രൂപത്തിന്റെ
ജീവിത
സൂചികകൾ



പരിജട.

മനസ്സിനെയും ശരീരത്തേയും അന്തസത്തയേയും ഏകോപിപ്പിച്ച് ധ്യാനത്തെ ഏകാഗ്രമാക്കി പ്രതിരോധശേഷിയെ ജ്വലിപ്പിച്ച് സ്വമേധയാ ശാന്തതയും ആരോഗ്യവും പ്രദാനം ചെയ്യുന്ന
പരിജട.

ലലാടനേത്രം

പ്രശ്നങ്ങളുടെ അപാരതയിലേക്ക് ദർശനത്തെ നയിച്ച് അസാധ്യമായതിനെ വശത്താക്കുന്ന
ലലാടനേത്രം

## ചുടലഭസ്മം



സമർപ്പണബോധവും അതിന്റെ ഉന്മാദാവസ്ഥയും തിരിച്ചറിയാനാവാതെ നാശത്തിലേക്കുള്ള പതനത്തിൽ നിന്നു രക്ഷിക്കാൻ നശ്വരതയെ ഓർമ്മിപ്പിക്കാനായി ദേഹമാസകലം പൂശിയ ചുടലഭസ്മം

## നീലകണ്ഠം.

ക്രോധത്തെ നാശോന്മുഖമായി പുറത്തു കാണിക്കാതെ സംയമനം പാലിക്കാനോർമ്മിപ്പിക്കുന്ന നീലകണ്ഠം


## ധ്യാനമുദ്ര.

തീവ്ര ജീവിതയുദ്ധങ്ങളെ അതിജീവിച്ച് പ്രശ്നങ്ങൾ സരളമായി തീർക്കുവാൻ സഹായിക്കുന്ന ധ്യാനമുദ്ര.

## സർപ്പഹാരം

വിദ്യാ അഹം ബോധത്തെ ഒഴിവാക്കി മാനസികമായും ശാരീരികമായും സ്വാതന്ത്ര്യം വിളംബരം ചെയ്യുന്ന 'സർപ്പഹാരം'

## ത്രിശൂലം



മനസ്സിനെയും ബുദ്ധിയെയും അഹന്തയേയും നിയന്ത്രിച്ച് ആത്മ നിയന്ത്രണം വിടാതെ ഉത്തരോത്തരം നന്നായി പ്രവർത്തിക്കുവാൻ പ്രേരിപ്പിക്കുന്ന ത്രിശൂലം.

## കടും തുടി

അംഗങ്ങളെ തടഞ്ഞു നിർത്തി ശരീരം സംശുദ്ധവും ആരോഗ്യവുമാക്കാൻ പ്രേരിപ്പിക്കുന്ന കടും തുടി.

## കമണ്ഡലു.

സകല തിന്മകളേയും പ്രതിലോമചിന്തകളേയും ഒഴിവാക്കി നന്മ മാത്രം നിലനിർത്താൻ വഴി കാണിക്കുന്ന കമണ്ഡലു

## ഗംഗാ പ്രവാഹം

അജ്ഞാനത്തെ ഒഴിവാക്കി പുതിയ അന്വേഷണങ്ങൾ നടത്തി പുതുസംരംഭങ്ങളിലേർപ്പെടാൻ പ്രേരിപ്പിക്കുന്ന ഗംഗാ പ്രവാഹം.

# MOON

Manjukrishnakumar

The moon hasn't come out yet
Earth is still yet wet
Trees are whispering with the wandering clouds
All of a sudden, the moon has come out.
Like a silver flame from the blanket
of clouds
Everywhere was moonlit, everything was bright.

To see the scene of darkness
the street bulbs brightened their eyes
I could see the dark out line of a tree
The path to the hill and the path to the river
Lined with trees which seemed to shiver
Soon will be arriving the proud dawn
Behind the mountains and
Beneath the Oceans.


FINE MOTOR ACTIVITY
with support
Ashik

# ഒരു സൂര്യൻ ഒരു ഭൂമി ഒരു വായു മനുഷ്യര്

ജ്യോതി ഷംഷർ

ഈ പ്രപഞ്ചത്തിൽ മനുഷ്യന് വസിക്കാൻ പറ്റിയ ഗ്രഹം ഭൂമിയാണ്. ഭൂമിയിലെ സകല ചരാചരങ്ങൾക്കും ചൂടും വെളിച്ചവും നൽകുന്നത് ഒരു സൂര്യനാണ്. ഭൂമിയിലെ സകലജീവികളും ശ്വസിക്കുന്നത് ഒരേ വായുവാണ്. ജീവൻ നിലനിർത്താനുള്ള അടിസ്ഥാനഘടകമായ ഇവ എല്ലാവർക്കും ഒരു പോലെ തന്നെ. ഇവ ഉപയോഗിക്കുന്നതിൽ വിവിധ മതക്കാരും, വർഗക്കാരും മൃഗങ്ങളും, സസ്യങ്ങളും ജീവികളും തമ്മിൽ ഒരു വ്യത്യാസവുമില്ല.

ഇന്ന് ലോകത്തിലെ മനുഷ്യർക്ക് ഭീഷണിയായി വന്നിരിക്കുന്ന ഒന്നാണ് മതതീവ്രവാദം. ഓരോ ദിവസവും ഓരോ പുതിയ മതതീവ്രവാദികൾ ഉണ്ടാകുന്നു. ഇതിന്റെ പേരിൽ ലോകത്തിൽ നിരപരാധികളായ സാധാരണ മനുഷ്യർ കൊല്ലപ്പെടുന്നു. മനുഷ്യരുടെ സന്തോഷത്തിനും ആത്മീയസൗഖ്യത്തിനും വേണ്ടി സമാധാനത്തിനും പറയുന്ന മതങ്ങൾ തന്നെ സ്ഥാപിച്ചുവെന്നു മനുഷ്യന് ഭീഷണിയായിരിക്കുകയാണ് ഇപ്പോൾ.

ഒരു കുട്ടി ജനിക്കുമ്പോൾ അവന്/ അവൾക്ക് മതം, വർഗം, വർണ്ണം എന്നിവയെപ്പറ്റി ഒന്നും അറിയുന്നില്ല. ചെറുപ്രായത്തിൽ അവൻ സമപ്രായക്കാരായ കുട്ടികളുടെ കൂടെ കളിക്കുമ്പോൾ അവർക്ക് കളിക്കാനായി കൂട്ടുകാരെ കിട്ടി എന്നു മാത്രം ചിന്തിച്ചു

അവരുടെ കളികളിലേർപ്പെടുന്നു. പക്ഷേ ഈ കുട്ടികൾ തന്നെ മുതിരുമ്പോൾ മതം, ജാതി, വർഗ്ഗം, വർണ്ണം എന്നിവയുടെ നൂലാമാലകളിൽപ്പെട്ട് വേർതിരിക്കപ്പെടുന്നു. ഇവരെ ഇങ്ങനെ മന:പൂർവ്വം അകറ്റുന്നവരെയല്ലേ നാം ഒറ്റപ്പെടുത്തേണ്ടത്?

മനുഷ്യരുടെ സ്വാർത്ഥത മാത്രമാണ് എല്ലാ നാശങ്ങൾക്കും കാരണം. ഈ ഭൂമിയിലുള്ളതെല്ലാം ഈശ്വരസൃഷ്ടികളാണെങ്കിൽ എന്തിന് ചില ജീവികൾക്കുമാത്രം മേന്മ കല്പിക്കുന്നു. മറ്റു ചില ജീവികൾക്ക് നീചത്വവും. ചില പ്രത്യേക വിഭാഗക്കാർ ചില മൃഗങ്ങളെ നികൃഷ്ടത കല്പിച്ച് അവയെ ഭക്ഷിക്കുന്നില്ല. എന്നാൽ മറ്റു ചില വിഭാഗക്കാർ അവ ഭക്ഷിക്കുന്നു. അവർക്ക് ഒന്നും സംഭവിക്കുന്നില്ല. ചില വിഭാഗക്കാരാവട്ടെ ചില മൃഗങ്ങൾക്ക് സവിശേഷത കല്പിച്ച് അവയെ ഭക്ഷിക്കുന്നില്ല. എന്നാൽ ഇവയെ ഭക്ഷിക്കുന്ന മറ്റുള്ളവർക്ക് യാതൊന്നും സംഭവിക്കുന്നില്ല. മൃഗങ്ങൾ എല്ലാം ദ്വേഷ്യവും മൃഗങ്ങളല്ലേ? ഈ വിഭാഗങ്ങളിലെല്ലാം ജനനവും മരണവും സംഭവിക്കുന്നു.

പ്രകൃതി ദുരന്തങ്ങൾ ഉണ്ടാകുമ്പോൾ യാതനകൾ അനുഭവിക്കുന്നത് ഒരു പ്രത്യേക മത വിഭാഗമോ, വർഗ്ഗമോ മാത്രമല്ല. ഭൂകമ്പങ്ങളും, സുനാമികളും, വെള്ളപ്പൊക്കവും ഉണ്ടാകുമ്പോൾ നമുക്കത് അനുഭവമുള്ളതാണ്. എങ്കിലും മതതീവ്രവാദികളോ മതപുരോഹിതന്മാരോ അവരുടെ വിഭാഗത്തിൽപ്പെട്ട ആളുകളോട് ഒരു പ്രത്യേക സൂര്യന്റെ വെളിച്ചം മാത്രം ഉപയോഗിച്ചാൽ മതിയെന്നോ ഒരു പ്രത്യേക വായു മാത്രം ശ്വസിച്ചാൽ മതിയെന്നോ പറയുന്നുണ്ടോ?

അത് അസാധ്യമാണെന്ന് അവർക്കറിയാം. അതുപോലെ തന്നെയാണ് മനുഷ്യന്റെ കാര്യവും. എല്ലാവർക്കും സാഹോദര്യത്തോടെ വസിക്കുവാൻ സാധിക്കും. എന്നാൽ തീവ്രവാദികൾക്ക് ഭീകരാന്തരീക്ഷവും തീരാവേദനകളും നൽകുവാൻ മാത്രമേ സാധിക്കൂ.

അങ്ങനെ ഒരു സൂര്യനെ, ഒരു ഭൂമിയെ ഒരു വായുവിനെ ആശ്രയിക്കുന്ന മനുഷ്യനിൽ ആരാണ് ശ്രേഷ്ഠൻ ആരാണ് നീചൻ ഇവയെ ഒരുപോലെ ആശ്രയിക്കുന്ന എല്ലാവരും ഉണ്ണുകൊണ്ട് മറന്നുപോകുന്നു. നാമെല്ലാവരും മനുഷ്യരാണെന്ന്.

മദ്യം വിഷമാണ്

മദ്യപാനം ആരോഗ്യത്തിന്
ഹാനികരം



With P.P

Asbiq

# ഒരു തുള്ളി മദ്യം - ആയിരം തുള്ളി കണ്ണുനീർ

സ്നേഹ ബേബി

ഇന്ന് നമ്മുടെയെല്ലാം വീടുകളിൽ മദ്യം വിശേഷാവസരങ്ങളിൽ ഒഴിച്ചു കൂടാനാവാത്ത ഒന്നാണ്. ഈസ്റ്ററിനും ക്രിസ്തുമസിനും ഓണത്തിനുമെല്ലാം മദ്യം നമ്മുടെ വീട്ടിൽ വിരുന്നെത്തും. 'മദ്യം ആരോഗ്യത്തിന് ഹാനികരം' എന്ന് മദ്യക്കുപ്പികളിൽ പോലും എഴുതി വച്ചിട്ടുണ്ട്.

വിദ്യാഭ്യാസ രംഗത്ത് ഏറ്റവും ഉയർന്ന് നിൽക്കുന്നത് നമ്മുടെ കേരളം തന്നെ. മദ്യം ഉപയോഗിക്കുന്നതിലും നമ്മൾ തന്നെ ആദ്യം. പണ്ടത്തെ കാലമല്ല ഇപ്പോൾ. ഇന്ന് യുവാക്കളാണ് ഏറ്റവും കൂടുതൽ മദ്യപിക്കുന്നതെന്ന് പഠനങ്ങൾ രേഖപ്പെടുത്തുന്നു. സന്തോഷം വന്നാലും സങ്കടം വന്നാലും മദ്യം കഴിച്ചില്ലെങ്കിൽ അച്ഛന്മാർക്ക് കൈയ്യും കാലും വിറയ്ക്കും. അപ്പോൾ പിന്നെ മക്കളുടെ കാര്യം പ്രത്യേകിച്ച് പറയേണ്ട ആവശ്യമില്ല. മുതിർന്നവരെ കണ്ടു കൊണ്ടാണല്ലോ മക്കൾ പഠിക്കുക.

അത് സ്വഭാവത്തിന്റെ കാര്യത്തിലായാലും അങ്ങനെ തന്നെ.

ഇന്ന് യുവാക്കൾ മദ്യപിക്കുന്നതിന് പ്രധാന കാരണം ചീത്ത കൂട്ടുകെട്ടാണ് അതിൽ യാതൊരു സംശയവുമില്ല. രുചി അറിയാൻ വേണ്ടി മാത്രം ഒന്ന് തൊട്ടു നോക്കും. ആദ്യം വീഞ്ഞിൽ തുടങ്ങി അതിൽ നിന്നും വളർന്ന് മദ്യക്കുപ്പികളുടെ നിരയിലേക്ക് മനുഷ്യനെ മദ്യം തന്നിലേക്ക് അടുപ്പിക്കുന്നു. ഒരു ഗ്ലാസ്സിൽ തുടങ്ങി ഓരോ കുപ്പിയിലേക്ക് മദ്യത്തിന്റെ വളർച്ച കൂടുന്നു. മദ്യത്തിന്റെ കെണി അറിയാതെ മനുഷ്യൻ അതിന്റെ പിന്നാലെയും.

സ്വന്തം മക്കൾ വഴിതെറ്റി പോകുന്നത് മാതാപിതാക്കൾ അറിയുന്നില്ല. മാതാപിതാക്കൾക്ക് അറിയില്ല അവരുടെ മക്കൾ മദ്യപാനികളാണെന്ന് കാരണം മാതാപിതാക്കളെ ഒളിച്ചാണ് യുവതലമുറയുടെ മദ്യപാനം. പാർട്ടികളിലും കൂട്ടുകാരുമൊത്തുള്ള സാഹചര്യങ്ങളിലുമാണ് ഇവർ മദ്യപിക്കുന്നത് പലരും ഇങ്ങനെയുള്ള കൂട്ടുകെട്ടിൽ പെട്ടുപോവുകയാണ്.

മദ്യപിക്കുന്നവൻ താൻ എന്താണ് ചെയ്യുന്നതെന്നും താൻ ഒരു വലിയ

കെണിയിലകപ്പെട്ടിരിക്കുകയാണെന്നും അറിയുന്നില്ല. അനുഭവിക്കുന്നത് അവരുടെ കുടുംബാംഗങ്ങളാണ്. സ്വന്തം മാതാപിതാക്കളുടെ വേദന അവർ തിരിച്ചറിയുന്നില്ല. മദ്യം വിഷമാണെന്ന് എത്രയോ തവണ ആവർത്തിച്ചു പറയുന്നു. ഇത് എന്തുകൊണ്ടാണ് എന്ന് ആരെങ്കിലും ചിന്തിച്ചിട്ടുണ്ടോ?

അച്ഛൻ ഒന്നു വഴക്കു പറഞ്ഞാൽ നേരെ പോകുന്നത് ഒരു മദ്യവില്പനശാലയിലേക്ക്. അമ്മയൊന്ന് തല്ലിയാൽ അപ്പോൾ തന്നെ ആത്മഹത്യ ഭീഷണി മുഴക്കുന്ന യുവതലമുറ. ഇതെല്ലാം നയിക്കുന്നതോ ജീവിതനാശത്തിലേക്കും പീഡനങ്ങളിലേക്കും.

സിനിമയിൽ നായകന്മാർ എന്താണോ ചെയ്യുന്നത് അത് അതേപടി അനുകരിക്കാൻ ശ്രമിക്കുന്ന ഒരു തലമുറയുണ്ട് ഇന്ന്. നായകന്മാർ എങ്ങനെയാണോ മദ്യപിക്കുന്നത് അതുപോലെ മദ്യപിക്കാൻ വേണ്ടി മാത്രം മദ്യപിക്കുന്നവരുണ്ട് ഇന്ന്. അങ്ങനെ നോക്കുകയാണെങ്കിൽ സിനിമയും യുവാക്കളിൽ ഒട്ടും ചെറുതല്ലാത്ത തോതിൽ സ്വാധീനം ചെലുത്തുണ്ട്.

കട്ടൻ ചായയാണെന്ന് പറഞ്ഞ് മദ്യം വെള്ളം-കുപ്പികളിൽ കൊണ്ടുവരുന്നവർ നമുക്ക്


അപരിചിതരല്ല പത്ത് വയസ്സുള്ള കുട്ടികൾ വരെ മദ്യപിക്കുന്നു എന്ന് പഠനങ്ങൾ സൂചിപ്പിക്കുന്നത് ഇവരെ നോക്കി നിങ്ങൾ എന്തുകൊണ്ട് ഇങ്ങനെയായി? എന്നെല്ലാമോ ഒന്നും തന്നെ പറയുവാനോ ചോദിക്കുവാനോ തോന്നുന്നില്ല. മദ്യപാനം സ്വന്തം ആരോഗ്യത്തെ മാത്രമല്ല ആത്മീയ വളർച്ചയെ കൂടിയാണ് ബാധിക്കുന്നതെന്ന് ഓർക്കണം. ഈശ്വരന്മാരിൽ നിന്നും സ്വന്തം മാതാപിതാക്കളിൽ നിന്നും സഹോദരങ്ങളിൽ നിന്നും മക്കളിൽ നിന്നു-മെല്ലാം ദൂരെ ദൂരെ അകന്നു പോകുന്നു. പലരിൽ നിന്നും വെറുപ്പുകൾ സമ്പാദിക്കുന്നു. തീർച്ചയായും ചീത്ത കൂട്ടുകെട്ട് തന്നെ പ്രധാന കാരണം അത് ഒഴിവാക്കിയാൽ ഒരുപരിധിവരെ രക്ഷപ്പെടുവാൻ കഴിയും.

നിങ്ങൾ ലോകത്തിൽ കാണാനാഗ്രഹിക്കുന്ന മാറ്റം ആദ്യം നിങ്ങളാവുക. ഈശ്വരന്മാരുടെ പാതയിൽ നിന്നും കാലിടറാതെ സൂക്ഷിക്കുക. ഒരു തുള്ളി മദ്യം ആയിരം തുള്ളി കണ്ണുനീരിനു കാരണമാകും. ആ വില ഈശ്വരൻ നിന്നോട് തിരിച്ച് ചോദിച്ചാൽ അത് നിനക്ക് താങ്ങാവുന്നതിലപ്പുറമായിരിക്കും നിന്റെ ജീവിതം കൊണ്ട് വീട്ടാവുന്നതിനപ്പുറം.

# ഗാന്ധിജി

## ഭൂഖണ്ഡങ്ങളെ സ്വാധീനിച്ച മഹാനായ വ്യക്തി

ജാസ്മിൻ അൻവർ.







ഇരുളടഞ്ഞ യുഗങ്ങൾക്കിടയിൽ അപൂർവ്വമായി ചില ദിവ്യജ്യോതി-സ്സുകൾ വന്നുദിക്കാറുണ്ട്. അവയുടെ പ്രകാശം അസ്തമിക്കാറില്ല. മേഘപാളികൾ കൊണ്ട് ഇടക്ക് മറഞ്ഞാലും പിന്നീട് തെളിഞ്ഞുകാണും. ഭൂമിയിലെ ജീവിതങ്ങളിലെല്ലാം ആ പ്രകാശം പ്രതിഫലിക്കും. ജീവിതങ്ങളുടെ ജൈവ കോശങ്ങളിൽ വികാസ പരിണാമങ്ങൾക്ക് പ്രേരക ശക്തിയായി അതു പ്രവർത്തിക്കും. അതിന്റെ ചൈതന്യം തലമുറകൾ കൈമാറും.

ലോകചരിത്രത്തിൽ മാറ്റം വരുത്തിയ മഹാ-പുരുഷന്മാരുടെ ജീവിതവും അതുപോലെയാണ്. അത്തരം ലോകാചാര്യന്മാരുടെ പരമ്പരയിൽ ഒരാൾ 20-ാം നൂറ്റാണ്ടിൽ ഇന്ത്യയിൽ ജീവിച്ചിരുന്നു. ഒറ്റമുണ്ട് മാത്രമുടുത്ത് നഗ്നപാദനായി, കയ്യിൽ ഊന്നുവടിയും പിടിച്ച് ഇന്ത്യയിലെ ഗ്രാമങ്ങളിൽ അദ്ദേഹം സഞ്ചരിച്ചു. അദ്ദേഹമാണ് ഇന്ത്യയുടെ രാഷ്ട്രപിതാവായ മഹാത്മാഗാന്ധി.

ജീവിതകാലത്ത് തന്നെ ഒരു ഇതിഹാസ പുരുഷന്റെ പരിവേഷത്തിലാണ് സാധാരണ ജനങ്ങൾ ഗാന്ധിജിയെ കണ്ടത്.



എല്ലാ ഭൂഖണ്ഡങ്ങളിലും അദ്ദേഹം അറിയപ്പെടുകയും ആദരിക്കപ്പെടുകയും ചെയ്തു. പ്രസിദ്ധ ശാസ്ത്രജ്ഞനായ ആൽബർട്ട് ഐൻസ്റ്റീൻ ഒരിക്കൽ പറഞ്ഞു, "ഇങ്ങനെയൊരു മഹാൻ രക്തവും മാംസവുമുള്ള മനുഷ്യനായി ഈ ഭൂമിയിൽ നടന്നിരുന്നുവെന്ന് വരും തലമുറ വിശ്വസിക്കുമോ എന്ന് സംശയമാണ്."

സാഹിത്യനായകനായ ബർണാഡ്ഷായും അത്ഭുതാദരങ്ങളോടെയാണ് ഗാന്ധിജിയെ പ്രകീർത്തിച്ചത്. സാമ്രാജ്യത്വ ശക്തികൾക്ക് അദ്ദേഹം അജയ്യനായ എതിരാളിയായിരുന്നു. അതുകൊണ്ടായിരിക്കാം ബ്രിട്ടീഷ് പ്രധാനമന്ത്രിയായിരുന്ന വിൻസ്റ്റൺ ചർച്ചിൽ ഗാന്ധിജിയെ "അർദ്ധനഗ്നനായ ഫക്കീർ" എന്ന് വിശേഷിപ്പിച്ചത്.

സൂര്യനസ്തമിക്കാത്ത സാമ്രാജ്യത്തിന്റെ ഉടമകൾ നിരായുധനായ ആ ഫക്കീറിന്റെ മുമ്പിൽ കീഴടങ്ങി, ഇന്ത്യയുടെ ഭരണം വിട്ടൊഴിഞ്ഞു പോയ കഥ ഇരുപതാം നൂറ്റാണ്ടിലെ പ്രധാനമായ ഒരു സംഭവമാണല്ലോ.




ഉപവാസം തികച്ചും ഒരാളുടെ വ്യക്തിപരമായ കാര്യമാണ്. എന്നാൽ ഗാന്ധിജി ഉപവസിച്ചപ്പോൾ അത് ഇന്ത്യക്കാരെയും ലോകത്തെയും കോളിളക്കമുണ്ടാക്കി. മഹാത്മാവായ ആ മനുഷ്യന്റെ ദുർബ്ബലമായ ശരീരത്തിൽ കുടികൊണ്ട ആത്മശക്തി ചരിത്രഗതിയിൽ തന്നെ മാറ്റം വരുത്തി.

പട്ടാളവും പടക്കോപ്പും വെടിക്കോപ്പുകളുമുള്ള സാമ്രാജ്യ ശക്തിയെ നിരായുധനായ ഒരു മനുഷ്യൻ എങ്ങിനെ പരാജയപ്പെടുത്തി? ലോകം അതിന് മുമ്പ് കേട്ടിട്ടില്ലാത്ത സത്യാഗ്രഹം എന്ന ഒരു സമര തന്ത്രത്തിലൂടെയാണ് അത് സാധിച്ചെടുത്തത്. സത്യത്തെ മുറുകെ പിടിക്കുക എന്നതാണ് സത്യാഗ്രഹമെന്ന പദത്തിനർത്ഥം. പ്രതിപക്ഷത്തെ പൂർണ്ണമായി സ്നേഹിക്കുകയും അവരുടെ തെറ്റുകളിൽ മാത്രം പ്രതിഷേധിക്കുകയും നന്മയിലേക്ക് അവരെ നയിക്കുകയും ചെയ്യുക എന്നതായിരുന്നു ഗാന്ധിയൻ രീതി.

മഹർഷിയുടെ മനസ്സും രാജ്യതന്ത്രജ്ഞന്റെ ബുദ്ധിയും, സേനാനായകന്റെ ധീരതയും ഒരു പ്രവാചകന്റെ ജീവിത വിശുദ്ധിയും ഒത്തിണങ്ങിയ ഗാന്ധിജിയുടെ ഓരോ വാക്കും രാജ്യങ്ങളുടെ അതിർത്തികൾക്കപ്പുറം മനുഷ്യവർഗത്തിന്റെ

ശോചനത്തിനുള്ള മാർഗ്ഗമാണ് തുറന്നിടുന്നത്.



സത്യത്തെ മുറുകെ പിടിക്കുക, സഹനവും പീഡാനുഭവവും സ്നേഹത്തിന്റെ ശക്തിയും കൊണ്ട് എതിരാളികളെ കീഴടക്കുക എന്ന സത്യഗ്രഹത്തിന്റെ ആദ്യപാഠം ഗാന്ധിജി പഠിച്ചത് ആഫ്രിക്കയിൽ വെച്ചാണ്. മാർട്ടിൻ ലൂഥർ കിങ്ങും നെൽസൺ മണ്ടേലയും എല്ലാം ഗാന്ധിജിയുടെ ആദർശത്തെയും മാർഗത്തെയും പിൻപറ്റിയവരാണ്.

1947 ആഗസ്റ്റ് 15 ഇന്ത്യയുടെ സ്വാതന്ത്ര്യദിനം. ഒരു പുതിയ യുഗത്തിന്റെ ഉദയം കുറിച്ച് പാർലമെന്റ് മന്ദിരത്തിലെ അശോക ഹാളിൽ വച്ച് നടന്ന അധികാര കൈമാറ്റ ചടങ്ങിൽ തന്റെ അസാന്നിദ്ധ്യം കൊണ്ടാണ് ഗാന്ധിജി ശ്രദ്ധ പിടിച്ചു പറ്റിയത്. അദ്ദേഹം ആ സമയത്ത് ബംഗാളിലെ നവഖാലിയിൽ അശരണരായി തീർന്ന ജനങ്ങളെ ആശ്വസിപ്പിച്ചു കൊണ്ട് ഗ്രാമങ്ങളിൽ സഞ്ചരിക്കുകയായിരുന്നു.

സത്യവും അഹിംസയുമായിരുന്നു ഗാന്ധിജിയുടെ ജീവിതത്തിന്റെ അടിസ്ഥാന ശിലകൾ. അദ്ദേഹത്തിന്റെ ജീവിതം ഒറ്റ വാക്കിൽ സംഗ്രഹിക്കണമെങ്കിൽ ഉചിതമായ പദം സത്യാന്വേഷണമാണ്.



1948 ജനുവരി 30

നാഥുറാം ഗോഡ്സെ എന്ന മതവെറിയന്റെ വെടിയുണ്ടയേറ്റ് ഗാന്ധിജി രക്തസാക്ഷിയായി. അന്ന് പ്രധാനമന്ത്രിയായിരുന്ന ജവഹർലാൽ നെഹ്റു ഇങ്ങനെ പറഞ്ഞു, "നമ്മുടെ ജീവിതത്തിൽ നിന്നും പ്രകാശം പൊലിഞ്ഞ് പോയിരിക്കുന്നു, ഇല്ല എനിക്ക് തെറ്റി ആ വെളിച്ചം അനശ്വരമാണ്. അത് നൂറ്റാണ്ടുകൾ നില നിൽക്കും."

ഗോഡ്സേയുടെ പിൻതുടർച്ചക്കാർ ഭരണം കയ്യാളുന്ന ഇന്ന് ഭാരതീയ പുരോഗതിയുടെ കൊടുമുടിയിൽ എത്തിയിട്ടും ഭീതിയുടെ നിഴലിലാണ് ആധുനിക മനുഷ്യന് ജീവിക്കാൻ സാധിക്കുന്നത്. നിർഭയരായി സ്വധർമ്മം അനുഷ്ഠിക്കാനാണ് ഗാന്ധിജി നമ്മെ പഠിപ്പിച്ചത്. ഭാരതത്തിന് മാത്രമല്ല, അടിമത്തവും മർദ്ദനവും അനുഭവിക്കുന്ന മനുഷ്യർ ലോകത്തിന്റെ ഏത് കോണിലായാലും പിന്തുടരാവുന്ന മോചനത്തിന്റെ മാർഗമാണ് ഗാന്ധിജി കാണിച്ചുതന്നത്.

ജീവിതത്തിന്റെ വിവിധ മേഖലകളിൽ ഗാന്ധിജിയുടെ മാതൃകാ ജീവിതം പകർത്തുവാൻ നമുക്കും സാധിക്കട്ടെ..........





With P.P

Devika . k

# FEAR IS OUR WORST ENEMY

M.SUDHA

One of the most negative impulses of an individual is fear. Infact fear is our worst enemy. It has been at the root of all failures and disappointments. That is why all our scriptures and Saints have exhorted us to be fearless. Strength is the quality of a brave mind, fear makes coward of a man. A nation composed of men whose lives are guided by fear is doomed. As a matter of fact, the structure of greatness has for its foundation nothing but fearless-ness on the part of great man. Those who are full of fear cannot make any progress in life. Fearless persons are assets of god and those who are full of fear, are his habilities. Righteousness and fearlessness go together. Fearlessness is the quality of the heart, mind and spirit which can be cultivated and practised. It then becomes a permanent posession of a person. affecting and guiding

his behaviour, enabling and uplifting him and those who come into contact with him. Such a person acquires strength which is spiritual in character and which never knows defeat.

## THE EFFECT OF FEAR.

All strength is drained off the moment an impulse of fear haunts us. Fear and weakness go together. Evil is very much associated with fear an evil person may have a temporary victory over the good. Permanent victory always goes to the righteous. Truth alone triumphs. Fear lowers the personality of an individual. A man with fear can never hold his head high. A nation is composed of individuals, hence fear lowers the nation. A man with fear can never acquire greatness, he can never contribute something distinctive to the Society and the nation and the world. Fear leaves a permanent unhealthy Cancerous mark on the Physiological and Psychological built-up of an individual.

Persons transmitts his trait of fear to his coming generations by heredity and his persistent contacts. It is rightly said that fear and freedom never exist together. Freedom is the quality of a fearless mind.

## CAUSES OF FEAR.

A child may inherit the tendency to fear from his parents. when it grows into an adult, the tendency persists. The environment in childhood is also one of the causes of fear. Lack of self-confidence is one of the most important causes of fear. Honest work provides the best defence against baseless fears. Another cause of fear is the habit of over thinking. It leads to the creation of imaginary fears, fear about things which do not exist. Over-thinking is the superfluous activity of a vacant mind, which can be cured by keeping mind engaged in useful work.

# HOW TO OVERCOME FEAR.

Fear is a negative quality of weak mind which should be overcome. The first requisite is the generation of sufficient self-confidence. The realization that God has gifted us with great physical, mental and spiritual powers will help in building up self-confidence. Psychologists have prescribed several techniques to overcome fear. Humility is another very important trait you have to develop. It eliminates all dross of negative emotions from one's Psychological life. If the fears haunt you. One of the effective ways to keep them away is to pose fearlessness, boldness and cheerfulness. There is a close relationship between thinking and action. Positive thinking is yet another way to overcome fear. The remedy for all ills. If you want to live a full life, theres is no alternative but to conquer fear.

# ലോകമനസ്സാക്ഷിക്കു മാപ്പില്ല!


ദിവ്യബിജു.



മാതാപിതാക്കളുടെ കൈവിട്ടുപോയി കടലിന്റെ ആഴങ്ങളിലാണ്ട് ഒഴുകി തീരത്തടിഞ്ഞ ഒരു സിറിയൻ അഭയാർത്ഥിക്കുരുന്ന്. അഭയാർത്ഥികളുടെ ദുരിതങ്ങൾക്കു നേരെ സർവ്വജനങ്ങളുടെയും മിഴികൾ തുറപ്പിച്ചു, ഈ ചിത്രം. ലക്ഷ്യത്തിലെത്തുമെന്ന പ്രതീക്ഷയില്ലാതെ തിങ്ങിനിറഞ്ഞ ബോട്ടുകളിൽ യാത്രതിരിച്ച് കടലിൽ ജീവനർപ്പിക്കേണ്ടി വരുന്ന ആയിരങ്ങൾക്ക് ഇവനൊരുദാഹരണം മാത്രം.


# വസ്ത്ര നിർമ്മാണ മേഖല


ജാസ്മിൻ അൻവർ.



# കുട്ടിക്കുപ്പായം





# കുട്ടിക്കുപ്പായം

| | |
|---|---|
| മുഴുവൻ നീളം | - 10 ഇഞ്ച് + 1½ ഇഞ്ച് (1½ ഇഞ്ച് താഴെ ഭാഗം മടക്കി തയ്ക്കാനും, ഷോൾഡറിൽ നാട യോജിപ്പിക്കാനും) |
| വണ്ണം (നെഞ്ചളവ്) | - 18 ഇഞ്ച് (ഇഞ്ചിന്റെ നാലിൽ ഒരു ഭാഗത്തോട് 1 ഇഞ്ച് കൂട്ടിവേണം തുണിയിൽ മാർക്ക് ചെയ്യാൻ) |
| കഴുത്തകലം | - 1½ ഇഞ്ച് |
| ഷോൾഡർ | - 2½ ഇഞ്ച് (കഴുത്തകലം മാർക്ക് ചെയ്തതിന് ശേഷം 2½ ഇഞ്ച് മാർക്ക് ചെയ്യുക) |
| കൈക്കുഴി (തോൾക്കുഴി) | - 3 ഇഞ്ച് |
| മുൻകഴുത്ത് നീളം | - 2 ഇഞ്ച് |
| ബാക്ക് കഴുത്ത് നീളം | - 2 ഇഞ്ച് |

**നാട**

| | |
|---|---|
| വീതി | - 1 ഇഞ്ച് |
| നീളം | - 7 ഇഞ്ച് |

തുണി നാലായി മടക്കി മേൽ പറഞ്ഞ ~~അ~~ രീതിയിൽ അളവുകൾ രേഖപ്പെടുത്തി കട്ട് ചെയ്യുക. കഴുത്തും, കൈക്കുഴിയും മടക്കി തയ്ക്കുക. ബോഡി തയ്ക്കുക, താഴെ ഭാഗം മടക്കി തയ്ക്കുക. നാടമടക്കി ~~തയ്~~ തയ്ച്ചതിനു ശേഷം ഷോൾഡറുമായി യോജിപ്പിക്കുക.

# ചില നുറുങ്ങുകൾ

## തയ്ക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ


- മെഷീൻ വൃത്തിയായി സൂക്ഷിക്കണം. പൊടി, ഈർപ്പം ഇവ പിടിക്കാതെ ശ്രദ്ധിക്കണം. മണ്ണെണ്ണ കൊണ്ട് മാസത്തിലൊരിക്കലെങ്കിലും തുടച്ച് അതിൽ എണ്ണയിടണം.
- തുണി വെക്കാതെ ഒരിക്കലും നൂലിട്ട് മെഷീൻ പ്രവർത്തിക്കരുത്. മാത്രമല്ല തയ്ക്കുന്ന സമയത്ത് വേഗത ഒരേ രീതിയിൽ ആയിരിക്കണം. ഉപയോഗം കഴിഞ്ഞാൽ പ്രസ്സർ ഫൂട്ടിനടിയിൽ തുണി വെച്ച് നീഡിൽ ബാർ താഴ്ത്തി വയ്ക്കണം.
- നൂൽ വലിക്കുമ്പോൾ സൂചി പൊട്ടിപ്പോകാനുള്ള സാധ്യത കൂടുതലാണ്. അതുകൊണ്ട് നൂലിന്റെ അറ്റം കത്രിക കൊണ്ട് വേണം വെട്ടുവാൻ.
- ഒരിക്കലും കുറഞ്ഞ വെളിച്ചത്തിൽ തയ്ക്കാൻ പാടില്ല.
- തയ്യൽ മെഷീനിൽ കൂടുതൽ മുറുക്കമോ അയവോ ഉണ്ടാവരുത്.
- തയ്ക്കുന്ന സമയത്ത് നൂൽ ശരിയായി കോർക്കാൻ ശ്രദ്ധിക്കണം.
- തയ്ച്ചു കൊണ്ടിരിക്കുമ്പോൾ ബാലൻസ് വീൽ പെട്ടെന്ന് പിന്നിലേക്ക് തിരിഞ്ഞാൽ സൂചി ഒടിഞ്ഞെന്ന് വരാം.
- തയ്ക്കുന്ന സമയത്ത് തുണി കൈകൊണ്ട് വലിക്കരുത്.
- ശരിയായ നമ്പറിലുള്ള സൂചിയായിരിക്കണം ഉപയോഗിക്കേണ്ടത്.
- തുണിയിലെ കട്ടി കൂടിയ ഭാഗങ്ങളിൽ സാവധാനത്തിൽ മാത്രമേ തയ്ക്കാവൂ.

# Hand Embroidary

സൂചിയും പല നിറങ്ങളിലുള്ള നൂലും ഉപയോഗിച്ച് ചെയ്യുന്ന വർക്കിനെയാണ് കൈ തുന്നലുകൾ എന്ന് പറയുന്നത്. ഇതിൽ 100ൽ കൂടുതൽ കൈ തുന്നലുകൾ ഉണ്ട്. പല വിധത്തിലുള്ള തുന്നലുകൾ ഉപയോഗിച്ച് നമുക്ക് വസ്ത്രങ്ങളിൽ നല്ലൊരു ഡിസൈൻ ഉണ്ടാക്കാം. അവയിൽ ചിലത് നമുക്കിവിടെ പരിചയപ്പെടാം.


## 1. Running Stietch. (റണ്ണിംഗ് സ്റ്റിച്ച്)

തുന്നുമ്പോൾ തുണി നീങ്ങി പോകാതിരിക്കാൻ ഈ സ്റ്റിച്ച് ഉപയോഗിക്കുന്നു. ഈ സ്റ്റിച്ച് ഉപയോഗിച്ചാണ് കാന്താ വർക്ക് ചെയ്യുന്നത്. ഈ തയ്യലിന് നൂലോടിക്കൽ എന്നും കൂടി പറയുന്നു.




## 2. Stem Stitch. (സ്റ്റം സ്റ്റിച്ച്)

ഇടത്തുനിന്ന് വലത്തോട്ടാണ് തയ്ക്കേണ്ടത്. ആദ്യം എടുത്ത സ്റ്റിച്ചിന് അൽപം മാറി സൂചി കുത്തി സ്റ്റിച്ചിനോട് തൊട്ട് ഇറക്കി വലിക്കുമ്പോൾ തുടർച്ചയായ രേഖ കിട്ടും. ഇടത്തുനിന്ന് വലത്തോട്ട് അല്പം ചെരിഞ്ഞ് വേണം തയ്ക്കാൻ. സാധാരണ തണ്ടുകൾ തയ്ക്കാനാണ് ഈ സ്റ്റിച്ച് ഉപയോഗിക്കുന്നത്.



## 3. Back Stitch. (ബാക്ക് സ്റ്റിച്ച്)

കൈ തയ്യലുകൾ ഏറ്റവും ഉറപ്പ് കൂടിയ സ്റ്റിച്ചാണിത്. തുണിയുടെ അടിയിൽ കൂടി സൂചി കുത്തി എടുത്ത് അതിന്റെ പിറകിൽ നിന്നും മുന്നോട്ട് കുത്തുന്നു. ഇതിന്റെ നല്ല ഭാഗം മിഷിൻ തയ്യലിന്റെ പോലെയാകും. പിറകിൽ നിന്ന് മുന്നോട്ട് തയ്ക്കുന്നത് കൊണ്ടാണ് ഇതിനെ ബാക്ക് സ്റ്റിച്ച് എന്ന് പറയുന്നത്. ഈ സ്റ്റിച്ച് ഡിസൈൻ ഫില്ല് ചെയ്യാനും ഉപയോഗിക്കാം.




## 4. Chain stitch. (ചെയിൻ സ്റ്റിച്ച്)

വലത്തു നിന്ന് ഇടത്തോട്ട് തയ്ക്കുന്ന ആളിന് നേരെ തയ്യൽ വരത്തക്കരീതിയിലാണ് തയ്ക്കേണ്ടത്. ആദ്യം ഒരു ചെയിൻ പോലെ നൂൽ ചുറ്റിപ്പിടിച്ച് അതിനകത്തു കൂടി സൂചി ഇറക്കി കയറ്റുമ്പോൾ ആദ്യത്തെ ചെയിൻ കിട്ടും. നൂൽ വട്ടത്തിൽ ചുറ്റി-പ്പിടിച്ച് ആദ്യത്തെ ചെയിനിനകത്ത് കുത്തി നൂലിൻ മുകളിൽ കൂടി സൂചി കയറ്റി വലിക്കുമ്പോൾ തുടർന്നുള്ള ചെയിൻ കിട്ടും. ഈ ചെയിൻ പൂവ് തയ്ക്കാൻ ഉപയോഗിക്കാം.



## 5. Satin stitch. (സാറ്റിൻ സ്റ്റിച്ച്)

പൂക്കൾ തയ്ക്കുന്നതിന് കൂടുതലായും ഈ തയ്യൽ ഉപയോഗിക്കുന്നു. ഡിസൈനിന്റെ ഒരു വശത്തു നിന്നും സൂചി കുത്തി മറ്റേ വശത്ത് ഇറക്കി അധികം വലിക്കാതെ വീണ്ടും ഇതുപോലെ തന്നെ ചെയ്യുക. അടുത്തടുത്തായിട്ട് തയ്ക്കണം. ഇങ്ങനെ ചെയ്താൽ സാറ്റിൻ പോലെ (ഇടതൂർന്ന) ഡിസൈനിൽ തോന്നിക്കും. നൂൽ അധികം വലിക്കുകയോ അയക്കുകയോ ചെയ്യരുത്. ഇത് ഫില്ലിംഗ് തയ്യൽ വിഭാഗത്തിൽ പെടുന്നു.







with P.P.
Sudeep Biju.

ഒരു വാക്കു കൂടി....

"പ്രതീക്ഷയുടെ പൂത്തിരികളും....

പ്രണയത്തിന്റെ തേൻ മലരുകളും....

വിരഹത്തിന്റെ വേദനയും....

വിജ്ഞാനത്തിന്റെ സുഗന്ധവും....

കോർത്തിണക്കി ഞങ്ങളൊരു

ഹാരം നിങ്ങൾക്കു മുമ്പിൽ

സമർപ്പിക്കുന്നു!

ഈ വരികളിലൂടെ കടന്നുപോയ

വിശിഷ്ട വ്യക്തിത്വങ്ങൾക്ക്

ഹൃദയ ഭാഷയിൽ

നന്ദി."




By Parents & Students of RIPMR Special School

